കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പ്രസിദ്ധീകരിക്കുന്ന
കുട്ടികളുടെ മാസിക

# തളിര്

2023 ഫെബ്രുവരി
വില ₹25




# ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച പുതിയ പുസ്തകങ്ങൾ





1947 ആഗസ്റ്റ് 15 ന്റെ കഥ
**സന്ധ്യാ റാവു**
(വൈജ്ഞാനികം)
**തർജമ: ജി മോഹനകുമാരി**
വില ₹50




ദാണ്ഡിയാത്രയുടെ കഥ
**സന്ധ്യാ റാവു**
(വൈജ്ഞാനികം)
**തർജമ: ജി മോഹനകുമാരി**
വില ₹50



ടിപ്പുസുൽത്താന്റെ കഥ
**സന്ധ്യാ റാവു**
(വൈജ്ഞാനികം)
**തർജമ: മീനു ജോസ്**
വില ₹50




ഝാൻസി റാണിയുടെ കഥ
**സന്ധ്യാ റാവു**
(വൈജ്ഞാനികം)
**തർജമ: ആൻസി സിറിയക്**
വില ₹50




വി ടി നന്ദകുമാർ
(മുസിരിസ് ജീവചരിത്രപരമ്പര)
അതുൽ ജുബറ്റ്
വില ₹80




ഫേസ്ബുക്ക്
(ചിത്രപുസ്തകം)
സൈജ എസ്
വില ₹100



നമ്മുടെ ദേശീയപതാകയും ദേശീയഗാനവും
(വൈജ്ഞാനികം)
**നേശൻ ടി മാത്യു**
വില ₹90

## കൂടുതൽ പുസ്തകങ്ങൾക്ക്

**website : www.ksicl.org**

### കോപ്പികൾക്ക്

**കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, പാളയം, സംസ്കൃത കോളേജ് കാമ്പസ്, തിരുവനന്തപുരം 34, ഫോൺ** 0471-233 3790, e-mail : director@ksicl.org
**താഴെ കാണുന്ന അക്കൗണ്ട് നമ്പറിൽ പണം അടച്ചതിനു ശേഷം മൊബൈൽ നമ്പറിലേക്ക് രസീതും വിലാസവും വാട്സാപ്പ് മെസേജ് ചെയ്യുക.** MOB: 8547971483
ACCOUNT NUMBER : 67178297569. IFSC : SBIN0000941

## തളിര് മാസിക തപാലിൽ ലഭിക്കാൻ

**വാർഷികവരിസംഖ്യയായ 250 രൂപ**
**ബാങ്ക് ട്രാൻസ്ഫർ/മണിയോർഡർ/ഡിഡി ആയി അയയ്ക്കുക.**
**ACCOUNT NUMBER : 30583524448 | IFS Code : SBIN0004360**
**BANK: SBI - SPL PBB, THIRUVANANTHAPURAM**

ഓൺലൈൻ ട്രാൻസ്ഫർ മുഖേന വരിസംഖ്യ അടയ്ക്കുമ്പോൾ താമസം കൂടാതെ മാസിക ലഭിക്കുന്നതിന് ബാങ്ക് ട്രാൻസ്ഫർ വിവരങ്ങളും മാസിക ലഭിക്കേണ്ട പൂർണവിലാസവും (പിൻകോഡും മൊബൈൽനമ്പറും ഉൾപ്പെടെ) കാണിച്ച് ഇൻസ്റ്റിറ്റ്യൂട്ടിലേക്ക് ഒരു കത്ത്/ ഇമെയിൽ (thaliru@ksicl.org)അയയ്ക്കേണ്ടതാണ്. **8547971483** എന്ന നമ്പറിലേക്ക് വാട്സാപ്പ് ആയും രസീതും വിലാസവും അയയ്ക്കാവുന്നതാണ്.

പത്തു വയസ്സിനു മുകളിലുള്ള
കുട്ടികൾക്കായുള്ള
പ്രസിദ്ധീകരണം

ഫെബ്രുവരി 2023
വില ₹25
വാർഷികവരിസംഖ്യ ₹250

# തളിര്

## ഉള്ളടക്കം

### ഭൂമിയുടെ ഹൃദയമാണ് എന്റെ ഗ്രാമം 6

**പെരുമ്പടവം ശ്രീധരൻ**

ഭൂമിയുടെ ഹൃദയംപോലൊരു ഗ്രാമം. അങ്ങനെയാണ് പെരുമ്പടവം ശ്രീധരൻ തന്റെ ഗ്രാമത്തെക്കുറിച്ചു പറയുന്നത്. ഒരു സങ്കീർത്തനംപോലെ സ്വന്തം കുട്ടിക്കാലത്തെ അദ്ദേഹം ഓർത്തെടുക്കുന്നു.





### കോഴിയും ഭൂമിയും 12

**സച്ചിദാനന്ദൻ**

ഭൂമിയും മുട്ട പോലെന്നു കേൾക്കു,ന്നതിൽ
ആരാണടയിരിക്കുന്നൂ?
ചൂടു നമുക്കു പകരുന്ന സൂര്യനോ,
രാവിന്നിരുണ്ട കിളിയോ?

### ബഹിരാകാശത്തുപോയ ചിമ്പാൻസി 14

**ജൂലിയസ് മാനുവൽ**

ബഹിരാകാശത്ത് ആദ്യമായി പോയ ജീവി മനുഷ്യനല്ല. പഴയീച്ചകളും കുരങ്ങുകളും പൂച്ചകളും നായ്ക്കളും ഒക്കെ പോയി തിരിച്ചുവന്ന ശേഷമാണ് ആദ്യമായി ഒരു മനുഷ്യൻ ബഹിരാകാശത്ത് എത്തുന്നത്. ബഹിരാകാശത്തെത്തിയ മൃഗങ്ങളിൽ പ്രധാനിയാണ് ഹാം എന്ന ചിമ്പാൻസി.



ഹോർത്തൂസ് മലബാറിക്കൂസിലൂടെ..................5
ഡോ. ബി ഇക്ബാൽ
അറിയുവാൻ വൈകിയ ചൂട്........13
ഇ ജിനൻ
അമുദ് എന്ന പൂച്ച......................17
അഖിൽ എസ് മുരളീധരൻ
ആകാശത്തെ അതിഥി.............18
വി എസ് ശ്യാം
കടപയാദി...................................22
പള്ളിയറ ശ്രീധരൻ
കിളി.............................................23
ശ്രീജിത്ത് അരിയല്ലൂർ
വൺഡേ ട്രിപ്പ്................................24
പ്രിയംവദ മോഹൻദാസ്
മാതൃഭാഷാദിനത്തിന്റെ കഥ...... 26
മേരി അനീറ്റ
മഴക്കുട്ടി.......................................29
ശ്രീജ വിജയൻ
പക്ഷികളുടെ ഭാഷ.................. 30
പുനരാഖ്യാനം: ഇ പി പവിത്രൻ
ഒന്നെന്ന സത്യം..........................34
ബിനീഷ് പുതുപ്പണം
ചുണ്ടെലിചരിതം.......................35
അമൃത കേളകം
അസമത്വത്തിന്റെ സിദ്ധാന്തം...36
ഇ ഡി ഡേവിസ്
മൂന്ന് ചോദ്യങ്ങൾ......................38
ലിയോ ടോൾസ്റ്റോയ്
പുനരാഖ്യാനം: അനഘ സുധാകരൻ
ഇളംതളിര്...................................42
അമൃത കേളകം

ഇൻസ്റ്റിറ്റ്യൂട്ട് ചെയർമാൻ
**സജി ചെറിയാൻ**
(ബഹു. സാംസ്കാരിക വകുപ്പു മന്ത്രി)

സ്ഥാപക എഡിറ്റർ
**സുഗതകുമാരി**

എഡിറ്റർ
**പള്ളിയറ ശ്രീധരൻ**

പത്രാധിപസമിതി
**സി ആർ ദാസ്**
**സിപ്പി പള്ളിപ്പുറം**
**എം കെ മനോഹരൻ**
**ആലിന്തറ ജി കൃഷ്ണപിള്ള**
**ജാനമ്മ കുഞ്ഞുണ്ണി**

എക്സിക്യൂട്ടീവ് എഡിറ്റർ
**നവനീത് കൃഷ്ണൻ എസ്**
**അഞ്ജന സി ജി**
**സോബിൻകുമാർ കെ എസ്**

ഡിസൈൻ , ലേഔട്ട്
**നവനീത് കൃഷ്ണൻ എസ്**
**ഷീജ കെ ആർ**


കവർ
**ബോബി എം പ്രഭ**

ആർട്ട്
**അരുൺ ജി**

പ്രൊഡക്ഷൻ
**സുബിൻ കെ സുഭാഷ്**

**തളിര്**
കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പാളയം
തിരുവനന്തപുരം 695 034
**ഫോൺ**
0471-233 3790, 8547971483
e-mail : thaliru@ksicl.org,
director@ksicl.org

**കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരണം**
1970 മുതൽ പ്രസിദ്ധീകരിക്കുന്നത്
www.ksicl.org



വര: അരുൺ ഗോകുൽ

# ദേശീയ ശാസ്ത്രദിനം

ദേശീയ ശാസ്ത്രദിനമാണ് ഫെബ്രുവരി 28. ഇന്ത്യ കണ്ട മികച്ച ശാസ്ത്രജ്ഞനായ സി വി രാമൻ അദ്ദേഹത്തിന്റെ വിശ്വപ്രസിദ്ധമായ കണ്ടെത്തൽ ലോകത്തിനു മുൻപാകെ അവതരിപ്പിച്ച ദിനം. രാമൻ പ്രഭാവം എന്ന ആ കണ്ടെത്തലിന് നൊബേൽ സമ്മാനമാണ് അദ്ദേഹത്തെ തേടിയെത്തിയത്.

തമിഴ്നാട്ടിലെ തഞ്ചാവൂരിൽ ജനിച്ച രാമൻ കുട്ടിക്കാലം മുതൽക്കേ പഠനത്തിൽ ഏറെ മികവു പുലർത്തിയിരുന്നു. ഈ മികവു കാരണം ഏറെ ചെറുപ്പത്തിലേ അദ്ദേഹം ബിരുദപഠനത്തിനു ചേർന്നു. മദിരാശിയിലെ പ്രസിഡൻസി കൊളെജിൽ ബിരുദത്തിനെത്തുന്ന ഏറ്റവും പ്രായംകുറഞ്ഞ വ്യക്തി.

സയൻസിന് ഏറെ പ്രാമുഖ്യം കല്പിച്ചിരുന്നു രാമൻ. വലിയ ശമ്പളമുള്ള അക്കൗണ്ട് ജനറൽ പദവി രാജിവച്ച് അതിന്റെ പകുതിമാത്രം ശമ്പളമുള്ള കൽക്കത്ത സർവകലാശാല ഫിസിക്സ് വിഭാഗം മേധാവിയായി സ്ഥാനമേറ്റെടുത്തതും ഇക്കാരണത്താൽത്തന്നെ. ഗവേഷണത്തോടുള്ള താത്പര്യം ഒന്നുമാത്രമാണ് രാമനെക്കൊണ്ട് ഇങ്ങനെ ചെയ്യിപ്പിച്ചത്. യൂറോപ്പിലേക്കുള്ള കപ്പൽയാത്രയിൽ കടലിന്റെ നീലനിറത്തെക്കുറിച്ചുള്ള ചർച്ചകളാണ് രാമൻ പ്രഭാവം എന്ന കണ്ടെത്തലിലേക്ക് അദ്ദേഹത്തെ നയിക്കുന്നത്.

നൊബേൽ സമ്മാനംപോലെ വിഖ്യാതമായ പുരസ്കാരം അദ്ദേഹത്തെ തേടിയെത്തിയത് സയൻസിനോടുള്ള ആഭിമുഖ്യം ഒന്നുകൊണ്ടു മാത്രമായിരുന്നു. ഇന്ത്യയെ ശാസ്ത്രലോകത്ത് മുന്നിൽനിന്നു നയിക്കുകയായിരുന്നു

അദ്ദേഹം എന്നു പറയാം. 1970ലായിരുന്നു മരണം. രാമന്റെ ആഗ്രഹ പ്രകാരം ബാംഗ്ലൂരിലെ രാമൻ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽത്തന്നെ അദ്ദേഹത്തിന്റെ മൃതശരീരം സംസ്കരിച്ചു.

*സയൻസാൽ ദീപ്തമീ ലോകം*
*സയൻസാലഭിവൃദ്ധികൾ*
*സയൻസെന്യേ തമസ്സെല്ലാം*
*സയൻസിന്നു തൊഴുന്നു ഞാൻ*

എന്ന കവിതാശകലം രചിച്ചത് രാമന്റെ സമകാലികനായ സഹോദരൻ അയ്യപ്പനാണ്. അത്രമേൽ പ്രാധാന്യം കേരളവും സയൻസിനു നൽകുന്നുണ്ട്. അതിനാൽത്തന്നെ ദേശീയ ശാസ്ത്രദിനം നിങ്ങൾ കുട്ടികൾ ഏറെ പ്രാധാന്യത്തോടെ ആചരിക്കണം. സയൻസിനെ ഏറെ ആവേശത്തോടെ ഉൾക്കൊള്ളണം. പുതിയ പുതിയ കണ്ടെത്തലുകൾ നടത്താനാവണം. ശാസ്ത്രരംഗത്ത് മറ്റൊരു നൊബേൽ സമ്മാനം നേടുന്നത് നിങ്ങളാവട്ടേ.


ആശംസകൾ

**പള്ളിയറ ശ്രീധരൻ**
എഡിറ്റർ

**ഒറ്റ നിറമുള്ള പ്രകാശത്തെ സുതാര്യമായ ചില പ്രത്യേക പദാർഥങ്ങളിലൂടെ കടത്തി വിടുമ്പോൾ പുതിയ നിറങ്ങൾ രൂപപ്പെടുന്നു എന്നതാണ് ഏറെ ലളിതമായി പറഞ്ഞാൽ രാമൻ പ്രഭാവം. കടലിന് നീലനിറം ഉള്ളത് രാമൻ വിസരണം മൂലമാണ്. കട ലിന്റെ നീലനിറം എന്താ ണെന്ന അന്വേഷണമായി രുന്നു രാമൻ പ്രഭാവം കണ്ടെ ത്തുന്നതിലേക്ക് അദ്ദേ ഹത്തെ നയിച്ചത്.**

## ഹോർത്തൂസ് മലബാറിക്കൂസിലൂടെ

# വെളുത്ത ചമ്പകം



**ശാസ്ത്രീയനാമം :**
**മെസുആ ഫെറിയ**
(Mesua ferrea)
ഇലയുടെ അടിയിലുള്ള വെളുപ്പാർന്ന ഭാഗമാണ് പേരിനു പിന്നിൽ. നാഗപ്പൂമരം എന്ന പേരുമുണ്ട്.

**ഔഷധഗുണങ്ങൾ**
മരത്തിന്റെ തൊലി പൊടിച്ചിട്ടാൽ പാമ്പുകടിച്ച മുറിവുണങ്ങും. ഇലകൾ ചതച്ചു വെളിച്ചെ ണ്ണയിൽ ചാലിച്ചു കുഴമ്പാക്കി നെറ്റിയിൽ തേച്ചാൽ തലയിലെ കഫവും നീർക്കെട്ടും മാറിക്കിട്ടും. ജലദോഷത്തിനും ഈ കുഴമ്പ് പ്രയോജനം ചെയ്യും. ഇലപിഴിഞ്ഞ് കുടിച്ചാൽ കഫമിളകി ചുമ കുറയും. കായ തിളപ്പിച്ചു തേൻ ചേർത്തു കഴിച്ചാൽ വയറി ളകും. ഉണക്കിയ കായ ആട്ടിയെടുക്കുന്ന എണ്ണ വേദനസംഹാരിയാണ്.


ഡോ. ബി ഇക്ബാൽ തയ്യാറാക്കിയ *കുട്ടികളുടെ ഹോർത്തൂസ് മലബാറിക്കൂസ്* എന്ന പുസ്തകത്തിൽനിന്ന്. പ്രസാധനം : ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്

# ഭൂമിയുടെ ഹൃദയമാണ് എന്റെ ഗ്രാമം

**പെരുമ്പടവം ശ്രീധരൻ**

എന്റെ കുട്ടിക്കാലം ആരോടും പറയാതെ കഴിച്ചുകൂട്ടുന്ന ഒരാളാണ് ഞാൻ. വേവുപിടിച്ച ആ കാലത്തിന്റെ ഓർമ്മകളിലേക്കുള്ള യാത്ര അക്ഷരാർഥത്തിൽ പെരുമ്പടവം ശ്രീധരന്റെ ജീവിതത്തിലേക്കും പെരുമ്പടവം എന്ന ഗ്രാമത്തിലേക്കുമുള്ള യാത്രകൂടിയാണ്. ഇന്നോർക്കുമ്പോൾ ഞാൻ കടന്നുപോന്ന ജീവിതം എന്തൊരു അദ്ഭുതമാണെന്നു തോന്നിപ്പോകുന്നു. നിരാശയുടെ കാലമായിരുന്നു അത്. പട്ടിണിയും വറുതിയും നിറഞ്ഞ കാലം. പക്ഷേ അപ്പോഴൊക്കെയും എന്റെ അഭയം പുസ്തകങ്ങളായിരുന്നു. വായനയുടെ ലോകമായിരുന്നു. രാത്രിപകലുകൾ ഇല്ലാതെ, ഞാൻ ചെന്നെത്തിയ പുസ്തകങ്ങളുടെ ഗന്ധത്തിലാണ് എന്റെ ജീവിതം പോലും നിവർന്നുനിന്നത് എന്നതാണ് സത്യം.

ഞാൻ മറക്കാനാഗ്രഹിക്കുന്ന കാര്യങ്ങളാ അതൊക്കെ. എന്റെ കഷ്ടപ്പാടും ദുരിതങ്ങളുമൊക്കെ. പെരുമ്പടവം അതിമനോഹരമായ ഗ്രാമമാണ്. ഭൂമിയുടെ ഹൃദയംപോലെ ഒരു ഗ്രാമം. ഞാൻ ഇതെപ്പോഴും പറയുന്ന കാര്യമാണ്. നല്ല ഗ്രാമം. അവിടത്തെ ഏറ്റവും പാവപ്പെട്ട വീട്ടിലാണ് ഞാൻ ജനിച്ചുവളർന്നത്. എനിക്ക് അഞ്ചു വയസ്സുള്ളപ്പോൾ എന്റെ അച്ഛൻ മരിച്ചുപോയി. പാവപ്പെട്ട എന്റെ അമ്മ കൂലിവേല എടുത്താണ് എന്നെ വളർത്തിയത്. അപ്പോ, എല്ലാവിധ സങ്കടങ്ങളും കഷ്ടപ്പാടുകളും ദുരിതങ്ങളും ഒക്കെ അനുഭവിച്ചാണ് ഞാൻ വളർ



ന്നത്. വിദ്യാഭ്യാസമൊന്നും എനിക്ക് ശരിക്കു കൊണ്ടുപോകാൻ പറ്റിയില്ല. അന്ന് ഇന്റർമീഡിയറ്റാണ്. അങ്ങനെ ഒരു വർഷം പോയപ്പോൾ കാശുകൊടുക്കാൻ ഇല്ലാതെയായി. അങ്ങനെ അവര് പറഞ്ഞു, ഇതിവിടെ പറ്റൂല്ലാ, ധർമ്മസ്ഥാപനമൊന്നുമല്ല ഇത്. കാര്യം വിദ്യാഭ്യാസസ്ഥാപനമാണേലും വെറുതെ പഠിപ്പിക്കാൻ ഒക്കൂല എന്നു പറഞ്ഞു. അതോടുകൂടി എന്റെ വിദ്യാഭ്യാസം മുടങ്ങി. പിന്നെ ഒന്നും ചെയ്യാനില്ല.

പിന്നെ എന്റെ വീടിനു താഴെ ഒരു വലിയ, വിശാലമായ മൈതാനമുണ്ട്. അവിടം തെരുവപ്പുല്ല് വളർത്തൽകേന്ദ്രം ആയിരുന്നു. ഇഞ്ചിപ്പുല്ല് എന്നും പറയും. അത് വാറ്റും, വാറ്റുമ്പോൾ അതിൽനിന്ന് എണ്ണ പോലെയുള്ളൊരു ദ്രാവകം കിട്ടും. നല്ല ഗന്ധമാണ്. അതിപ്പോൾ ആരുമവിടെ ചെയ്യുന്നില്ല. അങ്ങനെയുള്ളൊരു സ്ഥലമായിരുന്നു അത്. വിശാലമായ പറമ്പായിരുന്നു അവിടം എന്നു പറഞ്ഞതാ.

ഞാനന്ന് നാലുമണിക്ക് പള്ളിക്കൂടം വിട്ടു വീട്ടിൽ ചെന്നാൽ അവിടെ ചായയും ബിസ്ക്കറ്റുമായിട്ട് ആരും കാത്തിരിക്കുന്നില്ല. ഞാൻ നേരെ ഒരു പുസ്തകോം സംഘടിപ്പിച്ചോണ്ട് ഈ പറമ്പിൽ പോയിരുന്നു വായിക്കും. ഒന്നും തിന്നാനുമില്ല, കുടിക്കാനുമില്ല. പക്ഷേ വായിക്കും. സൂര്യൻ അസ്തമിച്ചുപോകുന്നതുവരെ അവിടെ ഇരുന്നു വായിക്കും. അതുകഴിഞ്ഞ് വീട്ടിലേക്ക് കേറിപ്പോകും. സന്ധ്യ ആകുമ്പോഴത്തേക്ക് അമ്മ ജോലി കഴിഞ്ഞുവരും. അപ്പം അമ്മേടെ കൈയിൽ എന്തെങ്കിലും ഉണ്ടാകും എനിക്കു തിന്നാൻ തരാൻ. ചിലപ്പോൾ രണ്ട് മിട്ടായി. അതുപോലൊക്കെയുള്ള സാധനങ്ങൾ മേടിച്ചുകൊണ്ടുവന്നു തരും. അതു കഴിച്ചു സന്തോഷാവും. അപ്പോ ഞാനെന്റെ പട്ടിണി മുഴുവൻ മറക്കും.

അപ്പോ ഈ സന്ധ്യ ഇരുട്ടുന്നതുവരെ താഴത്തെ പറമ്പിൽപോയിരുന്നു വായിക്കും, എന്റെ ഏറ്റവും വലിയ വിനോദം അതാണ്. അങ്ങനെ വായിച്ചുക്കൊണ്ടിരിക്കുമ്പോൾ ഞാനെന്റെ വിശപ്പും ദാഹവും കഷ്ടപ്പാടുകളുമൊന്നും അറിയില്ല. അതാണ് എന്റെ ഏറ്റവും വലിയ സന്തോഷം. അവിടിരുന്നിങ്ങനെ, വീണ്ടും ഞാൻ വായിച്ചോണ്ടിരിക്കും.

അങ്ങനെയാണ് എന്റെ കുട്ടിക്കാലമൊക്കെ. ഞങ്ങളെ ആരും സഹായിക്കാനില്ല, ആരുടെയും സഹായം ചോദിച്ചു പോകുന്ന പ്രകൃതം എന്റെ അമ്മയ്ക്കുമില്ല, എനിക്കുമില്ല. അങ്ങനെ കഴിഞ്ഞുപോന്നു.

**ഞാൻ നേരെ ഒരു പുസ്തകോം സംഘടിപ്പിച്ചോണ്ട് ഈ പറമ്പിൽ പോയിരുന്ന വായിക്കും. ഒന്നും തിന്നാനുമില്ല, കുടിക്കാനുമില്ല. പക്ഷേ വായിക്കും. സൂര്യൻ അസ്തമിച്ചുപോകുന്നതുവരെ അവിടെ ഇരുന്ന വായിക്കും. അതുകഴിഞ്ഞ് വീട്ടിലേക്ക് കേറിപ്പോകും. സന്ധ്യ ആകുമ്പോഴത്തേക്ക് അമ്മ ജോലി കഴിഞ്ഞുവരും. അപ്പം അമ്മേടെ കൈയിൽ എന്തെങ്കിലും ഉണ്ടാകും എനിക്കു തിന്നാൻ തരാൻ.**

വായനയുടെ മൂർച്ഛയിൽ ഞാനങ്ങനെ ഇരിക്കും. അന്ന്, നാരായണീയം ചൊല്ലാനൊക്കെ പറയും. അന്നത് ചെയ്തിരുന്നു. പിന്നീട് ഞാൻ അതൊക്കെ ഉപേക്ഷിച്ചു. എനിക്ക് ദൈവവിശ്വാസം ഇല്ലാതായിരുന്നു.

ഞാൻ കുറച്ചുനേരം കൂടി രാത്രി വായിക്കും. ഒരു എട്ടൊമ്പത് മണി ആകുമ്പോഴേക്കും അമ്മ ചോറുണ്ടാക്കിത്തരും. അമ്മ അത്താഴമൊക്കെ തന്ന്, അതു കഴിച്ചു കിടന്നുറങ്ങും. വൈകിട്ടത്തെ ഊണ് വയറു നിറച്ചാണ്. ആ ഊണ് കഴിച്ചിട്ട് കുറച്ചുനേരംകൂടി വായിക്കൂ മോനേ എന്ന് അമ്മ പറയുമ്പോൾ ഞാൻ കുറേനേരം കൂടെ ഇരുന്നു വായിക്കും. ഉറക്കം വരുമ്പോൾ കിടന്നുറങ്ങേം ചെയ്യും.

കപ്പയാണ് അന്നു പ്രധാന ഭക്ഷണം. ചെണ്ടമുറിയൻ കപ്പ പച്ചമുളകരച്ച ചമ്മന്തി കൂട്ടിത്തിന്നുന്നത് നല്ല രുചിയുള്ള അനുഭവമാണ്. വീട്ടിൽ കൂടുതൽ ഉണ്ടാകുന്നതു കപ്പയാണ്. കപ്പ വാട്ടിയുണക്കി, ചാക്കിൽ കെട്ടിവെയ്ക്കും. പിന്നെ ചക്ക ഉണ്ടാകണ കാലത്തു ചക്ക ഇട്ടു തിന്നും. പറമ്പിലെ ചക്കയൊക്കെ ഇട്ട് പുഴുങ്ങിത്തിന്നും. ചക്കപ്പുഴുക്ക് നല്ലൊരു വിഭവമാണ്. ചക്ക ഇല്ലാതാകുമ്പോൾ, കെട്ടിവെച്ച കപ്പ എടുത്തു പുഴുങ്ങിക്കഴിക്കും. ചക്കയും കപ്പയുമാണ് പ്രധാന ഭക്ഷണം. ഇന്നിപ്പോൾ, ഈ കപ്പയും ചക്കയും എന്നൊക്കെ പറഞ്ഞാൽ ആളോൾക്ക് അറിയാവോ? കുട്ടികൾ ഇതൊക്കെ അറിയണം.

അന്നൊന്നും അധികം വാഹനങ്ങൾ ഇല്ല. വൈക്കം തൊടുപുഴ റോഡിലാണ് പെരുമ്പടവം എന്ന ഗ്രാമം. ഈ റോഡിലൂടെ ഒരു ബസ്സ് അങ്ങോട്ടും ഇങ്ങോട്ടും പോകണ കാണാം. ആകെ ഒരൊറ്റ ബസ്സ്. എനിക്ക് അതിലൊന്നും കേറേണ്ട കാര്യമില്ല. വല്യ പണക്കാരാണ് ബസ്സിൽ കൂടുതൽ കേറുക, പാവപ്പെട്ടവർ നടക്കാണ് ചെയ്യാറ്. അതോണ്ട് അന്നത് കാണുക മാത്രം ചെയ്യും.

പിന്നെ ഒരിക്കെ വൈക്കത്തഷ്ടമിക്ക് പോയപ്പളാണ് ബസ്സിൽ കയറിയത്. വൈക്കത്തഷ്ടമിക്ക് പെരുമ്പടവത്തൂന്ന് നടന്നു പോകും. ഉച്ചയ്ക്കു നടക്കാൻ തുടങ്ങും. സന്ധ്യ കഴിയുമ്പോൾ വൈക്കത്തെത്തും. അഷ്ടമി കൂടി, പിന്നെ നേരം വെളുത്ത്, അമ്പലക്കുളത്തിൽ കുളിച്ചു തൊഴുതേച്ചു തിരിച്ചുപോരും. അന്നേരം ഒരിക്കൽ ബസ്സിനു പോന്നു. അങ്ങനെ വൈക്കത്തഷ്ടമി കഴിഞ്ഞു വരുന്നൊരു യാത്രയിലാണ് ആദ്യമായി ബസ്സിൽ കയറുന്നത്.

എങ്കിലും നടത്തമാണ് പ്രധാനം. ഒത്തിരി ദൂരമുണ്ട്, എന്നാലും നല്ല ഉത്സാഹമാണ്. വല്യമ്മ, മുത്തശ്ശീടെ ഒക്കെക്കൂടെ അങ്ങുപോകും. ദൂരമൊന്നും അറിയാറില്ല. ഒത്തിരി ആളുകളുണ്ട്. വഴിനീളെയും ആൾക്കാരുണ്ടാകും. അവിടെ ചെന്നാൽ, അമ്പലക്കുളത്തിൽ കൈകാലു കഴുകി, ശുദ്ധി വരുത്തി അമ്പലത്തിൽ കയറി തൊഴും.

പിന്നെ അമ്പലപ്പറമ്പിൽ ഇരിക്കും. അപ്പോളവിടെ ഒന്നുകിൽ ഡാൻസ് കാണും, ഇല്ലേൽ പാട്ടുകച്ചേരി കാണും. അതൊക്കെ കണ്ടവിടെ ഇരിക്കും. അതൊക്കെ എന്ത് രസമാണ്. ഇപ്പോഴൊന്നും ആളുകൾക്ക് ഇത്തരം അനുഭവമൊന്നും ഉണ്ടാകാൻ ഇടയില്ല. ഇന്നത്തെ കുട്ടികൾക്ക് ഇതൊക്കെ കേട്ടാൽ അദ്ഭുതം തോന്നുമായിരിക്കും.

വായനയെക്കുറിച്ചു പറഞ്ഞല്ലോ. അന്ന് കൈയിൽ കിട്ടുന്നതൊക്കെ വായിക്കും. ഞാൻ അഞ്ചിലും ആറിലുമൊക്കെ പഠിക്കുമ്പോൾ എല്ലരിച്ച ശരീരംപോലെയായിരുന്നു. ഇന്നത്തെ ശരീരം ഒന്നുമില്ല എനിക്ക്. പട്ടിണി കിടപ്പല്ല്യോ, അതോണ്ട് ശരീരം ഒന്നുമില്ല ശരിക്കും. പുസ്തക വായനയാണ് ശരിക്കുള്ള ഭക്ഷണം. വായനയാണെന്റെ ഭക്ഷണം.

വിശപ്പും ദാഹവും ഒഴിവാക്കാൻ ഭക്ഷണം കഴിക്കുകയല്ല, പുസ്തകം വായിക്കുകയാണ് ഏറ്റവും നല്ല വഴി എന്ന് ഞാൻ കണ്ടുപിടിച്ചിരുന്നു.

ഒരിക്കൽ, എന്നോട് എന്റെയൊരു കൂട്ടുകാരൻ പറഞ്ഞു, ഞങ്ങടെ താഴെ, കുറെ ദൂരെ ഒരു വീട്ടില് ഒരാളുണ്ട്, അയാളുടെ കൈയിലൊരു പുസ്തകംണ്ട്, നീ ചെന്ന് ചോദിച്ചാൽ ചിലപ്പോൾ തരും.

ഞാൻ വൈകുന്നേരം അവിടെ പോയി. അയാളന്ന് ആലുവ കോളേജിൽ പഠിക്കുന്ന കാലമാണ്.

"എന്താ വന്നത്?"

"സാറിന്റെ കൈയിൽ ഒരു പുസ്തകം ഉണ്ടെന്ന് കേട്ടു. അതെനിക്കൊന്നു വായിക്കാൻ തരുമോ?"

അങ്ങേരെന്നെ അദ്ഭുതത്തോടെ ഒന്നു നോക്കി.

"നീ ഏതു ക്ലാസ്സിലാ പഠിക്കുന്നത്? അഞ്ചിലോ, ആറിലോ? നിനക്കിതു വായിച്ചാൽ മനസ്സിലാകില്ല. നീ വേറെ എന്തെങ്കിലും വായിച്ചുപഠിക്ക്."

വായിച്ചാൽ മനസ്സിലാകില്ല എന്നൊരാൾ പറഞ്ഞാൽ, അതിലും കൂടുതലൊരു അപമാനം അന്നെനിക്ക് സഹിക്കാൻ ഇല്ല. ഞാൻ അതുകേട്ട് തിരിച്ച് അങ്ങേരുടെ പടിക്കെട്ടുകൾ ഇറങ്ങി. ധാരാളം പടിക്കെട്ടുകൾ ഉണ്ട്. ആ പടിക്കെട്ടുകൾ ഇറങ്ങി പാടത്തേക്കുള്ള വരമ്പിൽ കേറീട്ടുവേണം എന്റെ വീട്ടിലേക്കു പോകാൻ. ഞാൻ തലതാഴ്ത്തിപ്പിടിച്ചു പടിക്കെട്ടുകൾ ഇറങ്ങുന്നതു കണ്ടപ്പോൾ അങ്ങേർക്കെന്തോ സങ്കടം തോന്നി.

"നീ ഇങ്ങു വാ... എന്നു പറഞ്ഞു. ഞാൻ കയറിച്ചെന്നു. ഇതു തനിക്ക് വായിച്ചാൽ മനസ്സിലാകൊന്നും ഇല്ല, പക്ഷേ നീ ചോദിച്ചതുകൊണ്ട് തന്നതാണ്. വായിച്ചാലും വായിച്ചില്ലേലും ഇതു നാളെ സന്ധ്യയ്ക്കു മുൻപ് പുസ്തകം തിരിച്ചുകൊണ്ടുത്തരണം."

"ശരി സാർ," എന്നു പറഞ്ഞു.

ഞാൻ ആ പുസ്തകം മേടിച്ചു. അതു കഴിഞ്ഞ് ഇറങ്ങി, താഴെ പാടവരമ്പിലൂടെ പോകുമ്പോഴാണ് ഞാൻ ഈ പുസ്തകം നോക്കുന്നത്. അത് ദസ്തയേവ്സ്കിയുടെ *കുറ്റവും ശിക്ഷയും* ആണ്. ഹൊ..! ദസ്തയേവ്സ്കി ആരെന്ന് എനിക്കറിയാൻമേലാ. അക്കാലത്ത് ദസ്തയേവ്സ്കി, ടോൾസ്റ്റോയ്, ചെക്കോവ്... ഇവരെയൊന്നും ഞാൻ വായിച്ചിട്ടില്ല. ഇവരൊക്കെ മലയാളികൾ ആണെന്നാണു വിചാരം.

അതുകഴിഞ്ഞ് ഞാനിതു വായിച്ചുതുടങ്ങാം എന്നു കരുതി, രാത്രീലിരുന്നു വായിച്ചു.

**അന്ന് കൈയിൽ കിട്ടുന്നതൊക്കെ വായിക്കും. ഞാൻ അഞ്ചിലും ആറിലുമൊക്കെ പഠിക്കുമ്പോൾ എല്ലരിച്ച ശരീരംപോലെയായിരുന്നു. ഇന്നത്തെ ശരീരം ഒന്നുമില്ല എനിക്ക്. പട്ടിണി കിടപ്പല്യോ, അതോണ്ട് ശരീരം ഒന്നുമില്ല ശരിക്കും. പുസ്തക വായനയാണ് ശരിക്കുള്ള ഭക്ഷണം. വിശപ്പും ദാഹവും ഒഴിവാക്കാൻ ഭക്ഷണം കഴിക്കുകയല്ല, പുസ്തകം വായിക്കുകയാണ് ഏറ്റവും നല്ല വഴി എന്ന് ഞാൻ കണ്ടുപിടിച്ചിരുന്നു.**

വായിച്ചങ്ങോട്ടെത്തി, ഏതാണ്ടൊരു പകുതിയിലേറെ ആയപ്പഴത്തേക്കും വിളക്കിലെ മണ്ണെണ്ണ തീർന്നു. പിന്നെ ഞാൻ പോയി കിടന്നു. അതു കഴിഞ്ഞു പിറ്റേദിവസം രാവിലെ എഴുന്നേറ്റിരുന്നു വായന തുടങ്ങി. അന്ന്, രണ്ടു ദിവസം കൊണ്ടു ഞാനാ പുസ്തകം വായിച്ചു തീർന്നു. അതാണ് ആദ്യം വായിക്കുന്ന പുസ്തകം; ദസ്തയേവ്സ്കിയുടെ *കുറ്റവും ശിക്ഷയും*.

അതു വായിച്ചുകഴിഞ്ഞപ്പോൾ എനിക്കൊന്നും മനസ്സിലാകായ്കയില്ല, എല്ലാം എനിക്കു മനസ്സിലായി. എനിക്കു വളരെ സന്തോഷം തോന്നി. അഭിമാനം തോന്നി. ഇങ്ങനെ ഒരു പുസ്തകമോ? ഞാൻ വിചാരിച്ചു, മനുഷ്യന്റെ പങ്കപ്പാടുകളെക്കുറിച്ച്, ദുരിതങ്ങളെക്കുറിച്ച്, വ്യഥകളെക്കുറിച്ച് എല്ലാം എനിക്ക് അസ്സലായി മനസ്സിലായി. ദസ്തയേവ്സ്കിയെ വായിച്ചത് സന്തോഷകരമായ അനുഭവമായിരുന്നു. അത് കഴിഞ്ഞ് പെരുമ്പടവത്ത് ദസ്തയേവ്സ്കിയുടെ ഒന്നും വേറെ കിട്ടാനില്ല.

സ്കൂളിൽ പഠിക്കുമ്പോൾ മേരി ബനീഞ്ജ എന്റെ ടീച്ചറായിരുന്നു. അമ്മ എന്നൊക്കെ ഞങ്ങൾ പറയും. കന്യാസ്ത്രീയായിരുന്നു അവർ. ഞങ്ങളുടെ നാട്ടിൽ അത് വലിയ പദവിയായിരുന്നു. ഞാൻ ആ സ്കൂളിൽ ചെന്നു ചേർന്നു. ബെനീഞ്ജാമ്മ ആണ് അന്നവിടെ ചുമതല. ഒരു ക്ലാസ് എടുക്കും അവരു വന്ന്. ബാക്കിയൊക്കെ വേറെ ആളുകളെടുക്കും. ആളുകൾക്ക് പൊങ്ങച്ചം കൂടുമല്ലോ, അന്ന് എനിക്കതു കൂടുതലായിരുന്നു. ഞാൻ എന്റെ ഒരു കൂട്ടുകാരനോട് പറഞ്ഞു,

“എടാവേ ഞാൻ കവിത എഴുതും.”

അവനതു കേട്ടിട്ട് വലിയ അദ്ഭുതമായിപ്പോയി. അവനതു ക്ലാസ് ടീച്ചറിനോട് വിളിച്ചുപറഞ്ഞു.

“ടീച്ചർ, ഇവൻ കവിത എഴുതും എന്നു പറയുന്നു.”

വേഗം ബ്ലാക്ക്ബോർഡിൽ എന്തോ എഴുതിക്കൊണ്ടിരുന്ന ടീച്ചറ്, എന്റടുത്തു വന്നിട്ട്,

“നേരാണോ? നീ കവിത എഴുതോ” എന്ന് ചോദിച്ചു.

എന്തോ കുഴപ്പത്തിൽപ്പെട്ടു എന്ന് ഞാൻ വിചാരിച്ചു. ഞാൻ ഒന്നും മിണ്ടാതെ നിന്നു. എന്റെ മൗനം സമ്മതമാണെന്ന് അവർക്ക് മനസ്സിലായി. ക്ലാസ് കഴിഞ്ഞു പോകാൻ നേരം നീ



വര: ആതിര സജീവ് ടി

എന്റെ കൂടെ വരാൻ പറഞ്ഞു. ഞാൻ കൂടെച്ചെന്നു. അവരെന്നെ കന്യാസ്ത്രീ ബെനീഞ്ജാമ്മേടെ അടുത്തു കൊണ്ടുവന്നു നിർത്തി. അവരപ്പോൾ ഏതോ തടിയൻ പുസ്തകം വായിച്ചോണ്ടിരിക്കുകയായിരുന്നു.

"അമ്മേ, ഇവൻ കവിത എഴുതും എന്നു പറയുന്നു.

അവർ അദ്ഭുതത്തോടെ എന്നെ നോക്കി വാ പൊളിച്ചങ്ങനെ ഇരുന്നു കുറച്ചുനേരം. അന്നേരമവർ ചോദിച്ചു,

"നീ കവിത എഴുതോ?"

സമ്മതിച്ചാൽ കുറ്റമായിരിക്കുമോ എന്ന് ഞാൻ ശങ്കിച്ചു. ബെനീഞ്ജാമ്മ!

ഇവിടെ വരാൻ പറഞ്ഞു. അടുത്തു ചെന്നു.

"ഇത് നീ എഴുതിയ താണോ?"

അല്ലാന്നു പറയാൻ ഒക്കൂല. ഞാൻ തല കുനിച്ചു.

"നീ എത്ര കവിത എഴുതി?" ഞാൻ മിണ്ടുന്നില്ല.

"നീ എന്താ പേടിച്ചു നിക്കാണോ?" അതിനും ഞാൻ മിണ്ടുന്നില്ല.

"നീ എഴുതിയ കുറെ കവിത എന്നെക്കൊണ്ടുവന്നു കാണിക്കണം. നിനക്ക് വാസന ഉണ്ട്. എഴുതണം. നന്നാവും."

'മഹാത്മാ ഗാന്ധി കീ ജയ്' വിളിച്ചുകൊണ്ട് ആളുകൾ പോണ കാണാം. ഇവരെന്തോ കുഴപ്പക്കാരാണ് എന്നാണ് അന്നെനിക്കു തോന്നിയത്. ആർക്കോ എതിരായിട്ട് മുദ്രാവാക്യം വിളിച്ചു പോകാണെന്ന് കരുതി. ഈ പാവങ്ങൾ നമുക്കുവേണ്ടിക്കൂടിയാണ്, എനിക്കുവേണ്ടിക്കൂടിയാണ് ഒച്ചയുണ്ടാക്കുന്നത്, എന്ന് എത്രയോ നാൾ കൂടി കഴിഞ്ഞാണ് ഞാൻ അറിയുന്നത്.

വായന തുടരുന്നതിനിടയിൽ, ഒരിക്കൽ *ബാല്യകാലസഖി* എങ്ങനെയോ കൈയിൽ കിട്ടി. അത് വായിച്ചു കഴിഞ്ഞപ്പോഴേക്കും വല്ലാത്തൊരു അനുഭവമായി തോന്നി. ബഷീർ തലയോലപ്പറമ്പിൽ ആണെന്നറിയാം, ഇദ്ദേഹത്തെ ഒന്നു കാണണം എന്നെനിക്കു തോന്നി. ഞാൻ അന്വേഷിച്ചു പിടിച്ചു തലയോലപ്പറമ്പിൽ എത്തി. അവിടത്തൊരു മുറുക്കാൻ കടക്കാരനോട് ചോദിച്ചു,

"ഈ ബഷീർ എവിടെയാണ് താമസിക്കുന്നത്?"

അങ്ങേരു പറഞ്ഞു, "ഈ വഴി അങ്ങോട്ട് പുഴക്കടവിലേക്കു പോകുന്ന വഴിക്കാണ്."

**വായന തുടരുന്നതിനിടയിൽ, ഒരിക്കൽ *ബാല്യകാലസഖി* എങ്ങനെയോ കൈയിൽ കിട്ടി. അത് വായിച്ചു കഴിഞ്ഞപ്പോഴേക്കും വല്ലാത്തൊരു അനുഭവമായി തോന്നി. ബഷീർ തലയോലപ്പറമ്പിൽ ആണെന്നറിയാം, ഇദ്ദേഹത്തെ ഒന്നു കാണണം എന്നെനിക്കു തോന്നി. ഞാൻ അന്വേഷിച്ചു പിടിച്ചു തലയോലപ്പറമ്പിൽ എത്തി.**

"നാളെ വരുമ്പോൾ, നീ എഴുതിയ നാലഞ്ചു കവിതകൾ എന്നെക്കൊണ്ടുവന്നു കാണിക്കണം."

ഞാൻ അന്തംവിട്ടുപോയി. വീട്ടിൽ വന്നിട്ട് ഉറക്കം വന്നില്ല. ഈ കവിത കൊണ്ടോന്ന് കാണിച്ചില്ലെങ്കിൽ ഇനി അതിനുള്ള ശിക്ഷ വേറേ.

ഒടുവിൽ കവിത കൊണ്ടുവന്നു കൊടുക്കാം എന്ന് തീരുമാനിച്ചു. കൊണ്ടോയിക്കൊടുത്തു. പൊക്കോളാൻ പറഞ്ഞു. രണ്ടുദിവസം കഴിഞ്ഞു ഞാൻ മറ്റു കുട്ടികളോടൊപ്പം സ്കൂളിന് പുറത്തേക്കിറങ്ങുമ്പോളത്തേക്കും പുറകീന്ന് ഒരാൾ കൈകൊട്ടി വിളിച്ചു. നോക്കുമ്പോൾ

ആഹാ..! ഞാൻ പേടിച്ച പോലെ അല്ല സംഗതി. അത് ഞാൻ തീരെ പ്രതീക്ഷിക്കാത്ത ഒന്നായിരുന്നു. കുറേ കവിതയൊക്കെ ഞാൻ കാണിച്ചു. പലതും തിരുത്തി, ചിലതു വെട്ടി, ചിലതു ശരി ഇട്ട് എനിക്ക് തിരിച്ചുതന്നു.

നിനക്ക് വാസനയുണ്ട്, ധാരാളം വായിക്കണം. കവിത പ്രത്യേകിച്ചും... എന്നൊക്കെ പറഞ്ഞ് എന്നെ പ്രോത്സാഹിപ്പിച്ചു. അതെനിക്ക് എഴുത്തിനോട് ഇഷ്ടം കൂട്ടിയ സംഗതിയാണ്.

എന്റെ കുട്ടിക്കാലം സ്വാതന്ത്ര്യസമരഘട്ടത്തിന്റെ കാലം കൂടിയാണ്. പക്ഷേ, അതൊന്നും എന്നെ ബാധിച്ചിട്ടില്ല. അതിലേ,

ഞാൻ അങ്ങേരു ചൂണ്ടിക്കാണിച്ച വഴിക്കുപോയി. കുറേ ദൂരം ചെന്നപ്പോൾ ഒരു സ്ത്രീ കപ്പങ്ങ അടർത്തിക്കൊണ്ടു നിൽക്കുന്നു. ഞാൻ അവരോടു ചോദിച്ചു, ഈ ബഷീറിന്റെ വീടെവിടെ ആണെന്ന്. അപ്പോ അവര് തോട്ടി നിലത്തുകുത്തിക്കൊണ്ട് എന്റെ നേരെ നോക്കി.

"എന്തിനാ?"

"അദ്ദേഹത്തെ ഒന്ന് കാണാനാ..."

"ആ.. ഇതു തന്നെയാണ് വീട്."

ആ വീട്ടിലേക്ക് കയറിച്ചെല്ലാൻ പറഞ്ഞു. ഞാൻ അവിടെ

കേറി ബഷീറിനെ കണ്ടു. എന്നോട് ഇരിക്കാൻ പറഞ്ഞു. എനിക്ക് ഇരിക്കാൻ പേടി. ബഷീറിനൊപ്പം ഇരിക്കാൻ ഏഴുജന്മം ജനിച്ചാലും എനിക്ക് കഴിവുണ്ടാകില്ല. അങ്ങനൊരു വിശ്വാസമാണ് എനിക്ക്. ഞാൻ അവിടെ പരുങ്ങിനിന്നു. ബഷീർ നിർബന്ധിച്ച് ഇരുത്തി. ഇരുന്നപ്പോൾ ചോദിച്ചു,

"നീ എന്തിനാ എന്നെ കാണണം എന്നു പറഞ്ഞത്?"

"ഞാൻ ഇച്ചിരിയൊക്കെ എഴുതും."

"ആഹാ... നല്ല കാര്യം."

"പുസ്തകങ്ങളൊക്കെ വായിച്ചിട്ടുണ്ടോ?"

"ഉവ്വ്, ധാരാളം വായിക്കുന്നുണ്ട് സർ."

"അത് നല്ലത്. ധാരാളം വായിക്കണം. എന്നാലേ എഴുത്തുകാരൻ ആകാൻ പറ്റുള്ളൂ."

അതു കഴിഞ്ഞ് ഞാനിങ്ങു പോന്നു. വീണ്ടും പല പ്രാവശ്യം ഞാൻ തലയോലപ്പറമ്പിൽ പോയി. തലയോലപ്പറമ്പിൽ ചന്തയ്ക്കു പോകാറുണ്ട്, ഞങ്ങളുടെ നാട്ടിൽനിന്ന്. എനിക്കൊന്നും വിക്കാനും വാങ്ങാനും ഇല്ല. എങ്കിലും അപ്പൊ അവരുടെ കൂടെയങ്ങു പോയാൽ ബഷീറിനെ കേറി കാണാം.

അത് വലിയൊരു അനുഭവമായി. അങ്ങനെ ബഷീറിന്റെ അനിയൻ എന്റെ ഏറ്റവും അടുത്ത സുഹൃത്തായി മാറി.

അതിനിടയിൽ കവിതയെഴുത്ത് നന്നാവില്ല എന്നു തോന്നി. നല്ല കവിതയൊക്കെ വായിച്ചപ്പോൾ അതിനടുത്തൊന്നും എത്താൻ ഒക്കില്ലെന്നു മനസ്സിലായി. പിന്നെന്തു ചെയ്യും? കവിത ഉപേക്ഷിക്കുക.

അങ്ങനെ കവിത ഉപേക്ഷിച്ച് കഥയെഴുത്തിലേക്ക് തിരിഞ്ഞു. കഥകൾ എഴുതാൻ തുടങ്ങി. എഴുതിയത് പലതും മാസികയ്ക്ക് അയച്ചുകൊടുത്തു. ചിലതു പ്രസിദ്ധീകരിച്ചു. ചിലതു പ്രസിദ്ധീകരിച്ചില്ല. എങ്കിലും എനിക്കു പറ്റിയ പണി ഇതാണെന്നു തോന്നി. അങ്ങനെ ചെറിയ എഴുത്തുകാരൻ എന്ന നിലയിൽ, ഞാനും എന്റെ തുടക്കം കുറിച്ചു.

ഇതു കഴിഞ്ഞിട്ട് ഞാൻ ഉദ്യോഗത്തിനുപോയി. മദ്രാസിൽ. അവിടെ ഒരു മലയാളം മാസിക ഉണ്ടായിരുന്നു. അതിന്റെ എഡിറ്റർ ആയിട്ടെന്നെ വിളിച്ചു. കാരണം, മദ്രാസീന്ന് ഇറങ്ങുന്ന ഈ മലയാളം മാസിക മിക്കവാറും എഴുതി നിറച്ചുകൊണ്ടിരുന്നത് ഞാനാണ്. കഥയെഴുതും കവിതയെഴുതും ലേഖനമെഴുതും. അവർക്ക് ഇതിനൊന്നിനും ബുദ്ധിമുട്ടേണ്ടിവന്നിട്ടില്ല. എല്ലാം ഞാൻ എഴുതിക്കൊടുക്കും.

"എന്നാ നീ ഇങ്ങോട്ട് വാ, ശമ്പളം ഒന്നും തരില്ല."

വേണ്ടാന്ന് പറഞ്ഞ് അങ്ങോട്ട് ചെന്നു. അതു കഴിഞ്ഞാണ് തിരുവനന്തപുരത്തു വരുന്നത്. പെരുമ്പടവത്തു നിന്നാൽ രക്ഷപ്പെടില്ല എന്നു തോന്നി.

തിരുവനന്തപുരത്തുവച്ചു പബ്ലിക് ലൈബ്രറിയിൽ പോകും. അവിടന്ന് മെമ്പർഷിപ് എടുത്തു. അതോടുകൂടി സമാധാനമായി. പുസ്തകമൊക്കെ തിരഞ്ഞെടുത്തു വായിച്ചു.

ദസ്തയേവ്സ്കിയുടെ കഥകൾ ഒക്കെ ഞാൻ വായിച്ചു. അദ്ദേഹത്തെപ്പോലെ ഞാനും സങ്കടങ്ങൾ ധാരാളം അനുഭവിച്ചു. എന്തൊരു ജീവിതമാണ് അദ്ദേഹം അനുഭവിച്ചത്. മനുഷ്യന്റെ ദുരിതം ഇതുപോലെ അനുഭവിച്ച മറ്റൊരാളെ ഞാൻ കണ്ടിട്ടില്ല. അങ്ങനെ അദ്ദേഹത്തെ കഥാപാത്രമാക്കി ഒരു നോവൽ എഴുതിയാലോ എന്നാലോചിച്ചു. എന്റെ കഴിവില്ലായ്മയും കഴിവും ഒന്നും മനസിലാക്കിയിട്ടല്ല.

ദസ്തയേവ്സ്കിയുടെ ജീവിതം വച്ചു നോവൽ എഴുതാൻമാത്രം ഞാൻ വളർന്നിട്ടില്ല എന്നെനിക്കറിയാം. എങ്കിലും ഞാൻ ഇരുന്ന് എഴുതാൻ തുടങ്ങി. അങ്ങനെ മൂന്നുനാലു മാസം കൊണ്ട് നോവൽ എഴുതിത്തീർത്തു. അതാണ് ഒരു *സങ്കീർത്തനം പോലെ.*

നോവൽ ദീപികയിൽ അച്ചടിച്ചു വന്നു. ആളുകൾ അത് വായിക്കുകയും എന്നെ അന്വേഷിച്ചുവരികയുമൊക്കെ ചെയ്തു. എഴുത്തുകാരൊക്കെ അന്വേഷിച്ചു വന്നു. വിളിച്ചു പറയുന്നു. എനിക്കിതു വിശ്വസിക്കാൻ മേലാത്ത അവസ്ഥയായി.

ദസ്തയേവ്സ്കിയെ, 'ഹൃദയത്തിനുമേൽ ദൈവത്തിന്റെ കൈയൊപ്പുള്ള ഒരാൾ' എന്നെഴുതാൻ നിനക്കെങ്ങനെ തോന്നി എന്ന് പലരും ചോദിച്ചു. അതു വല്യ സന്തോഷം പകർന്നു. എന്റെ ജീവിതത്തിന് ഒരു മാറ്റം വന്നതുപോലെ.

*സങ്കീർത്തനംപോലെ* സാഹിത്യ സഹകരണ സംഘം പുസ്തകമാക്കി. അന്നേരം തോന്നിയ സന്തോഷത്തിനു കൈയും കണക്കുമില്ല. പുസ്തകം വന്നു. പുസ്തകം വന്നതോടുകൂടി ആളുകൾക്ക് എന്നോടുള്ള സമീപനം മാറി. വായിച്ചവരൊക്കെ നല്ല അഭിപ്രായം പറയുകയാണ്. വില്പനയിൽ റെക്കോർഡ് ഉണ്ടാക്കുകയും ചെയ്തു. അങ്ങനെ ജീവിതം കുറേക്കൂടി സന്തുഷ്ടമായി.

അഭിമുഖം നടത്തിയത്:

പള്ളിയറ ശ്രീധരൻ,
നവനീത് കൃഷ്ണൻ എസ്,
അഞ്ജന സി ജി,
സോബിൻ കുമാർ കെ എസ്.

# കോഴിയും ഭൂമിയും

സച്ചിദാനന്ദൻ

ഏറെപ്പറക്കാൻ കഴിവില്ലയെങ്കിലും
ഞാനും ഒരു പക്ഷി തന്നെ.
മാവിന്റെ കൊമ്പിലിരുന്നാലും ആകാശം
കാണുവാനാകും, പരുന്തേ!
നീലയിൽ നിന്റെ തവിട്ടുനിറം കാൺകെ
ഞാനെന്റെ മക്കളെക്കാക്കും
സ്നേഹമാണെൻ ചിറ, കെൻ നെഞ്ചിൻ ചൂടിലേ
ഞാൻ വിരിയിച്ചതവരെ.

ഭൂമിയും മുട്ട പോലെന്നു കേൾക്കു,ന്നതിൽ
ആരാണടയിരിക്കുന്നൂ?
ചൂടു നമുക്കു പകരുന്ന സൂര്യനോ,
രാവിന്നിരുണ്ട കിളിയോ?
ആരാമതിൽ നിന്നു പിന്നെ വിരിയുന്നു,
താരങ്ങളോ, പൂനിലാവോ?



വര: വെങ്കി

# അറിയുവാൻ വൈകിയ ചൂട്

**ഇ ജിനൻ**



വര: ടി ആർ രാജേഷ്



ഇരവിലടുത്തെത്തും
മിന്നാമിനുങ്ങിന്റെ
ഇത്തിരിച്ചൂടെനിക്കിഷ്ടം.

ആ ചൂടിലിന്നു ഞാൻ
ആയ കാലത്തിന്റെ
സ്നേഹം നുണഞ്ഞു
നിൽക്കുന്നു.

ഇവിടെയിരുന്നു ഞാൻ
വീണ്ടുമാ ചൂടിന്റെ
ഹൃദയമിടിപ്പറിയുന്നു.

എവിടെയോ
ചൂട്ടു മിന്നുന്നപോൽ
രാത്രിതൻ
വിടവിലൂടത് പറന്നെത്തി.

ഒരുകാലത്തൊരു
കൊടും-
പാതിരാ നേരത്ത്
പാടവരമ്പത്തു കൂടെ,
വഴിതെറ്റി

ഞാൻ നടന്നുഴലുന്ന
നേരത്ത്
വഴികാട്ടിയായ് വന്ന വെട്ടം.
കൊടിയ തണുപ്പാ-
യിരുന്നന്ന്,
പൊന്നാര്യൻ
കൊയ്തു കഴിയാത്ത
കാലം.

നൂൽവല കെട്ടി ചിലന്തികൾ
നെൽവയൽ
നോക്കിയിരിക്കുന്ന നേരം.

എത്ര സുതാര്യം
വഴികൾ തെളിഞ്ഞെന്നിൽ
എത്രയോ കാതമാ ദൂരം.

അതു നീയായിരുന്നുവോ
പാതിരാ-
പ്പേടികൾ തൂത്ത തീനാളം?

അതു നാളിൽ നീയെന്റെ
അറിവില്ലാപ്പാടത്ത്

നേരിൻ വെളിച്ചമായ്
വന്നോൾ?
പറയുവാനൊട്ടേറെ
കാര്യമുണ്ടെന്നന്ന്
വെറുതേ പറഞ്ഞു നീ മിന്നി.

കാതിലന്നേരത്ത്
കണ്ടു ഞാ-
നോരു കമ്മ-
ലിളകുന്ന പൊന്നിൻ തിളക്കം.

മുകളിൽ നിന്നൊരു ചീള്
ചില്ലു വെളിച്ചവും
മുന്നിലായ് വീണൊന്നു ചിന്നി.

അന്ധകാരത്തിന്റെ
ചൂടായിരുന്നു നീ
എന്നു ഞാനറിയുവാൻ
വൈകി.

ഒരു ചുംബനത്തിന്റെ
ചൂടു പോലോർമ്മതൻ
ചിമിഴിലതെന്റെ സൂക്ഷിപ്പ്.



# ബഹിരാകാശത്തു പോയ ചിമ്പാൻസി

**ജൂലിയസ് മാനുവൽ**

**പുതിയ പുതിയ വാസയിടങ്ങൾ കണ്ടെത്താനുള്ള ശ്രമങ്ങളാണ് മനുഷ്യനെ ലോകം മുഴുവൻ വ്യാപിപ്പിച്ചത്. ഭൂമിക്കു പുറത്തേക്കും ഈ ആഗ്രഹം വളർന്നതോടെ ലക്ഷ്യം ബഹിരാകാശമായി. മൃഗങ്ങളെയാണ് ആ ലക്ഷ്യത്തിനായി മനുഷ്യർ ആദ്യം ഉപയോഗിച്ചത്. മനുഷ്യർക്കു മുൻപേ മൃഗങ്ങൾ അങ്ങനെ ബഹിരാകാശം കീഴടക്കി. മനുഷ്യരോട് ഏറ്റവും അടുത്തുനിൽക്കുന്ന ചിമ്പാൻസികളെയും നമ്മൾ ബഹിരാകാശത്ത് എത്തിച്ചു. അവരിൽ പ്രധാനിയാണ് ഹാം എന്ന ചിമ്പ്.**

1957ൽ ആഫ്രിക്കയിലെ കാമറൂണിൽ വെച്ചാണ് കുട്ടിയായിരുന്ന ഹാം വേട്ടക്കാരുടെ കൈകളിൽ അകപ്പെടുന്നത്. പിന്നീട് അവരവനെ അമേരിക്കയിലെ ഫ്ളോറിഡയിലുള്ള ഒരു ഫാമിലേക്ക് കയറ്റിയയച്ചു. അവിടെനിന്നാണ് അമേരിക്കൻ വ്യോമസേന ഹാമിനെ വാങ്ങുന്നത്. ഹോളോമാൻ എയർ ഫോഴ്സ് താവളത്തിൽ മറ്റ് 40 ചിമ്പാസികളോടൊപ്പമാണ് ഹാമിനെ പാർപ്പിച്ചത്. അതിൽനിന്നും ബഹിരാകാശയാത്രയ്ക്കായി 6 ചിമ്പാൻസികളെ തിരഞ്ഞെടുത്ത കൂട്ടത്തിൽ ഹാമും ഉണ്ടായിരുന്നു. സത്യത്തിൽ No 65 എന്നായിരുന്നു ഹാമിന്റെ പേര്. ബഹിരാകാശയാത്രയ്ക്കു ശേഷമാണ് ഹാം (Holloman Aerospace Medical Center- HAM) എന്ന പേര് വീണത്.

യാത്രയ്ക്കായുള്ള പരിശീലനങ്ങൾ ആരംഭിക്കുന്ന സമയത്ത് ഹാമിന് രണ്ടു വയസ്സായിരുന്നു പ്രായം. യാത്രയ്ക്കിടയിൽ ഹാം ചെയ്യേണ്ട ഏകപ്രവർത്തി, ഒരു നീലവെളിച്ചം പ്രകാശിക്കുമ്പോൾ മുന്നിലുള്ള ലീവർ വലിക്കുക എന്നത് മാത്രമായിരുന്നു. വലിച്ചില്ലെങ്കിൽ തരിക്കുന്നതുപോലെ ചെറിയൊരു ഇലക്ട്രിക് ഷോക്ക് ഹാമിന്റെ പാദങ്ങളിൽ ഉണ്ടാവും. കൃത്യസമയത്ത് ലീവർ വലിച്ചാൽ ഷോക്ക് ഇല്ലായെന്നു മാത്രമല്ല, പഴത്തിന്റെ കഷണം

# മൃഗങ്ങളുടെ ബഹിരാകാശയാത്രകൾ

ഒരുതരത്തിൽ പറഞ്ഞാൽ ആകാശയാത്രകളും ബഹിരാകാശയാത്രകളും മനുഷ്യനെക്കാൾ മുന്നേ നടത്തിയത് മൃഗങ്ങളാണ്. ഇതൊക്കെ ഗവേഷണങ്ങൾക്കായി മനുഷ്യസഹായത്തോടെ നടത്തിയ യാത്രകളാണെങ്കിലും സത്യമതാണ്. ഇതുവരെയും അമേരിക്ക, റഷ്യ, ഫ്രാൻസ്, അർജന്റീന, ചൈന, ജപ്പാൻ, ഇറാൻ തുടങ്ങിയ രാജ്യങ്ങൾ തങ്ങളുടെ പരീക്ഷണങ്ങൾക്കും ഗവേഷണങ്ങൾക്കുമായി മൃഗങ്ങളെ ബഹിരാകാശത്തേക്ക് കയറ്റി അയച്ചിട്ടുണ്ട്. എന്തൊക്കെത്തരം മൃഗങ്ങളെയാണ് ഇവർ ഇത്തരത്തിൽ ആകാശയാത്രയ്ക്കായി ഉപയോഗിച്ചിട്ടുള്ളത് എന്നു കേട്ടാൽ നാം ഞെട്ടും. കുരങ്ങ്, ആൾക്കുരങ്ങ്, നായ, പൂച്ച, ആമ, മുയൽ, എലി, തവള, എട്ടുകാലി, വിവിധ പ്രാണികൾ... ലിസ്റ്റ് അങ്ങിനെ നീണ്ടുപോകും. റഷ്യയുടെ മിർ സ്പേസ് സ്റ്റേഷനിൽ കാടമുട്ടകൾവരെ ഉണ്ടായിരുന്നു. ആകാശത്ത് നൂറു കിലോമീറ്റർ മുകളിൽ ജീവൻ എങ്ങിനെ നിലനിൽക്കും എന്നറിയുവാനാണ് മനുഷ്യൻ ഇത്തരത്തിൽ ജീവികളെ ആകാശയാത്രയ്ക്കായി തിരഞ്ഞെടുത്തിരുന്നത്.

ഈ പണി ഇന്നും ഇന്നലെയുമൊന്നും തുടങ്ങിയതല്ല. 1783 ൽ ഒരു കോഴി, ഒരു താറാവ് പിന്നെയൊരു ആട് എന്നിവയെ മോണ്ട്ഗോൾഫിയർ സഹോദരന്മാർ ചൂടുവായു നിറച്ച ഒരു ഭീമൻ ബലൂണിൽ കയറ്റി ആകാശയാത്രക്കായി വിട്ടിരുന്നു. ഭൗമോപരിതലത്തിൽ ജീവിക്കുന്ന ജീവികൾ ആകാശത്ത് എങ്ങിനെ പെരുമാറും എന്നറിയുവാനായിരുന്നു ഈ പരീക്ഷണം നടത്തിയത്.

എന്നാൽ ആദ്യമായി ബഹിരാകാശയാത്ര നടത്തുവാൻ ഭാഗ്യം ലഭിച്ചത് ഒരുകൂട്ടം പഴയീച്ചകൾക്കാണ് (Common fruit fly). 1947 ൽ അമേരിക്കയുടെ V-2 റോക്കറ്റിലാണ് ഈച്ചകൾ വിജയകരമായി ബഹിരാകാശയാത്ര നടത്തിയത്. ഈച്ചകളുടെ കൂട്ടത്തിൽ പായൽവർഗത്തിൽപ്പെട്ട(Mosses) ചില ചെടികളും ഉണ്ടായിരുന്നു. ബഹിരാകാശവികിരണങ്ങൾ ജീവനെ എങ്ങിനെ ബാധിക്കും എന്നു പരീക്ഷിക്കുകയായിരുന്നു ഈ യാത്രയുടെ ഉദ്ദേശ്യം. രണ്ടു വർഷങ്ങൾക്കു ശേഷം 1949 ലാണ് ആദ്യ സസ്തനി ബഹിരാകാശത്ത് എത്തുന്നത്. ആൽബർട്ട് 2 (Albert II) എന്നു പേരുള്ള ഒരു റീസസ് (Rhesus macaque) കുരങ്ങായിരുന്നു അത്. അമേരിക്കയുടെ V2 റോക്കറ്റിൽ തന്നെയാണ് ആൽബർട്ട്, 134 കിലോമീറ്റർ ഉയരത്തിൽ എത്തിയത്. എന്നാൽ തിരിച്ചിറങ്ങുന്ന സമയം പാരച്യൂട്ട് വിടരാതിരുന്നതിനാൽ അതിവേഗത്തിൽ ഭൂമിയിൽ നിലംപതിച്ച് ആൽബർട്ട് മരണപ്പെട്ടു. 1950 നും 60നും ഇടയിൽ അനേകം കുരങ്ങുകളെ അമേരിക്ക ഇത്തരത്തിൽ ബഹിരാകാശയാത്രയ്ക്കായി നിയോഗിച്ചിട്ടുണ്ട്. അവയിൽ ഭൂരിഭാഗവും മരണപ്പെടുകയാണുണ്ടായത്. കുരങ്ങുകൾ മാത്രമല്ല ആൾക്കുരങ്ങുകളും (Great Apes) ഇതുപോലുള്ള പരീക്ഷണപ്പറക്കലുകളിൽ പങ്കെടുത്തിട്ടുണ്ട്. അക്കൂട്ടത്തിൽ ആദ്യത്തെ ആൾക്കുരങ്ങാണ് ഹാം (Ham) എന്ന ചിമ്പാൻസി.

ലഭിക്കുകയും ചെയ്യും. ഇത്തരം യാത്രകൾക്കിടയിൽ മറ്റു ജോലികൾ ജീവികൾക്ക് ചെയ്യാനാവുമോ എന്ന് പരീക്ഷിക്കുകയായിരുന്നു ഇതിന്റെ ഉദ്ദേശ്യം. യാത്ര തുടങ്ങുന്നതിനു മുൻപ് അവസാനനിമിഷത്തിൽ ഹാമിന് എന്തെങ്കിലും ആരോഗ്യപ്രശ്നങ്ങൾ ഉണ്ടായാൽ പകരം ആ സ്ഥാനത്തുകയറുവാൻ മിന്നി (Minnie) എന്നൊരു ചിമ്പാൻസിയെയും അവർ പരിശീലിപ്പിച്ചിരുന്നു. എന്തായാലും അവസാനം 1961 ജനുവരി 31ന് ഹാം അമേരിക്കയുടെ പ്രോജക്റ്റ് മെർക്കുറിയുടെ ഭാഗമായ MR-2 (Mercury-Redstone 2) എന്ന



പരീക്ഷണറോക്കറ്റിൽ ബഹിരാകാശത്തേക്ക് കുതിച്ചുയർന്നു.

സെക്കൻഡുകൾ താമസമുണ്ടായെങ്കിലും ലീവർ വലിക്കുന്ന ജോലി ഹാം നന്നായിത്തന്നെ ചെയ്യുന്നുണ്ടായിരുന്നു. ഹാം ഇടക്കിടെ പരിഭ്രമിക്കുന്നതും ചുറ്റും നോക്കുന്നതും വീഡിയോയിൽ ദൃശ്യമായിരുന്നു. ഹാമിന്റെ ബഹിരാകാശയാത്ര 16 മിനിറ്റുകളും 39 സെക്കൻഡുകളും നീണ്ടുനിന്നു. തിരിച്ചിറങ്ങുംവഴി ഹാമിന്റെ പേടകം സാങ്കേതികത്തകരാറുകൾ മൂലം അമിതമായി ചൂടാവുകയും നിയന്ത്രണംവിട്ട് ഉദ്ദേശിച്ച സ്ഥലത്തുനിന്ന് 95.5 കിലോമീറ്ററുകൾ മാറി കടലിൽ പതിക്കുകയും ചെയ്തു. എന്നിരുന്നാലും ഹാമിന്റെ അറയ്ക്കുള്ളിൽ വെള്ളം കയറുന്നതിനു മുമ്പുതന്നെ കപ്പൽ എത്തിച്ചേരുകയും ഹാമിനെ രക്ഷിക്കുകയും ചെയ്തു. മൂക്കിൽ ചെറിയൊരു മുറിവൊഴിച്ച് അവന് വേറെ കുഴപ്പങ്ങളൊന്നുംതന്നെ ഉണ്ടായിരുന്നില്ല.

വിജയകരമായി തിരിച്ചെത്തിയ ഹാം വാർത്തകളിൽ നിറഞ്ഞുനിന്നു. പിന്നീട് 1963 വരെയും അവൻ അതേ പരീക്ഷണശാലയിൽത്തന്നെ തുടർന്നു.

ആ വർഷം ഏപ്രിൽ അഞ്ചിന് ഹാമിനെ വാഷിംഗ്ടണിലെ നാഷണൽ മൃഗശാലയിലേക്കു മാറ്റി. അവിടെ 17 കൊല്ലങ്ങൾ ഹാം ഒറ്റയ്ക്കാണ് കഴിഞ്ഞത്. പിന്നീട് 1980ൽ അവനെ നോർത്ത് കരോലിനയിലെ മൃഗശാലയിൽ ഒരു കൂട്ടം ചിമ്പാൻസികളുടെ കൂട്ടത്തിലേക്കു മാറ്റി. എന്നാൽ തുടർന്ന് അധികനാൾ ഹാം ജീവിച്ചിരുന്നില്ല.

1983 ജനുവരി 19 ന് ആദ്യ ബഹിരാകാശസഞ്ചാരിയായ ചിമ്പാൻസിയായ ഹാം തന്റെ 26-ാമത്തെ വയസ്സിൽ മരണമടഞ്ഞു.



## ലയ്ക

1957ൽ സോവിയറ്റ്‌യൂണിയന്റെ സ്പുട്ട്നിക്-2 പേടകത്തിൽ ബഹിരാകാശത്ത് എത്തിയ ലയ്ക എന്ന പെൺനായ ശൂന്യാകാശത്ത് എത്തിച്ചേർന്ന ആദ്യജീവിയല്ല, മറിച്ച് 160km മുകളിലേക്കുള്ള ലോ എർത്ത് ഓർബിറ്റിൽ ഭൂമിയെ വലംവെച്ച ആദ്യത്തെ മൃഗമാണ് (First animal to orbit the Earth). ലയ്ക പക്ഷേ മണിക്കൂറുകൾക്കകം മരണപ്പെട്ടിരുന്നു.



# അമുദ് എന്ന പൂച്ച

അഖിൽ എസ് മുരളീധരൻ



വര: രശ്മി രാഘവൻ



സത്യത്തിൽ ഞങ്ങളുടെ പൂച്ച മതിൽ ചാടിക്കടന്നു പോയോ?

ഇപ്പോഴും എനിക്കത് വിശ്വസിക്കാൻ പറ്റുന്നില്ല.

അമുദ് എന്ന ഒരു തടിയൻ പൂച്ച ആദ്യമായി വീട്ടിൽ വന്നപ്പോൾ കുരച്ചുകൊണ്ട് അവനെ പേടിപ്പിച്ച റോൺ സങ്കടം വന്നുകിടക്കുകയാണ്.

അഷിമ വാതിലിൽ വന്നു നിന്ന് അമുദിനെ കാണണമെന്ന് വാശിപിടിച്ചപ്പോൾ നിവർത്തിയില്ലാതെ ഞങ്ങൾ പറമ്പിലേക്ക് ഇറങ്ങി.

അപ്പോൾ മഴ കഴിഞ്ഞിട്ടേയുണ്ടായിരുന്നുള്ളൂ.

എല്ലാ മരങ്ങളുടെയും ഇടയിൽനിന്ന് ഓരോന്ന് പൊന്തി വന്നു. ചിത്രശലഭങ്ങളും പ്രാണികളും.

അഷിമ എന്റെ തോളിൽ ചേർന്നുകിടന്നു.

ഓരോ മരത്തിന്റെയും ഇടയിൽ അമുദ് എന്ന പൂച്ച ഒളിഞ്ഞിരിക്കുകയും ഇടയ്ക്ക് എന്തെങ്കിലും ശബ്ദമുണ്ടാക്കുകയും ഉറക്കെ ചിരിക്കുകയും ചെയ്യുമെന്ന് ഞാൻ അവളോടു പറഞ്ഞു.

ആകാശത്തത്രേം നിറഞ്ഞ നിലയിൽ ഒരു തടിയൻ വെളുത്ത പഞ്ഞിക്കെട്ട് പറന്നു പോകുന്നതു കണ്ടപ്പോൾ അവൾ 'അമുദ് അമുദ്' എന്ന് ഉറക്കെ വിളിച്ചു.

"അച്ഛാ... നോക്ക്, ഒരു തടിയൻ പൂച്ച!"

ശരിക്കും തൊടിയിലെ മരങ്ങൾക്കിടയിലൂടെ ഞാനും കണ്ടു, ഒരു തടിയൻ പൂച്ച ആകാശത്തെ തൊട്ട് അങ്ങനെ പറന്നുപോകുന്നത്.



# ആകാശത്തെ അതിഥി

**വി എസ് ശ്യാം**

ഇതാ സൗരയൂഥത്തിന്റെ അങ്ങേത്തലയ്ക്കൽ നിന്നുള്ള ഒരു വിശേഷ അതിഥി നമ്മെക്കാണാൻ എത്തുന്നു. മറ്റാരുമല്ല, ഒരു ധൂമകേതുവാണ്! ഈ ജനുവരി - ഫെബ്രുവരി മാസങ്ങളിൽ 50,000 വർഷങ്ങൾക്കു ശേഷം വിരുന്നുവരുന്ന ഒരു ധൂമകേതു ഭൂമിക്കു സമീപത്തുകൂടി കടന്നുപോകും. നമുക്ക് ചിലപ്പോൾ അത് വളരെ വ്യക്തമായി കാണാനും കഴിഞ്ഞേക്കും. വളരെ വിചിത്രമായ പേരാണ് ഈ അതിഥിക്ക് ശാസ്ത്രജ്ഞർ നൽകിയിരിക്കുന്നത്. C/2022 E3 (ZTF)!

2022 മാർച്ച് മാസം രണ്ടാം തീയതി അമേരിക്കയിലെ കലിഫോർണിയയിൽ ഉള്ള മൗണ്ട് പലോമറിലെ സ്വിക്കി ട്രാൻസിയൻറ് ഫെസിലിറ്റി (Zwicky Transient Facility - ZTF) എന്ന സംവിധാനം ഉപയോഗിച്ചു നടത്തിയ നിരീക്ഷണത്തിലാണ് ഈ ധൂമകേതുവിനെ നമ്മൾ ആദ്യമായി കണ്ടെത്തിയത്.

ജ്യോതിശാസ്ത്രജ്ഞരായ ബ്രൈസ് ബോളിനും ഫ്രാങ്ക് മാസ്സിയും ചേർന്ന് 2022 മാർച്ച് 2ന് C/2022 E3 യെ കണ്ടുപിടിച്ചപ്പോൾ അത് സൂര്യനിൽനിന്ന് 640 ദശലക്ഷം കിലോമീറ്റർ അകലെയായിരുന്നു. ഈ വസ്തു ആദ്യം ഛിന്നഗ്രഹമാണെന്ന് കരുതിയെങ്കിലും പിന്നീടുള്ള നിരീക്ഷണങ്ങളിൽ ധൂമകേതുവാണെന്ന് മനസ്സിലാവുകയായിരുന്നു.

വളരെ നീണ്ട പരിക്രമണപഥത്തിലൂടെയാണ് ഇതു സഞ്ചരിക്കുന്നത്. അവസാനമായി ഇത് സൂര്യന് അടുത്തെത്തിയത് 50,000 വർഷം മുൻപാണത്രേ. ധൂമകേതുക്കളുടെ പരിക്രമണപഥത്തെക്കുറിച്ചുള്ള പഠനത്തിൽനിന്നാണ് ഇതു കണക്കാക്കിയിരിക്കുന്നത്. ഈ ധൂമകേതുവിന്റെ വരവ് വിദൂരതയിൽ, സൗരയൂഥത്തിന്റെ അതിരിലെ ഊർട്ട് മേഘത്തിൽ (Oort Cloud) നിന്നാകണം.


ഇക്കഴിഞ്ഞ ജനുവരി 12ന് അത് സൂര്യന്റെ അടുത്തെത്തി. അതായത് നമ്മളിൽനിന്ന് ഏതാണ്ട് 15 കോടി കിലോമീറ്റർ ദൂരത്തിൽ. സൂര്യനെ ചുറ്റിത്തിരിച്ചുള്ള യാത്രയ്ക്കിടയിൽ ഫെബ്രുവരി ആദ്യം ഭൂമിയിൽ നിന്ന് ഏതാണ്ട് 5 കോടി കിലോമീറ്റർ ദൂരത്തിലൂടെ ഈ ധൂമകേതു കടന്നുപോകും. ആ ദിവസങ്ങളിൽ ഒരുപക്ഷേ നമ്മുടെ നഗ്നനേത്രങ്ങൾക്ക് ദൃശ്യമായേക്കാം. ഫെബ്രുവരി 10 ആവുമ്പോഴേക്കും ഈ വാൽനക്ഷത്രം ചൊവ്വാഗ്രഹത്തിന്റെ അടുത്തുനിന്ന് ഏതാണ്ട് 1.5 ഡിഗ്രി മാറി കാണാനാവും.

ധൂമകേതുവിന്റെ പ്രധാനപ്പെട്ട ഭാഗങ്ങളാണ് ന്യൂക്ലിയസ് (Nucleus), കോമ (Coma), ഹൈഡ്രജൻ മേഘം (Hydrogen cloud), വാൽ (tail) എന്നിവ.


ധൂമകേതുവിന്റെ കേന്ദ്രം

## എന്താണ് ZTF?

രാത്രിയാകാശത്തെക്കുറിച്ചുള്ള ചിട്ടയായ പഠനം ലക്ഷ്യമിട്ടുള്ള പൊതു-സ്വകാര്യ പങ്കാളിത്തമാണ് സ്വിക്കി ട്രാൻസിയന്റ് ഫെസിലിറ്റി (Zwicky Transient Facility – ZTF) എന്ന പരീക്ഷണ നിരീക്ഷണസംവിധാനം. വളരെ വിശാലമായ ഫീൽഡ് വ്യൂ ക്യാമറ ഉപയോഗിച്ച്, ZTF രണ്ടുദിവസത്തിലൊരിക്കൽ വടക്കൻ ആകാശം മുഴുവൻ സ്കാൻ ചെയ്യും. ഇത്, ഭൂമിക്ക് സമീപമുള്ള ഛിന്നഗ്രഹങ്ങൾ മുതൽ വിദൂരമായ സൂപ്പർനോവകളെക്കുറിച്ചുള്ള പഠനം വരെ നടത്താൻ ജ്യോതിശാസ്ത്രസമൂഹത്തെ പ്രാപ്തരാക്കും. അമേരിക്കയിലെ നാഷണൽ സയൻസ് ഫൗണ്ടേഷനും അവിടുത്തെ സർവകലാശാലകളുടെയും ശാസ്ത്ര ഗവേഷണസ്ഥാപനങ്ങളുടെയും അന്താരാഷ്ട്ര കൂട്ടായ്മയും ചേർന്നാണ് ZTF പ്രവർത്തിപ്പിക്കുന്നത്.



നൂറുകണക്കിന് മീറ്റർ മുതൽ പതിനായിരക്കണക്കിനു കിലോമീറ്റർ വരെ നീളമുള്ളവയാണ്. ഐസ്, പൊടി, ചെറിയ പാറക്കെട്ടുകൾ മുതലായവയാൽ നിർമ്മിതവുമാണ്. സൂര്യനോട് അടുത്തുവരുമ്പോൾ സൂര്യകിരണങ്ങളും സൗരവാതവുമേറ്റ് ധൂമകേതുവിന്റെ ന്യൂക്ലിയസിനു ചുറ്റുമായി ഏകദേശം ഗോളാകൃതിയിൽ, അത്യന്തം നേർത്തതും ബൃഹത്തായതുമായ ഒരു വാതകാവരണം രൂപീകൃതമാകുന്നു. ഇതിനെയാണ് കോമ അഥവാ ധൂമകേതുവിന്റെ ശിരസ്സ് എന്നു പറയുന്നത്. കോമയുടെ വലിപ്പം ഭൂമിയുടെ വ്യാസത്തിന്റെ 15 ഇരട്ടി വരെയാകാം. അതേസമയം വാൽ അതിലും വളരെയേറെ നീളത്തിൽ ആയിരിക്കും ഉണ്ടാവുക. 2022 നവംബർ ആദ്യത്തോടെ, നമ്മുടെ C/2022 E3 (ZTF) ധൂമകേതുവിന്റെ കാന്തിമാനം പതുക്കെപ്പതുക്കെ ഉയർന്ന് നന്നായി തിളങ്ങാൻ തുടങ്ങി. വാൽനക്ഷത്രം പച്ച നിറത്തിലുള്ള കോമയും മഞ്ഞ കലർന്ന പൊടിവാലും മങ്ങിയ അയോൺവാലും പ്രദർശിപ്പിച്ചു. ധൂമകേതു വൈകുന്നേരത്തോടെ ദൃശ്യമാവുകയും നവംബർ അവസാനത്തോടെ രാവിലെ ദൃശ്യമാകാൻ തുടങ്ങുകയും ചെയ്തു. ഡിസംബർ 19 ആയപ്പോഴേക്കും വാൽനക്ഷത്രം പച്ചകലർന്ന ഒരു തലയും കോമയും, ചെറിയ വീതിയേറിയ പൊടിവാലുകളും,


ജനുവരി അവസാനവും ഫെബ്രുവരി ആദ്യവുമായി ധൂമകേതുവിന്റെ പാത

നീളമുള്ള മങ്ങിയ അയോൺ വാലും വികസിപ്പിച്ചെടുത്തിരുന്നു.


C/2022 E3 വാൽനക്ഷത്രത്തെ 2022 മാർച്ചിൽ കണ്ടെത്തി നിരീക്ഷിച്ചു തുടങ്ങിയപ്പോൾ ഒരു ഛിന്നഗ്രഹമാണെന്നാണ് ശാസ്ത്രജ്ഞർ കരുതിയത്. പിന്നീട് ജാപ്പനീസ് നിരീക്ഷകനായ ഹിരോഹിസ സാറ്റോയുടെ ഫോട്ടോഗ്രാഫുകൾ ഒരു ചെറിയ കോമയെയും വാലിനെയും മറ്റും വെളിപ്പെടുത്തി. അങ്ങനെ അത് ഒരു ധൂമകേതുവാണെന്ന് സ്ഥിരീകരിച്ചു. ലോകത്തെ മറ്റു ഭാഗങ്ങളിൽനിന്നുള്ള നിരീക്ഷകരുടെ നിരീക്ഷണഫലങ്ങളും സാറ്റോയുടെ റിപ്പോർട്ടിനെ സ്ഥിരീകരിച്ചു.

ഇക്കഴിഞ്ഞ ജനുവരി 16-17 തീയതികളിൽ, വാൽനക്ഷത്രം പ്രതിദിനം 1.5 ഡിഗ്രിയിൽ വടക്കു പടിഞ്ഞാറോട്ട് പോകുന്നതായി നമുക്ക് കാണാനായിട്ടുണ്ട്. ഫെബ്രുവരി 1 ന് ഭൂമിയോട് ഏറ്റവും അടുത്ത പോയിന്റിൽ എത്തും.

2022 E3 (ZTF) ആകാശത്ത് മങ്ങിയതും പച്ചകലർന്നതുമായ ചെളികൊണ്ടുണ്ടാക്കിയ വസ്തു പോലെയാവും കാണപ്പെടുക. പ്രധാനമായും വാൽനക്ഷത്രത്തിന്റെ തലയ്ക്കു ചുറ്റുമുള്ള ഡയാറ്റോമിക് കാർബണിന്റെ സാന്നിധ്യം മൂലമാണ് അതിനു പച്ചനിറം ഉണ്ടാവുന്നത്. കാർബൺ തന്മാത്രകൾ സൂര്യനിൽനിന്നുള്ള അൾട്രാവയലറ്റ് വികിരണത്താൽ ഉത്തേജിതമാകുമ്പോഴാണ് ഇതു സംഭവിക്കുക. പല ധൂമകേതുക്കളിലും വളരെ കൃത്യമായി ദൃശ്യമാകുന്ന വാൽ ഉണ്ടാകാൻ ഒരുപക്ഷേ സാധ്യതയില്ല. ഈ വാൽനക്ഷത്രം സൂര്യനെ ചുറ്റാൻ ഏകദേശം 50,000 വർഷമെടുക്കും എന്നു പറഞ്ഞല്ലോ. അതിനാൽ ഇതു കാണാനുള്ള അവസരം ജീവിതത്തിൽ ഒരിക്കൽ മാത്രമേ ലഭിക്കൂ. എല്ലാവരും നമ്മുടെ വിശേഷാതിഥിയെ കാണാൻ ശ്രമിക്കണേ.

## ധൂമകേതുക്കൾ

സൗരയൂഥത്തിന്റെ ഭാഗമായിരുന്നുകൊണ്ട് സൂര്യനെ ചുറ്റുകയും സൂര്യന്റെ അടുത്തെത്തുമ്പോൾ സൂര്യന്റെ ചൂടുമൂലം വാൽ രൂപപ്പെടുകയും ചെയ്യുന്ന ജ്യോതിർവസ്തുക്കളാണ് ധൂമകേതുക്കൾ. ധൂമകേതുക്കളുടെ പരിണാമത്തെക്കുറിച്ച് വളരെ കൃത്യമായ നിഗമനത്തിലെത്താൻ ശാസ്ത്രജ്ഞർക്ക് ഇനിയും കഴിഞ്ഞിട്ടില്ല. ഇവ പ്രധാനമായും സൗരയൂഥത്തിന്റെ അതിരുകളിൽ ഉള്ള കൈപ്പർ വലയത്തിൽ (Kuiper Belt) നിന്നും ഊർട്ട്മേഘത്തിൽ (Oort cloud) നിന്നുമാണ് വരുന്നതെന്നാണ് ആധുനിക പഠനങ്ങൾ കാണിക്കുന്നത്. ഓരോ ധൂമകേതുവിന്റെയും പ്രദക്ഷിണകാലം വ്യത്യസ്തമാണ്. മൂന്നേകാൽ വർഷം മുതൽ 10,00,000 വർഷം വരെ പ്രദക്ഷിണകാലമുള്ള ധൂമകേതുക്കളുണ്ട്. പ്രദക്ഷിണകാലം ഇരുന്നൂറു വർഷത്തിൽ കുറഞ്ഞവയെ ഹ്രസ്വകാല



## വ്യാഴത്തെ ഇടിച്ച ഷൂമേക്കർ ലെവി

ഓരോ തവണയും സൂര്യനോടടുക്കുമ്പോൾ ധൂമകേതുക്കളുടെ ഉപരിതലപാളിയിൽനിന്ന് വാതകങ്ങളും ശിലാധൂളികളും നഷ്ടമായിക്കൊണ്ടിരിക്കും. ആകെ ഭാരത്തിന്റെ ഒന്നോ രണ്ടോ ശതമാനംവരെ ഇങ്ങനെ നഷ്ടപ്പെടാം. നൂറുതവണയിൽ കൂടുതൽ സൂര്യനെ സമീപിക്കാൻ കഴിയുന്ന ധൂമകേതുക്കൾ അപൂർവമാണ്. ചിലവ അവയുടെ സഞ്ചാരവേളയിൽ വലിയ ഗ്രഹങ്ങളുടെ (ഉദാ. വ്യാഴം) സമീപത്തെത്താറുണ്ട്. ഇത്തരം ഗ്രഹങ്ങളുടെ ആകർഷണം കാരണം ധൂമകേതുവിലെ കുറേ ഭാഗം നഷ്ടമാവുകയും ഇത് പല തവണ ആവർത്തിക്കപ്പെടുന്നതോടെ ധൂമകേതുവിന്റെ സ്ഥിരത നഷ്ടപ്പെടുകയും ചെയ്യും. 1994 ജൂലൈയിൽ ഷൂമേക്കർ ലെവി (SL 9) ധൂമകേതു വ്യാഴത്തിനു സമീപമെത്തിയതോടെ ഇരുപതിലേറെ കഷണങ്ങളായി ചിന്നിച്ചിതറുകയും ഒന്നിനു പുറകെ ഒന്നായി വ്യാഴത്തിൽപ്പോയി പതിച്ച് ഗ്രഹോപരിതലത്തിൽ വൻ വിക്ഷോഭം സൃഷ്ടിക്കുകയും ചെയ്തു.



ധൂമകേതുക്കളെന്നും അതിൽ കൂടിയവയെ ദീർഘകാല ധൂമകേതുക്കളെന്നും വിളിക്കുന്നു. നമ്മുടെ ഇത്തവണത്തെ അതിഥി ഒരു ദീർഘകാലധൂമകേതുവാണ്.

ഇതിനോടകം നമുക്ക് നാലായിരത്തി അഞ്ഞൂറിലേറെ ധൂമകേതുക്കളെ തിരിച്ചറിയാനും നിരീക്ഷിച്ചു പഠിക്കാനും സാധിച്ചിട്ടുണ്ട്. സൗരയൂഥത്തിനു പുറത്തുള്ള ഊർട്ട് മേഘത്തിൽ ധൂമകേതുവിനെപ്പോലെയുള്ള വസ്തുക്കളുടെ എണ്ണവും ഏതാണ്ട് ഒരു ലക്ഷം കോടിയോളം വരും. അതിനാൽ ഇപ്പോൾ നാം അറിയുന്നതിനും എത്രയോ അധികമാവും യഥാർഥത്തിൽ ധൂമകേതുക്കളുടെ എണ്ണം.

ധൂമകേതുക്കൾ ജ്യോതിശാസ്ത്രജ്ഞരുടെ ശ്രദ്ധയാകർഷിക്കാൻ നിരവധി കാരണങ്ങളാണുള്ളത്. ധൂമകേതുവിൽ നടക്കുന്ന സങ്കീർണ്ണങ്ങളായ രാസഭൗതിക പ്രക്രിയകൾ പഠനാർഹമാണ്. സൗരവാതനിർണ്ണയത്തിനുള്ള വിലയേറിയ സങ്കേതങ്ങളാണിവ. മാത്രമല്ല, സൗരയൂഥത്തിന്റെ ആദ്യകാല അവശിഷ്ടങ്ങളാണ് ധൂമകേതുക്കൾ. അതിനാൽ സൗരയൂഥത്തിന്റെ രൂപീകരണത്തെ സംബന്ധിച്ച വിവരങ്ങളുടെ കലവറ കൂടിയാണിവ. ധൂമകേതുക്കളെക്കുറിച്ച് പഠനം നടത്തുന്ന ശാസ്ത്രമാണ് കോമറ്റോളജി.



വേണ്ടത്ര തെളിച്ചമുള്ളതാണെങ്കിൽ, ധൂമകേതുവിനെ ദൂരദർശിനിയുടെ സഹായമില്ലാതെ ഭൂമിയിൽനിന്ന് നിരീക്ഷിക്കാൻ സാധിക്കും. ധൂമകേതുക്കളെ പുരാതന കാലം മുതൽ പല സംസ്കാരങ്ങളും മതങ്ങളും നിരീക്ഷിക്കുകയും രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

ഓരോ 75–76 വർഷത്തിലും ഭൂമിയിൽനിന്ന് ദൃശ്യമാകുന്ന ധൂമകേതുവാണ് ഹാലിയുടെ ധൂമകേതു. ഔദ്യോഗികമായി 1P/ഹാലി എന്ന് നാമകരണം ചെയ്യപ്പെട്ടിരിക്കുന്നു. ഭൂമിയിൽനിന്ന് നഗ്നനേത്രങ്ങൾക്ക് പതിവായി ദൃശ്യമാകുന്ന ഒരേയൊരു ഹ്രസ്വകാല ധൂമകേതു ഹാലിയാണ്. ഹാലിയുടെ വാൽനക്ഷത്രം അവസാനമായി 1986ൽ നമ്മെ സന്ദർശിക്കുകയുണ്ടായി. ഇനി 2061ന്റെ മധ്യത്തിൽ വീണ്ടും ദൃശ്യമാകും.

# യോജിച്ചാൽ ശക്തി കൂടും

**പള്ളിയറ ശ്രീധരൻ**



വര: അരുൺ ഗോകുൽ

പത്തുപേരും ഒത്തുകൂടിയിട്ടുണ്ട്. പൂജ്യം, ഒന്ന്, രണ്ട്, ഒമ്പത് എന്നിങ്ങനെ പത്തുപേർ. ഇവരിൽ ഏറ്റവും വിലകുറഞ്ഞവൻ പൂജ്യം ആണെന്നാണ് എല്ലാവരുടെയും വിശ്വാസം. ഏറ്റവും ഇളയവൻ കൂടിയാണ് പൂജ്യം. അവന്റെ ഏറ്റവും അടുത്ത ചങ്ങാതിയാണ് ഒന്ന്. ഇവരെ പലപ്പോഴും ഒന്നിച്ചു കാണാം.

ഇവരിൽ വലിയ ശക്തിക്കാരൻ ഒമ്പതാണ്. ഏറ്റവും വില കൂടിയവൻ എന്ന അഭിമാനം മാത്രമല്ല അഹങ്കാരം കൂടിയുണ്ട് ഒമ്പതിന്.

ഒരു ദിവസം ഒമ്പത് അടുത്തിരിക്കുന്ന എട്ടിന് ഒരടി കൊടുത്തു. എട്ട് ഒമ്പതിനോട് പരാതിപ്പെട്ടു, എന്തിനാ എന്നെ അടിച്ചത്?

"നീ എന്നേക്കാൾ ചെറിയവനാ, നീ മാത്രമല്ല എല്ലാവരും എന്നേക്കാൾ ചെറിയവർ. എനിക്ക് നിന്നെ അടിക്കാൻ അവകാശമുണ്ട്."

എന്തുത്തരം പറയും! ഒമ്പതിനേക്കാൾ ഞാൻ ചെറിയവൻ തന്നെ.

വലിയവർക്ക് ചെറിയ ആളെ അടിക്കാമെങ്കിൽ എനിക്ക് ഏഴിനെ അടിക്കാമല്ലോ.

എട്ട് ഉടനെ ഏഴിന് ഒരടി കൊടുത്തു.

എട്ടും ഏഴിനോട് പറഞ്ഞു. "നീ എന്നേക്കാൾ ചെറുതാണ്. എനിക്ക് നിന്നെ അടിക്കാം."

ഏഴ് മറുപടി ഒന്നും പറഞ്ഞില്ല. കൊടുത്തു ആറിന് ഒരടി. ആറിനോട് കാര്യം പറഞ്ഞു.

തന്നിൽ ചെറിയവരെ അടിക്കുന്ന ജോലി തുടർന്നു. ഒടുവിൽ രണ്ടിനും കിട്ടി ഒരടി. പക്ഷേ രണ്ട് ഒന്നിനെ അടിക്കാൻ തുടങ്ങുമ്പോൾ ഒന്ന് തനിച്ചായിരുന്നില്ല. കൂട്ടുകാരനായ പൂജ്യം ഉണ്ടായിരുന്നു ഒപ്പം. രണ്ട് ഒന്നിനെ നോക്കിയപ്പോൾ വില പത്ത്. എല്ലാവരേക്കാളും വലുത്. ഒമ്പതിനുപോലും അടിക്കാൻ പറ്റില്ല. ഒന്ന് പറഞ്ഞു,

ഐകമത്യം മഹാബലം യോജിച്ചാൽ ശക്തി കൂടും.

email: palliyarasreedharan@gmail.com

# കിളി

ശ്രീജിത്ത് അരിയല്ലൂർ



വര: ജാസില ലുലു

കുട്ടിക്കാലത്ത് കേട്ട,
ഒരു കിളിയുടെ ശബ്ദം
വർഷങ്ങൾക്കു ശേഷം
ഞാനിന്ന് വീണ്ടും കേട്ടു...!

അന്നു കേട്ട അതേപോലെ
ആ ശബ്ദം എന്നെ കേൾപ്പി-
ക്കാൻ
പ്രകൃതി നിശ്ചലമായി
നിൽക്കുന്നതായി
എനിക്കു തോന്നി!

എനിക്കെന്റെ
മരിച്ചുപോയ അമ്മയെ
പെട്ടെന്ന് എന്നത്തേക്കാൾ
ഓർമ്മ വന്നു...!

അമ്മയുടെ ഒക്കത്തിരുന്ന്
ഹോമിയോ
ഡോക്ടറുടെയടുത്തു പോയത്...
വയ്യാത്ത അമ്മ
എന്റെ ഭാരത്താൽ കിതച്ചത്...

അമ്മ
വെളുവെളുത്ത ഗുളികകൾ
വായിൽ വെച്ചുതരുന്നത്...
ഞാൻ

ഇനിയുമിനിയും
വേണമെന്നു പറഞ്ഞു
വാശിപിടിക്കുന്നത്...
വഴിയരികിൽ വിൽക്കാൻ വെച്ച
പാവയ്ക്കു കരഞ്ഞത്...
അമ്മ പഞ്ഞിൽ
വറുത്തു തരുന്നത്...
ഒരു ശബ്ദംകൊണ്ട് ആ കിളി
എന്തെല്ലാം ഓർമ്മിപ്പിക്കുന്നു!

കാറ്റും മിന്നലും മഴയും
വരുമ്പോൾ
ജനലിൽ കർട്ടനാക്കുന്ന
നീലയിൽ വെള്ളപ്പുള്ളിയുള്ള
അമ്മയുടെ സാരി...
തണുത്ത രാത്രികൾ!

ഉച്ചയ്ക്ക്,
പാവാടയ്ക്കു മുകളിൽ
തോർത്തു മുണ്ടുടുത്ത്
അമ്മ തിരുമ്പുന്നത്
ഓർമ്മ വരുന്നു...
അമ്മ
കല്ലിൽ അടിച്ചു
തിരുമ്പുന്നതിന്റെ ശബ്ദം...
അതിന്റെ പ്രതിധ്വനി!

അമ്മ
മാന്തൾ
മുളകിട്ടു വെയ്ക്കുന്ന കറിച്ചട്ടി...
ചെമ്മീനും കത്തിച്ചൂടയും
മൊരിച്ചു വറുത്തു തരുന്ന
ചീഞ്ചട്ടി...
ഞങ്ങൾ അവസാനം
ചോറിട്ടു കുഴയ്ക്കുന്ന
അതിന്റെ മണം!

പാത്രം കഴുകുന്ന
വെണ്ണീർ ചാക്ക്...
ചുറ്റിലും മുളച്ച
മുളക്, തക്കാളി,
പയർ പൊടിപ്പുകൾ...

എന്നോ വീണ
ഒരോല മടലിന്റെ ശബ്ദം!

അലക്കുമ്പോളും
ഇടിക്കുമ്പോളും ഉണ്ടാക്കുന്ന
ശ്...ശ്...ശ്... ശബ്ദം!

കിളികൾ പറക്കുന്നത്
ആകാശത്തിലൂടെയല്ല...
കാലങ്ങളിലൂടെയാണ്!

ഇനി എന്നു വരും
ഓർമ്മകളെ
ഉണർത്താൻ
ഞാൻ കാണാത്ത
പേരറിയാത്ത കിളി!

# വൺഡേ ട്രിപ്പ്

**പ്രിയംവദ മോഹൻദാസ്**

ഒരു വൈകുന്നേരം... കുഞ്ഞിയുറുമ്പ് തന്റെ കൂട്ടുകാരോടൊപ്പം വീട്ടിലിരുന്ന് പബ്ജി കളിക്കുകയായിരുന്നു.

പെട്ടെന്നവൾക്കൊരു ആഗ്രഹം തോന്നി. ഒരു യാത്ര പോവാൻ. അവൾ കളിനിർത്തി എല്ലാവരോടും പറഞ്ഞു:

"ഫ്രണ്ട്സ്... സദാസമയവും പബ്ജി കളിച്ച് നിങ്ങൾക്കു ബോറടിക്കുന്നില്ലേ? നമുക്കൊന്ന് ചിൽ ആവാൻ ഒരു വൺ ഡേ ട്രിപ്പ് പ്ലാൻ ചെയ്താലോ?"

ഇതുകേട്ട തടിയനുറുമ്പ് ഫോണിൽനിന്ന് കണ്ണെടുക്കാതെ സമ്മതം പറഞ്ഞു.

"ഓക്കേ ബ്രോ... ഞാൻ റെഡി!"

"എല്ലാവരും റെഡിയാണെങ്കിൽ നാളെ രാവിലെ നമ്മൾ പുറപ്പെടുന്നു."

എല്ലാവർക്കും നൂറുവട്ടം സമ്മതം തന്നെ.

പിറ്റേന്ന് അതിരാവിലെ കുളിച്ച് കുട്ടപ്പരായി എല്ലാവരും വരിവരിയായി യാത്ര ആരംഭിച്ചു.

പക്ഷേ എങ്ങോട്ട് പോകുമെന്ന വ്യക്തമായ പ്ലാൻ ആർക്കുമില്ലായിരുന്നു... കുറേ നടന്ന് ക്ഷീണിച്ചപ്പോൾ എല്ലാവരും മുക്കുറ്റിച്ചെടിയുടെ ചുവട്ടിൽ വട്ടമിരുന്ന് കൂലങ്കഷമായ ചർച്ച തുടങ്ങി.

"അഭിപ്രായങ്ങൾ ആർക്കും പറയാവുന്നതാണ്." കുഞ്ഞിയുറുമ്പ് എല്ലാവരോടുമായി പറഞ്ഞു.


ഓരോരുത്തർക്കും പറയാൻ കിട്ടിയ അവസരമല്ലേ! ആവേശത്തോടെ തങ്ങൾക്കിഷ്ടപ്പെട്ട സ്ഥലങ്ങൾ പറയാൻ തുടങ്ങി. നീണ്ട ചർച്ചയ്ക്കൊടുവിൽ അന്തിമതീരുമാനം കുഞ്ഞിയുറുമ്പ് ഉറക്കെ പ്രഖ്യാപിച്ചു!

"മായച്ചേച്ചിയുടെ വീട്ടിലെ അലമാരയിൽ സൂക്ഷിച്ച ശർക്കര ഭരണിയിലേക്ക് പോവാനെല്ലാവരും റെഡിയല്ലേ ഗയ്സ്?"

പഞ്ചസാര കട്ടുതിന്ന് മടുത്ത എല്ലാവർക്കും ശർക്കര ഭരണിയിലേക്കുള്ള യാത്ര പുതിയൊരു അനുഭവമായിരുന്നു... അങ്ങനെ അവർ വീണ്ടും യാത്രതുടങ്ങി.

വളഞ്ഞും പുളഞ്ഞും പാട്ടുകൾ പാടിയും അവർ ലക്ഷ്യത്തിലേക്കുള്ള പ്രയാണത്തിലാണ്.

"പാട്ടും പാടി കൂട്ടംകൂടി
വരിവരിയായി പോകുന്നേ.



വര: രശ്മി രാഘവൻ

ശർക്കരഭരണിയിൽ
ശർക്കര തിന്നാൻ
നിരനിരയായി പോകുന്നേ."

തേനുറുമ്പ് പാടിനിർത്തിയപ്പോൾ എല്ലാവരും അതേറ്റു പാടി.

ചിന്നനുറുമ്പ് നടക്കുന്നതിനിടയിൽ സെൽഫിയെടുത്ത് വാട്സ്ആപ്പ് സ്റ്റാറ്റസാക്കുന്ന തിരക്കിലാണ്. വഴിയിൽ കാണുന്ന കുഞ്ഞുചെടികളെയും പൂക്കളെയും പിന്നെ വഴിയേ പോകുന്ന തരുണീമണികളായ ഉറുമ്പുകളെയും ഫോട്ടോയിൽ പകർത്തുന്നുണ്ട്. സദാ മടിയനായ തടിയനുറുമ്പിന് കുറച്ചു നടന്നപ്പോഴേക്കും ആദ്യത്ത ആവേശമൊക്കെ കെട്ടടങ്ങിക്കഴിഞ്ഞു.

"തളർന്നു ഗയ്സ്... ഇനി ഒരടി നടക്കാൻ വയ്യ!"

നടത്തം നിർത്തി തടിയനുറുമ്പ് ഒരു ഉരുളൻകല്ലിൽ ചാരിയിരുന്ന് നെറ്റിയിലെ വിയർപ്പു തുടച്ചു. കൂട്ടത്തിൽ ബഹുരസികയായ ചോണനുറുമ്പ് തൽക്ഷണം തടിയനുറുമ്പിനെയെടുത്ത് തോളത്തേറ്റി. തേനുറുമ്പ് തടിയനുറുമ്പിന്റെ കൈ രണ്ടും പിടിച്ചു. കുഞ്ഞിയുറുമ്പാവട്ടേ കാലു രണ്ടും പിടിച്ചു. തേനുറുമ്പ് ആവേശത്തോടെ പാടി.

"ഐലസാ
ഐലസാ
കട്ടുറുമ്പിന്
ഐലസാ..."

ആ പാട്ടുകേട്ടാൽ ആർക്കാണു ചിരിവരാത്തത്?



അങ്ങനെ നടന്നുനടന്നവർ മായച്ചേച്ചിയുടെ അലമാരയ്ക്ക് മുന്നിലെത്തി.

ടീംലീഡർ കുഞ്ഞിയുറുമ്പ് ആകെ മൊത്തത്തിലൊന്ന് പരിശോധിച്ച് സുരക്ഷ ഉറപ്പു വരുത്തിയശേഷം ചെറിയൊരു ദ്വാരത്തിലൂടെ അലമാരക്കകത്തേക്കു തലയിട്ടുനോക്കി.

നോക്കുമ്പോഴെന്താ കഥ!

ചില്ലുഭരണിയിൽ ഭദ്രമായി സൂക്ഷിച്ചുവച്ചിരിക്കുന്നു ശർക്കരക്കൂമ്പാരം!

കുഞ്ഞിയുടെ വായിൽനിന്നു കുടുകുടാ വെള്ളം വന്നു. കൊതി സഹിക്കാനാവാതെ എല്ലാവരും ഭരണിയുടെ മുകളിലേക്ക് കൂട്ടമായി ഓടി. തേനുറുമ്പ് ചില്ലുഭരണിയെ ഉമ്മ വെച്ചുകൊണ്ടാണ് ഓടുന്നത്.

കുഞ്ഞിയുറുമ്പ് ചില്ലുഭരണിയുടെ മുകളിലാദ്യമെത്തി ഉറക്കെ അലറി വിളിച്ചു.

"ഐ ആം ദി വിന്നർ!"

എന്നാൽ തേനുറുമ്പിന് അതത്ര രസിച്ചില്ല കേട്ടോ.

അവൻ കുഞ്ഞിയുറുമ്പിന്റെ പിന്നിലൊരു അസ്സൽ കടി കൊടുത്തു.

ഉരുണ്ടുരുണ്ട് അവസാനമെത്തിയ തടിയനുറുമ്പും ചില്ലുഭരണിയുടെ മുകളിലെത്തി സ്ഥാനമുറപ്പിച്ചു കഴിഞ്ഞു.

അടുത്ത ടാസ്ക് ഭരണിക്കകത്തു കയറുക എന്നതാണ്.

"ഇറ്റ് ഈസ് സോ ഡിഫിക്കൽട്ട് യാർ!

ചോണനുറുമ്പ് കൂളിങ്ങ് ഗ്ലാസ് മാറ്റി ഗൗരവത്തോടെ അറിയാവുന്ന ഇംഗ്ലീഷ് വച്ചു കാച്ചി. എല്ലാവരും മുഖത്തോടു മുഖം നോക്കിയിരിപ്പാണ്.

**ഉരുണ്ടുരുണ്ട് അവസാനമെത്തിയ തടിയനുറുമ്പും ചില്ലു ഭരണിയുടെ മുകളിലെത്തി സ്ഥാനമുറപ്പിച്ചു കഴിഞ്ഞു. അടുത്ത ടാസ്ക് ഭരണിക്കകത്തു കയറുക എന്നതാണ്.**
**"ഇറ്റ് ഈസ് സോ ഡിഫിക്കൽട്ട് യാർ!"**
**ചോണനുറുമ്പ് കൂളിങ്ങ് ഗ്ലാസ് മാറ്റി ഗൗരവത്തോടെ അറിയാവുന്ന ഇംഗ്ലീഷ് വച്ചുകാച്ചി. എല്ലാവരും മുഖത്തോടു മുഖം നോക്കിയിരിപ്പാണ്.**

എങ്ങനെ അകത്തു കയറും?

ഇരുന്നും കിടന്നും ആലോചനയിലൊടുക്കം ഭാഗ്യമെന്നു പറയട്ടേ; മായച്ചേച്ചിയുടെ വികൃതിക്കുട്ടി ചന്തു, അമ്മ കാണാതെ അലമാര തുറന്ന് ശർക്കരഭരണിയുമായി പുറത്തേക്കു നടന്നു.

"യ്യോ! ഭൂമികുലുക്കം.
ഭൂമികുലുക്കം!"

നടന്നുതളർന്നവശനായ തടിയനുറുമ്പ് മയക്കത്തിൽ നിന്നു ഞെട്ടിയുണർന്നു പേടിച്ച് ചുറ്റും നോക്കി.

അങ്ങനെ വളരെ പ്രയാസപ്പെട്ട് ചന്തു ചില്ലുഭരണിയുടെ അടപ്പുതുറന്നതും, ടീം ഉറുമ്പേഴ്സ് അകത്തേക്ക് ഓടിക്കയറിയതുമെല്ലാം പെട്ടെന്നായിരുന്നു.

പിന്നത്തെ കാര്യം പറയണോ?

ശർക്കര തിന്നുതിന്നവശരായ ഉറുമ്പുകളൊക്കെയും അന്നത്തെ ദിവസം ചില്ലുഭരണിക്കകത്തുതന്നെ താമസമാക്കി!

ശർക്കരക്കൂമ്പാരം കണ്ട്, തിരിച്ചു വീട്ടിലേക്കു പോകേണ്ട കാര്യമൊക്കെ ഉറുമ്പുകൾ എപ്പോഴേ മറന്നുപോയിരുന്നു!



# മാതൃഭാഷാദിനത്തിന്റെ കഥ

**മേരി അനീറ്റ**

**ഒരു കുഞ്ഞു ജനിക്കുമ്പോൾ മുതൽ അവൾ കേൾക്കുന്നത് തന്റെ മാതൃഭാഷയായിരിക്കും. അവൾ ചിന്തിക്കുന്നതും സംസാരിക്കുന്നതും ജീവിക്കുന്നതുമെല്ലാം തന്റെ സ്വന്തം ഭാഷയിൽത്തന്നെയാവും. പിന്നീടാണ് മറ്റൊരു ഭാഷ അവൾ പഠിക്കുക. സയൻസുൾപ്പടെയുള്ള വിഷയങ്ങൾ പഠിക്കാൻ ഏറ്റവും ഉതകുന്നത് മാതൃഭാഷയാണെന്ന് നിരവധി പഠനങ്ങളും ഉണ്ട്.**

അരണ്ട വെളിച്ചം മാത്രമുള്ള ആ കുടുസ്സുമുറിയിൽ അയാൾ കണ്ണുകൾ അടച്ച് ദീർഘശ്വാസം എടുത്ത് ചിന്താനിമഗ്നനായി ചുമരും ചാരിയിരുന്നു. ഇക്കഴിഞ്ഞ നാളുകളിൽ തന്റെ ജീവിതത്തിൽ സംഭവിച്ച കാര്യങ്ങൾ ഒരു മിന്നായംപോലെ അയാളുടെ ഓർമ്മകളിൽ തെളിഞ്ഞുവന്നു. തന്റെ വീട്ടിൽ അതിക്രമിച്ചു കയറി ഒരു കുറ്റവാളിയെ എന്നപോലെ പിടിച്ചുകൊണ്ടുവന്ന് ഇത്രയും വലിയ തുറങ്കിലടയ്ക്കാൻ മാത്രം എന്ത് പാതകമാണ് താൻ ചെയ്തതെന്ന് എത്ര ആലോചിച്ചിട്ടും അയാൾക്കു മനസ്സിലായില്ല. താനൊരു എഴുത്തുകാരൻ ആയതാണോ കുറ്റം? എങ്കിൽ ഇത് അവർ നേരത്തേതന്നെ ചെയ്യേണ്ടതായിരുന്നില്ലേ? ഇതിനോടകം തന്നെ താൻ എത്ര കൃതികൾ രചിച്ചിട്ടുണ്ട്? അവയൊക്കെയും ഇംഗ്ലീഷിലായിരുന്നു താനും. ആദ്യമായി തന്റെ മാതൃഭാഷയിൽ ഒരു നാടകം എഴുതിയതാണോ ഇവർ എന്നിൽക്കണ്ട തെറ്റ്? അത് അയാൾക്ക് പുതിയ തിരിച്ചറിവായിരുന്നു. സ്വന്തം ഭാഷയിൽ സംസാരിക്കാനും എഴുതാനുമുള്ള അവകാശം നിഷേധിക്കപ്പെട്ട ഒരു ജനതയുടെ പ്രതിനിധിയാണ് താനെന്ന് അയാൾക്ക് ബോധ്യമായി. അതയാളെ താൻ ഇനി

ആംഗലേയത്തിൽ എഴുതില്ലെന്നും മാതൃഭാഷയായ ഗികിയുവിൽ മാത്രമേ എഴുതുകയുള്ളൂവെന്നു മുള്ള തീരുമാനത്തിൽ എത്തിച്ചു. അതിന്റെ ആദ്യപടിയെന്നോണം തടവറയിൽ കുറ്റവാളികൾക്ക് കണക്കില്ലാതെ നൽകിയിരുന്ന ടോയ്‌ലറ്റ് പേപ്പറിൽ തന്റെ അടുത്ത കൃതി സ്വന്തം ഭാഷയിൽ രചിച്ചുകൊണ്ട് അയാൾ എഴുത്തിന്റെ പുതിയ വഴിയിലേക്ക് ഉറച്ച പാദങ്ങളോടെ ചുവടുവെച്ചു. വിശ്വപ്രസിദ്ധ കെനിയൻ സാഹിത്യകാരൻ ഗൂഗി വാ തി ഓംഗോയുടെ ജീവിതത്തെ മാറ്റി മറിച്ച അനുഭവമാണിത്.

ബ്രിട്ടീഷ് ആധിപത്യം ആഫ്രിക്കൻ ജനതയുടെ ഭാഷാവകാശത്തിന്മേൽ നടത്തിയ ക്രൂരതയുടെ കഥകൾ അദ്ദേഹത്തിന്റെ പുസ്തകങ്ങൾ ലോകത്തോടു വിളിച്ചു പറഞ്ഞു. തന്റെ ഭാഷയെ നെഞ്ചോടു ചേർത്തുപിടിച്ച തി ഓംഗോ പാർശ്വവൽക്കരിക്കപ്പെടുന്ന മറ്റനേകം ഭാഷകളുടെ വക്താവായി പിൽക്കാലത്ത് ഉയർത്തപ്പെട്ടു.

ഫെബ്രുവരി 21 ലോകമെമ്പാടും മാതൃഭാഷാദിനമായാണ് ആചരിക്കുന്നത്. ഓരോ മനുഷ്യന്റെയും ജീവരക്തത്തിൽ അലിഞ്ഞുചേർന്നിരിക്കുന്ന സ്വന്തം ഭാഷയെ മുറുകെപ്പിടിക്കാനും അതിൽ അഭിമാനംകൊള്ളാനും ഈ ദിനം നമ്മെ ഓർമ്മിപ്പിക്കുന്നു. അന്താരാഷ്ട്ര മാതൃഭാഷാദിനത്തിന്റെ കൂടുതൽ വിശേഷങ്ങൾ നമുക്കറിഞ്ഞാലോ?

### മാതൃഭാഷാദിനം എന്തിന് ?

ലോകമൊട്ടാകെ ഏഴായിരത്തിലധികം ഭാഷകൾ സംസാരിക്കപ്പെടുന്നുണ്ടെന്നാണ് കണക്ക്. അതിൽ 4000 ത്തോളം ഭാഷകൾ സ്വന്തമായി ലിപിവ്യവസ്ഥയുള്ളതും മറ്റുള്ളവ സംസാരഭാഷയായിത്തന്നെ നിലനിൽക്കുന്നവയുമാണ്. 40 ശതമാനത്തിലേറെ വരുന്ന തദ്ദേശീയഭാഷകൾ അവ




ഉപയോഗിക്കുന്നവരുടെ എണ്ണം വിരളമായതുകൊണ്ട് വംശനാശത്തിന്റെ വക്കിലാണ്. അതുകൊണ്ടുകൂടിയാണ് മാതൃഭാഷാദിനം വളരെ പ്രാധാന്യമർഹിക്കുന്നത്. വംശീയഭാഷകളെ മൺമറഞ്ഞു പോകാൻ അനുവദിക്കാതെ പുനരുജ്ജീവിപ്പിക്കാൻ വേണ്ട നടപടികൾ കൈക്കൊള്ളുക, അതുവഴി അതതു ജനതകളുടെ സാംസ്കാരികപാരമ്പര്യം കാത്തു സൂക്ഷിക്കുക എന്ന മഹത്തായ കർത്തവ്യംകൂടി ഈ ദിനം വിളിച്ചോതുന്നുണ്ട്.

### ഫെബ്രുവരി 21 ന് പിന്നിലെ കഥ

പാക്കിസ്ഥാനിൽ ഉറുദു ദേശീയ ഭാഷയായി പ്രഖ്യാപിച്ചതിനെതിരെ ബംഗാളിഭാഷ സംസാരിക്കുന്ന ഭൂരിപക്ഷം പ്രക്ഷോഭം നടത്തുകയും 1952 ഫെബ്രുവരി 21ന് അവർ നടത്തിയ പോരാട്ടത്തിൽ നാലു വിദ്യാർത്ഥികൾ കൊല്ലപ്പെടുകയും ചെയ്തു. പാക്കിസ്ഥാന്റെ കിഴക്കൻ പ്രവിശ്യ പിൽക്കാലത്ത് ബംഗ്ലാദേശ് എന്ന സ്വതന്ത്രരാജ്യമായി രൂപപ്പെടുന്നതിൽ ഈ സംഭവം നിർണായക പങ്കു വഹിച്ചു. ഈ ദിനത്തിന്റെ സ്മരണയ്ക്കായാണ് 1999 ൽ ഐക്യരാഷ്ട്ര സംഘടന അന്താരാഷ്ട്ര മാതൃഭാഷാദിനം എന്ന ആശയം മുന്നോട്ടുവച്ചത്. 2000 മുതൽ ഇങ്ങോട്ട് എല്ലാ കൊല്ലവും വിപുലമായ രീതിയിൽ ലോക മാതൃഭാഷാദിനം കൊണ്ടാടപ്പെടുന്നു.

### ഇന്ത്യ- ഭാഷവൈവിധ്യങ്ങളുടെ നാട്

സാംസ്കാരിക വൈവിധ്യങ്ങളുടെ നാട് എന്നതുപോലെ വ്യത്യസ്തങ്ങളായ ഭാഷകൾകൊണ്ടും സമ്പന്നമാണ് നമ്മുടെ രാജ്യം. ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾ രൂപംകൊണ്ടതും ദേശീയ ഭാഷയായി ഏതെങ്കിലും ഒരു ഭാഷയെ അടിച്ചേല്പിക്കാത്തതും ഭാരതത്തിന്റെ ഭാഷാവൈവിധ്യത്തെ കൂടുതൽ സുന്ദരമാക്കുന്നു. നമ്മുടെ കറൻസി നോട്ടിൽ 22






ഔദ്യോഗികഭാഷകൾ ഉണ്ടെങ്കിലും 140കോടിയോട് അടുത്തു വരുന്ന ഇന്ത്യൻ ജനസംഖ്യ 19,500ൽപ്പരം ഭാഷകളോ ഭാഷാഭേദങ്ങളോ മാതൃഭാഷയായി സംസാരിക്കുന്നുണ്ടെന്നാണ് ഏറ്റവും ഒടുവിലത്തെ കണക്കുകൾ പറയുന്നത്. ഇൻഡോ-ആര്യൻ, ആസ്ട്രോ-ഏഷ്യാറ്റിക്, ദ്രാവിഡ, ടിബറ്റോ-ബർമൻ എന്നിങ്ങനെ പ്രധാനമായും നാല് ഭാഷാകുടുംബങ്ങളാണ് ആധുനിക ഇന്ത്യയിലുള്ളത്. വൈവിധ്യം പോലെതന്നെ ഭാഷ അപ്രത്യക്ഷമാകുന്ന കാര്യത്തിലും ഭാരതം ഒട്ടും പിറകിലല്ല. പതിനായിരത്തിൽത്താഴെ ആളുകൾ മാത്രം സംസാരിക്കുന്നതുകൊണ്ട് ഇന്ത്യയിലെ പല ആദിവാസി ഗോത്രഭാഷകളും വംശനാശത്തിന്റെ വക്കിലാണ്. പർജി, പെൻഗോ (ഒഡീഷ), കൊറഗ, കുറുബ (കർണാടക), ഗദബ, നായികി (ആന്ധ്രാപ്രദേശ്), കോട, തോഡ (തമിഴ്നാട്) എന്നിവ അവയിൽ ചില ഉദാഹരണങ്ങൾ മാത്രമാണ്.

**കേരളം : മലയാളം മാത്രമോ?**

*മറ്റുള്ള ഭാഷകൾ കേവലം*
*ധാത്രിമാർ*
*മർത്യന്നു പെറ്റമ്മ തൻ*
*ഭാഷ താൻ*

എന്ന വരികളിലൂടെ മലയാളഭാഷയുടെ മഹത്വം വെളിപ്പെടുത്തിയ കവിയുടെ നാടാണ് കേരളം. ദ്രാവിഡ ഭാഷാഗോത്രത്തിൽപ്പെട്ട മലയാളം കേരളത്തിനു പുറമേ ലക്ഷദ്വീപിലും സംസാരിക്കുന്നുണ്ട്. തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള കേരളീയർ സംസാരിക്കുന്ന മലയാളം ഒരുപോലെയല്ല എന്നും നമുക്കറിയാം. 'ആറു മലയാളിക്ക് നൂറു മലയാളം' എന്ന ചൊല്ലുതന്നെ അപ്രകാരം ഉണ്ടായതാണ്. എന്നാൽ കേരളത്തിൽ മലയാളഭാഷ മാത്രമാണോ ഉള്ളത്? അല്ല എന്നതാണ് ഉത്തരം. കാടിനെ ആശ്രയിച്ച് തനതായ ജീവിതശൈലിയും സംസ്കാരവുമായി ജീവിക്കുന്ന കേരളത്തിലെ ആദിവാസികളുടെ സംസാരഭാഷ മലയാളത്തോട് സാമ്യമുള്ളതാണെങ്കിലും പൂർണ്ണമായും മലയാളമല്ല. പണിയ, കുറുമ, കുറുച്യർ, ഊരാളൻ, കാട്ടുനായ്ക്കർ തുടങ്ങി പന്ത്രണ്ടിലധികം പ്രാദേശികഗോത്രവർഗങ്ങളുടെ ഭാഷകൾ നമ്മുടെ സംസ്ഥാനത്ത് പ്രചാരത്തിലുണ്ട്. മാത്രമല്ല, തീരദേശങ്ങളിലെ ഭാഷാവൈവിധ്യങ്ങളെക്കുറിച്ചുള്ള ഗൗരവതരമായ പഠനങ്ങൾ ഈയടുത്ത കാലത്തായി നടക്കുന്നുമുണ്ട്. അതിലെ കണ്ടെത്തലുകൾ കൂടുതൽ ഭാഷാവൈവിധ്യത്തിന്റെ കണക്കുകൾ വെളിപ്പെടുത്തിയേക്കും.

**നമുക്ക് ചെയ്യാൻ**

ഒരു ഭാഷയും മോശമല്ലെന്നും ഭാഷയുടെ പേരിലുള്ള വേർതിരിവുകൾ പാടില്ലെന്നുമുള്ള പാഠമാണ് വിദ്യാർഥികളായ നാം ആദ്യം പഠിക്കേണ്ടത്. ഈ വർഷത്തെ മാതൃഭാഷാദിനം വിദ്യാലയങ്ങളിൽ നമുക്ക് ആഘോഷിച്ചാലോ? സ്കൂൾ അസംബ്ലിയിൽ മലയാളം, ഇംഗ്ലീഷ്, ഹിന്ദി, തമിഴ് തുടങ്ങി വ്യത്യസ്ത ഭാഷകൾ ഉൾപ്പെടുത്തി മാതൃഭാഷാദിന സന്ദേശം നൽകാം. ഭാഷാകുടുംബങ്ങളും അവയിൽ വരുന്ന ഭാഷകളും കണ്ടെത്തി ലാംഗ്വേജ് ട്രീ ചാർട്ട് പേപ്പറിൽ തയ്യാറാക്കി പ്രദർശിപ്പിക്കാം. മാതൃഭാഷാദിന ക്വിസ് മത്സരം സംഘടിപ്പിക്കാം. നമ്മുടെ സഹപാഠികളിൽ ആരെങ്കിലും വ്യത്യസ്ത ഭാഷ സംസാരിക്കുന്നവർ ഉണ്ടെങ്കിൽ അവരെ കേൾക്കാം. വേനലവധിക്കാലത്ത് പുതിയൊരു ഭാഷ പഠിക്കുമെന്ന് തീരുമാനമെടുക്കാം. എല്ലാ കൂട്ടുകാർക്കും ലോക മാതൃഭാഷാദിനാശംസകൾ.

# മഴക്കുട്ടി

ശ്രീജ വിജയൻ



വര: ബാസി മറിയം

സ്കൂളിൽ പെയ്യുന്ന മഴയ്ക്ക്,
കോവണിപ്പടി കയറ്റിറക്കത്തിൻ -
ചടപട താളം.
ആരവങ്ങളുടെ സംഗീതം.

ചാഞ്ഞു പെയ്യുന്ന മഴയ്ക്ക്
ജനാലകൾക്കിടയിലൂടെയുള്ള
തൂകലുകൾക്ക്
വികൃതിക്കുട്ടിയുടെ ചിരി ഭാവം.

കറുത്തു കനത്തും വരും നാളിൽ
പിണങ്ങി മുഖം വീർപ്പിച്ചതിൻ
തീക്ഷ്ണഭാവം.

തുണികൾ അയയിലിട്ടു കയറുമ്പോൾ
ഓടി വന്ന് മുത്തുകൾ വാരി വിതറും
കുസൃതിക്കുടുക്ക തൻ രസഭാവം

നിറുത്താതെ ചിണുക്കി പെയ്യ്തിന്
മടിക്കുട്ടി തൻ ശാഠ്യഭാവം

വെയിൽമഴയോട്ട മത്സരങ്ങളിൽ
ആർത്തലപ്പിൻ കാഹളനാദമായ്
മൈതാനം നിറയിക്കും ജേതഭാവം.

ഭാവപ്രകടനങ്ങൾ...
ഭാവമാറ്റങ്ങൾ...
കുഞ്ഞുമുഖം നിറയിക്കും കൗതുകം.
ഋതുഭംഗിയാൽ പൂത്തുലഞ്ഞ്
താഴേക്കു വീഴുന്ന
ആകാശപ്പൂക്കളാം മഴയു-
മതുപോലെ.

കഥ

# പക്ഷികളുടെ ഭാഷ

## റഷ്യൻ നാടോടിക്കഥ

**പുനരാഖ്യാനം: ഇ പി പവിത്രൻ**






വളരെപ്പണ്ട് റഷ്യയിലെ ഒരു പട്ടണത്തിൽ നടന്ന കഥയാണ് ഇവിടെ പറയാൻ പോകുന്നത്. ധനികനായ ഒരു കച്ചവടക്കാരനുണ്ടായിരുന്നു അവിടെ. ആ വീട്ടിൽ അയാളുടെ ഭാര്യയും മകനുമുണ്ട്. മകന്റെ പേര് ഇവാൻ. ധീരൻ, ബുദ്ധിമാൻ.

അവർ കൂട്ടിൽ ഒരു കിളിയെ വളർത്തുന്നുണ്ട്. ഏഴു നിറങ്ങളുള്ള ചിറകുകളോടു കൂടിയ ഒരു കിളി.

ഒരു ദിവസം ഉച്ചയ്ക്ക് അവരൊരുമിച്ച് ഭക്ഷണം കഴിച്ചുകൊണ്ടിരിക്കേ ജനലരികിലെ കൂട്ടിൽനിന്ന് ആ കിളി മധുരമായി പാടിക്കൊണ്ടിരുന്നു.

കച്ചവടക്കാരൻ ആ പാട്ട് ശ്രദ്ധിച്ചു. അതത്രയും മനോഹരമായിരുന്നു.

അയാളിങ്ങനെ പറഞ്ഞു:

"പക്ഷികളുടെ ഭാഷയും ഈ പാട്ടിന്റെ അർഥവുമൊക്കെ ആരെങ്കിലും എനിക്ക് പഠിപ്പിച്ചു തരുമെങ്കിൽ അവർക്കെന്റെ സമ്പത്തിന്റെ പകുതി ഞാനെഴുതിക്കൊടുക്കും."

ആ വാക്കുകൾ ഇവാൻ കേട്ടു. അവനൊരു തീരുമാനമെടുത്തു.

കിളികളുടെ ഭാഷ എങ്ങനെയെങ്കിലും പഠിക്കണം. അതിനെന്തു വഴി.

കുറച്ചുനാൾ കഴിഞ്ഞ് ഇവാൻ കാട്ടിൽ വേട്ടയ്ക്കു പോയി. വലവെച്ച് പക്ഷികളെ പിടിക്കുകയാണു ലക്ഷ്യം.

വലവിരിച്ച് കിളികളെ ആകർഷിക്കാൻ മുളങ്കുഴലിൽ പാട്ടുപാടി ഏറെനേരം കാത്തിരുന്നെങ്കിലും കിളികളൊന്നുമെത്തിയില്ല. പെട്ടെന്ന് ആകാശത്ത് കാർമേഘങ്ങൾ ഉരുണ്ടുകൂടി. കനത്ത കാറ്റു വീശാൻ തുടങ്ങി. ഇടിയും മിന്നലും കൂടെവന്നു.

ഇവാൻ ഒരു വലിയ മരത്തിനു ചുവടെ അഭയം കണ്ടെത്തി. കാട്ടിലപ്പോൾ മഴപെയ്തു തുടങ്ങി. അന്നേരം ആ മരത്തിന്റെ കൊമ്പിൽനിന്ന് കിളിക്കുഞ്ഞുങ്ങളുടെ കരച്ചിൽ കേട്ടു. ഇവാന്റെ കരളലിഞ്ഞു.

അവനാ മരത്തിൽ വലിഞ്ഞു കയറി. ഉയരമുള്ള മരത്തിന്റെ കൊമ്പിലെ കിളിക്കൂട് കണ്ടെത്തി. അതിനകത്തു നാലു കുഞ്ഞുങ്ങൾ ഉണ്ടായിരുന്നു. അമ്മക്കിളിയോ അച്ഛൻ കിളിയോ കൂട്ടിനില്ലാതെ കുഞ്ഞുങ്ങൾ മഴ നനഞ്ഞു കരയുകയാണ്.

ഇവാന് സങ്കടമായി. തന്റെ കഫ്ത്താൻ- മേൽവസ്ത്രം- ഊരി ആ കിളിക്കൂടിനു മുകളിൽ ഒരു കുടപോലെ കെട്ടിവച്ചു. അതോടെ കിളിക്കുഞ്ഞുങ്ങൾ കരച്ചിൽ നിർത്തി.

അല്പം കഴിഞ്ഞ് മഴ മാറിയപ്പോൾ ഒരു വലിയ പക്ഷി പാറിവന്ന് അടുത്തുള്ള മരക്കൊമ്പിലിരുന്നു. താഴെയുള്ള ഇവാനെ നോക്കി അത് മധുരശബ്ദത്തിൽ, ഇവാന്റെ ഭാഷയിൽ ഇങ്ങനെ സംസാരിക്കാൻ തുടങ്ങി:

"നന്ദി ഇവാൻ. എന്റെ കുഞ്ഞുങ്ങളെ മഴയിൽനിന്നും തണുപ്പിൽനിന്നും നീ രക്ഷിച്ചു. എന്താണ് ഞാനിതിന് പകരം തരേണ്ടത്? എന്തു വേണമെങ്കിലും പറയൂ."

ഇവാൻ പറഞ്ഞു:

"എനിക്കിപ്പോൾ ഒന്നും ആവശ്യമില്ല. പക്ഷേ ഒരാഗ്രഹമുണ്ട്. പക്ഷികളുടെ ഭാഷ പഠിച്ചെടുക്കണമെന്നാണത്. അക്കാര്യം സാധിപ്പിച്ചു തരാൻ നിനക്കാകുമോ?"

കിളി പറഞ്ഞു:

"ആവാമല്ലോ, പക്ഷേ മൂന്നു ദിവസം കൂടാരം കെട്ടി നീ ഈ കാട്ടിൽ പാർക്കേണ്ടിവരും. ആ സമയംകൊണ്ട് പക്ഷികളുടെ ഭാഷ നിനക്കു ഞാൻ പഠിപ്പിച്ചു തരാം."

ചുള്ളിക്കമ്പുകളും ഇലച്ചാർത്തുമൊക്കെ ശേഖരിച്ച് വള്ളികൾകൊണ്ട് കെട്ടിമുറുക്കി ഇവാൻ ആ വലിയ മരച്ചുവട്ടിൽ ഒരു കൂടാരമുണ്ടാക്കി. മൂന്നു ദിവസങ്ങൾ അവൻ അതിൽ തങ്ങി. അതിനിടയിൽ പക്ഷികളുടെ ഭാഷയും അവയുടെ പാട്ടുകളുടെ അർഥവുമൊക്കെ ആ വലിയ പക്ഷി അവനെ പഠിപ്പിച്ചു.

അവന്റെ വിശപ്പകറ്റാൻ അതുവരെ കാണാത്ത മധുരമുള്ള പഴങ്ങൾ അകലെനിന്ന് കൊത്തിക്കൊണ്ടുവന്നു കൊടുത്തു.

ഇവാൻ വീട്ടിലേക്കു മടങ്ങി.

മറ്റൊരു ദിവസം അതുപോലെ ഉച്ചയ്ക്ക് ഒരുമിച്ചിരുന്ന് ഭക്ഷണം കഴിക്കുമ്പോൾ കൂട്ടിലിരുന്ന് അവരുടെ കിളി പാട്ടു പാടിക്കൊണ്ടിരുന്നു. കേൾക്കുന്നവരുടെ മനസ്സിൽ വല്ലാതെ സങ്കടമുണർത്തുന്ന ശോകഗാനമായിരുന്നു അത്. കച്ചവടക്കാരന്റെയും ഭാര്യയുടെയും മനസ്സ് വല്ലാതെ മൂകമായി.

ഇവാൻ ആ പാട്ട് ശ്രദ്ധയോടെ കേട്ടു. അതിന്റെ അർഥം അവനു മനസ്സിലായി. അതോടെ അവന്റെ കണ്ണുകൾ നിറഞ്ഞൊഴുകി.

അച്ഛനും അമ്മയും പരിഭ്രാന്തരായി.

**വലവിരിച്ച് കിളികളെ ആകർഷിക്കാൻ മുളങ്കുഴലിൽ പാട്ടുപാടി ഏറെനേരം കാത്തിരുന്നെങ്കിലും കിളികളൊന്നുമെത്തിയില്ല. പെട്ടെന്ന് ആകാശത്ത് കാർമേഘങ്ങൾ ഉരുണ്ടു കൂടി. കനത്ത കാറ്റു വീശാൻ തുടങ്ങി. ഇടിയും മിന്നലും കൂടെ വന്നു. ഇവാൻ ഒരു വലിയ മരത്തിനു ചുവടെ അഭയം കണ്ടെത്തി. കാട്ടിലപ്പോൾ മഴപെയ്തു തുടങ്ങി. അന്നേരം ആ മരത്തിന്റെ കൊമ്പിൽനിന്ന് കിളിക്കുഞ്ഞുങ്ങളുടെ കരച്ചിൽ കേട്ടു.**

"എന്താണുണ്ടായത് ഇവാൻ? നീ എന്തിന് കരയുന്നു?"

"കിളി പാടിയ പാട്ടിന്റെ അർഥമെനിക്കറിയാം. അത് നമുക്കൊക്കെ സങ്കടമുണ്ടാക്കുന്ന കാര്യമാണ്."

"എന്താണതിന്റെ അർഥം? നീ ഞങ്ങളോട് സത്യം പറയൂ."

"അതിനെപ്പറ്റി ആലോചിക്കാനേ വയ്യ. ഞാൻ ജനിക്കാതിരുന്നെങ്കിൽ എന്നുപോലും തോന്നിപ്പോകുന്നു."

"ഞങ്ങളെ പേടിപ്പിക്കാതിരിക്കൂ. ആ പാട്ടിന്റെ അർഥം ഞങ്ങൾക്കുമറിയണം."

"നിങ്ങൾക്കത് കേൾക്കാമല്ലോ. പറയാൻ മടിയുണ്ടെങ്കിലും പറയട്ടെ; കച്ചവടക്കാരന്റെ മകനായ ഇവാൻ രാജകുമാരനായി മാറാൻ പോകുന്ന കാലം വരുന്നു. അന്ന് അവന്റെ അച്ഛൻ അതേ കൊട്ടാരത്തിലെ

ഭൃത്യനായി മാറും."

അതുകേട്ട കച്ചവടക്കാരന്റെയും ഭാര്യയുടെയും മനസ്സുകൾ വല്ലാതെ അസ്വസ്ഥമായി.

കിളിപ്പാട്ടിൽ പറഞ്ഞത് സത്യമായി മാറുമോ? മകന് വന്നുചേരാൻ പോകുന്ന സൗഭാഗ്യത്തേക്കാൾ സമ്പത്തെല്ലാം നശിച്ച് തങ്ങൾ ദരിദ്രരായി മാറിപ്പോകുമല്ലോ എന്ന ചിന്തയാണ് അവരെ അലട്ടിയത്. അന്നുമുതൽ അവർ ഇവാനെ അവിശ്വസിക്കുവാനും സദാ സംശയത്തോടെ നോക്കാനും തുടങ്ങി.

ഒരു രാത്രി അവർ ഇവാന്റെ ഭക്ഷണത്തിൽ മയക്കുമരുന്ന് കലർത്തി. ബോധം കെട്ടുറങ്ങിപ്പോയ അവനെ താങ്ങിപ്പിടിച്ച് ഒരു ചെറിയ തോണിയിൽ കയറ്റി കടലിലേക്ക് തള്ളി വിട്ടു.

കടൽത്തിരകളുടെ തഴുകലേറ്റ് ആ തോണി നീങ്ങിക്കൊണ്ടിരുന്നു. ഏറെനേരമങ്ങനെ ഒഴുകിയൊഴുകി ഒടുവിലത് ഒരു വലിയ കച്ചവടക്കപ്പലിനടുത്തെത്തി. നിയന്ത്രിക്കാനാരുമില്ലാത്തതിനാൽ തോണി കപ്പലിൽച്ചെന്ന് മുട്ടിയപ്പോൾ ഇവാൻ ഞെട്ടിയുണർന്നു.

ആലംബമില്ലാതെ അപകടത്തിൽ പെട്ടിരിക്കുകയാണെന്ന് തിരിച്ചറിഞ്ഞ നിമിഷത്തിൽ അവൻ ഉറക്കെ നിലവിളിക്കാൻ തുടങ്ങി. ആ നിലവിളി കപ്പലിലെ നാവികർ കേട്ടു. അവർ കോണിയും കയറുമൊക്കെ താഴേക്കിട്ടുകൊടുത്ത് അവനെ കപ്പലിനകത്തേക്ക് പിടിച്ചു കയറ്റി.

ആ കപ്പൽ കച്ചവടച്ചരക്കുകളുമായി കിഴക്കുദിക്കിലേക്കുള്ള യാത്രയിലായിരുന്നു. കപ്പലിലെ നാവികർ തങ്ങൾക്കൊപ്പം ഇവാനെയും കൂട്ടി.

ഒരു ദിവസം തെളിഞ്ഞ കാലാവസ്ഥയിൽ യാത്ര തുടർന്നുകൊണ്ടിരിക്കേ എവിടെനിന്നോ ഒരു വലിയ സംഘം കടൽപ്പക്ഷികൾ പറന്നെത്തി ആകാശത്ത് ഉറക്കെ ശബ്ദമുണ്ടാക്കി കപ്പലിനു ചുറ്റും വട്ടമിട്ട് പറക്കാൻ തുടങ്ങി.

ആ പക്ഷികൾ പറയുന്നതെന്താണെന്ന് ഇവാന് മനസ്സിലായി. അവൻ നാവികരോടു പറഞ്ഞു:

"സൂക്ഷിച്ചോളൂ... കൊടുങ്കാറ്റ് വരാൻ പോകുകയാണെന്ന് അവർ മുന്നറിയിപ്പു തരികയാണ്. എനിക്ക് അവരുടെ ഭാഷ മനസ്സിലാകും. വേഗം ഏറ്റവുമടുത്തുള്ള തുറമുഖത്തേക്കടുപ്പിച്ച് നങ്കൂരമിട്ടില്ലെങ്കിൽ കപ്പലിന് അപകടം സംഭവിക്കും."

ഇവാൻ പറഞ്ഞത് ആരും വിശ്വസിച്ചില്ല. അവരാ മുന്നറിയിപ്പ് ഗൗരവത്തിലെടുത്തതേയില്ല.

നേരമേറെക്കഴിഞ്ഞില്ല. മാനം കറുത്തു. ശക്തിയേറിയ കൊടുങ്കാറ്റെത്തി. കടലിലെ തിരകൾ മലകൾ പോലെ ഉയർന്നു. കപ്പലാകെ ആടിയുലഞ്ഞു. കാറ്റ് കപ്പൽപ്പായകളെ കീറിമുറിച്ചു.

ഒടുവിൽ കാറ്റ് ശമിച്ചു. കപ്പലിന്റെ കേടുപാടുകൾ ശരിയാക്കിയെടുക്കാൻ നേരമേറെ വേണ്ടിവന്നു. നാവികർക്ക് തെറ്റ് മനസ്സിലായി. ഇവാന്റെ മുന്നറിയിപ്പ് പരിഗണിക്കേണ്ടതായിരുന്നു.

കപ്പൽ പിന്നെയും യാത്ര തുടർന്നു. പല രാത്രികൾ, പല പകലുകൾ.

അങ്ങനെയിരിക്കേ ഒരു ദിവസം ഒരു കൂട്ടം കടൽക്കാക്കകൾ ഉറക്കെ ചിലച്ചുകൊണ്ട് അവർക്കു മുകളിലൂടെ പറന്നുപോയി. കപ്പലിലെ വലിയ കപ്പിത്താൻ ഇവാനെ വിളിച്ചു,


"പറയൂ ഇവാൻ. ആ കടൽക്കാക്കകൾ എന്താണ് വിളിച്ചുപറഞ്ഞുപോയത്?"

"സൂക്ഷിച്ചോളൂ. അടുത്തെവിടെയോ കടൽക്കൊള്ളക്കാരുണ്ട്. അവർ നമ്മളെയാണ് ലക്ഷ്യമിട്ടിരിക്കുന്നത്. വേഗം തന്നെ അടുത്തുള്ള തുറമുഖത്തേക്ക് കപ്പലടുപ്പിക്കുക. അല്ലെങ്കിൽ നമ്മളെയെല്ലാം കൊന്ന് കടലിലെറിഞ്ഞ് അവർ കപ്പലുമായി കടന്നുകളയും."

ഇത്തവണ ഏതായാലും ഇവാന്റെ മുന്നറിയിപ്പ് അവർ ഗൗരവമായെടുത്തു. തൊട്ടടുത്ത തുറമുഖത്തെത്തിയതും കടൽക്കൊള്ളക്കാരുടെ ബോട്ടുകൾ അകലെ കണ്ടു. ആക്രമണം ഉണ്ടായാൽ തിരിച്ചടിക്കാൻ ആയുധസജ്ജരായി നാവികർ തയ്യാറായി നിന്നു. അപകടം മണത്തറിഞ്ഞ കടൽക്കൊള്ളക്കാരുടെ ബോട്ടുകൾ വേറെ ദിശയിലേക്കു നീങ്ങി.

പിന്നെയും പല ദിവസങ്ങളുടെ യാത്രയ്ക്കുശേഷം ഒരു വലിയ തുറമുഖനഗരത്തിൽ ചരക്കുകൾ ഇറക്കാനും കയറ്റാനുമായി കപ്പൽ കുറേനാൾ

**കടൽത്തിരകളുടെ തഴുകലേറ്റ് ആ തോണി നീങ്ങിക്കൊണ്ടിരുന്നു. ഏറെനേരമങ്ങനെ ഒഴുകിയൊഴുകി ഒടുവിലത് ഒരു വലിയ കച്ചവടക്കപ്പലിനടുത്തെത്തി. നിയന്ത്രിക്കാനാരുമില്ലാത്തതിനാൽ തോണി കപ്പലിൽച്ചെന്ന് മുട്ടിയപ്പോൾ ഇവാൻ ഞെട്ടിയുണർന്നു. ആലംബമില്ലാതെ അപകടത്തിൽ പെട്ടിരിക്കുകയാണെന്ന് തിരിച്ചറിഞ്ഞ നിമിഷത്തിൽ അവൻ ഉറക്കെ നിലവിളിക്കാൻ തുടങ്ങി.**



നിർത്തിയിടേണ്ടി വന്നു.

ആ നാട്ടിലെ രാജാവ് അപ്പോളൊരു വലിയ പ്രശ്നം നേരിടുന്നുണ്ടായിരുന്നു. യഥാർഥത്തിൽ മൂന്ന് കാക്കകളായിരുന്നു അതിനു കാരണക്കാർ. കൊട്ടാരത്തിൽ ദർബാർ കൂടുന്ന വലിയ മുറിക്ക് പുറത്തുള്ള മരത്തിൽ കുറെ ദിവസമായി കുറച്ചു കാക്കകൾ പകൽ മുഴുക്കെ കലപില കൂടിക്കൊണ്ടിരിക്കുന്നു. പ്രധാനപ്പെട്ട രാജ്യകാര്യങ്ങൾ ചർച്ച ചെയ്യുമ്പോഴായിരിക്കും ആ ബഹളം. അതൊരു വലിയ ശല്യമായി. അവയെ ഓടിക്കാൻ ശ്രമിച്ചവരൊക്കെ പരാജയപ്പെട്ടു. കൊല്ലാനാണെങ്കിൽ രാജാവ് അനുവാദം തരികയുമില്ല.

അവസാനം ഗതികെട്ട് രാജാവ് കല്പന പുറപ്പെടുവിച്ചു, ഈ കാക്കകളുടെ ശല്യം അവസാനിപ്പിച്ചുതരുന്നവർക്ക് രാജകുമാരിയെ വിവാഹം ചെയ്തുകൊടുക്കും. ധൈര്യമുള്ളവർ മാത്രം ആ വെല്ലുവിളി ഏറ്റെടുത്താൽ മതി. പരാജയപ്പെടുന്നവരുടെ തല കൊയ്യുന്നതായിരിക്കും.

ചന്തകളിലും കവലകളിലും നാട്ടുകൂട്ടങ്ങളിലുമൊക്കെ പെരുമ്പറ കൊട്ടി രാജകല്പന വായിച്ചു. പ്രധാന കേന്ദ്രങ്ങളിലൊക്കെ അറിയിപ്പായി അത് എഴുതിപ്പതിപ്പിക്കുകയും ചെയ്തു.

കപ്പൽ വിശ്രമത്തിലായതിനാൽ ആ നഗരത്തിലെ കാഴ്ചകൾ കാണാൻ തെരുവുകളിലൂടെ നടക്കുകയായിരുന്ന ഇവാൻ ആ അറിയിപ്പ് വായിച്ചു.

പിന്നെയും പിന്നെയും വായിച്ചു.

ഏറെനേരം ആലോചിച്ച് ഉറച്ച തീരുമാനമെടുത്ത് അവൻ കൊട്ടാരത്തിന്റെ വാതിൽക്കലെത്തി.

"രാജകല്പന അറിഞ്ഞു വന്നതാണ്. വെല്ലുവിളി ഏറ്റെടുക്കാൻ ഞാൻ തയ്യാറാണ്. കാക്കകളുടെ ശല്യം അവസാനിപ്പിക്കാനുള്ള വഴി എനിക്കറിയാം."

പാറാവുകാർ ആവോളം അവനെ പരിഹസിച്ചു ചിരിച്ചു. അതിനോടകം മുന്നോട്ടുവന്ന പലപല വില്ലാളികളുടെയും തല പോയതാണ്. പിന്നെയാണ് ഇപ്പോഴീ ചെറുക്കൻ.

ഏതായാലും പാറാവുകാർ ഇവാനെ മന്ത്രിയുടെ മുമ്പിൽ ഹാജരാക്കി. മന്ത്രിയുടെ നിർദേശപ്രകാരം അവനെ ദർബാർ ഹാളിനു പുറത്തെ മരത്തിനടുത്തെത്തിച്ചു.

കാക്കകൾ കലപില കൂടിക്കൊണ്ടേയിരിക്കുന്നു. അവർ പറയുന്നത് കുറേ നേരം ഇവാൻ ശ്രദ്ധയോടെ കേട്ടുനിന്നു.

അവൻ മന്ത്രിയോടു പറഞ്ഞു:

"എന്നെ രാജാവിന്റെ അടുത്തെത്തിക്കൂ."

ദർബാർ ഹാളിൽ സിംഹാസനത്തിലിരിക്കുന്ന രാജാവിന്റെ മുമ്പിൽ ഇവാൻ ഹാജരാക്കപ്പെട്ടു.

"ഈ തലയും കൊയ്യാനാണോ?" രാജാവ് ചോദിച്ചു.

"ഇയാൾക്ക് എന്തോ പറയാനുണ്ട്".

"പ്രഭോ, മൂന്ന് കാക്കകളുണ്ട്. അമ്മയും അച്ഛനും മകനുമാണവ. മകൻ അനുസരിക്കേണ്ടത് അച്ഛനെയാണോ അമ്മ





യെയാണോ എന്നതാണ് അവർക്കിടയിലെ തർക്കം. അക്കാര്യത്തിൽ രാജകല്പന എന്താണെന്നറിയാനാണ് ദിവസങ്ങളായി അവർ ബഹളം വെച്ചുകൊണ്ടിരിക്കുന്നത്."

രാജാവ് പരിവാരസമേതനായി ആ മരത്തിനടുത്തെത്തി.

"മകൻ അനുസരിക്കേണ്ടത് രണ്ടുപേരെയുമാണ്. അക്കാര്യം കാക്കകൾക്കും ബാധകമാണ്."

അതായിരുന്നു രാജാവിന്റെ ഉത്തരവ്. ആ വാക്കുകൾ കേട്ടതും കാക്കകൾ പറന്നുപോയി. പിന്നീട് അവയുടെ ശല്യം ഉണ്ടായതേയില്ല.

രാജാവ് വാക്കുപാലിച്ചു. മകളെ ഇവാന് വിവാഹം ചെയ്തുകൊടുത്തു. പാതി രാജ്യവും പകുത്തുനൽകി. രാജകുമാരനായി മാറിയ ഇവാൻ കൊട്ടാരത്തിൽ സന്തോഷത്തോടെ താമസം തുടങ്ങി.

ഇവാന്റെ അച്ഛനായ കച്ചവടക്കാരന്റെ കഥയറിയേണ്ടേ. മകൻ വിട്ടുപോയതിലുള്ള ദുഃഖത്തിനുമേൽ രോഗങ്ങൾ പിടികൂടി ഒരു ദിവസം അയാളുടെ ഭാര്യയങ്ങ് മരിച്ചു. കച്ചവടത്തിൽ അടിക്കടി നഷ്ടങ്ങൾ വന്ന് സമ്പത്തൊക്കെയും അന്യാധീനപ്പെട്ടു. നോക്കാൻ ആരുമില്ല. കേറിക്കിടക്കാനൊരിടംപോലുമില്ല. അയാൾ പിച്ചതെണ്ടി നടന്നു. ഒരു വീട്ടിൽനിന്ന് മറ്റൊന്നിലേക്ക്. ഒരു ഗ്രാമത്തിൽനിന്ന് മറ്റൊരു ഗ്രാമത്തിലേക്ക്. ഒരു നാട്ടിൽനിന്ന് മറ്റൊരു നാട്ടിലേക്ക്. അവസാനം അയാൾ ഇവാന്റെ നാട്ടിലുമെത്തി.

ചന്തയിൽ യാചകവേഷത്തിൽ കറങ്ങുന്ന സ്വന്തം അച്ഛനെ ഇവാൻ തിരിച്ചറിഞ്ഞു. ആളെ വിട്ട് കൊട്ടാരത്തിലേക്ക് വിളിച്ചുവരുത്തി. ഭക്ഷണവും വസ്ത്രവും കൊടുത്തു.

എന്നിട്ടും അച്ഛന് മകനെ തിരിച്ചറിയാനായില്ല. ഇവാൻ രാജകീയവേഷത്തിലായിരുന്നല്ലോ.

"താങ്കൾ എത്ര കാരുണ്യവാനാണ്." അയാൾ പറഞ്ഞു. "ഞാനൊരു ദുഷ്ടൻ. എനിക്കുള്ളതെല്ലാം നഷ്ടപ്പെട്ടു. ജീവിക്കാൻ ഒരു മാർഗവുമില്ല. ഈ കൊട്ടാരത്തിൽ ഒരു ഭൃത്യനായി ഇനിയുള്ള കാലം എന്നെ കഴിയാൻ അനുവദിക്കണം".

ഒടുവിൽ ഇവാൻ ആ സത്യം വെളിപ്പെടുത്തി.

"അച്ഛാ, കളങ്കമില്ലാത്ത കിളിയുടെ പാട്ട് നിങ്ങൾ വിശ്വസിച്ചില്ല. അതിന്റെ പ്രവചനം സത്യമാണെന്ന് തെളിഞ്ഞല്ലോ. ആ സത്യം മനസ്സിലാക്കാനാണ് വിധി നമ്മളെ വീണ്ടും ഒരുമിപ്പിച്ചത്."

രാജകുമാരനായ ഇവാന്റെ മുമ്പിൽ അച്ഛൻ മുട്ടുകുത്തി മാപ്പിരന്നു. നല്ലവനായ ഇവാൻ അച്ഛനെ പിടിച്ചെഴുന്നേൽപ്പിച്ചു. ആ ദിവസം മുഴുവൻ അവർ പഴയ കാര്യങ്ങൾ പറഞ്ഞിരുന്നു.

തന്റെ കൊട്ടാരത്തിൽത്തന്നെ അച്ഛനെ താമസിപ്പിക്കാനുള്ള അനുവാദം ഇവാൻ രാജാവിൽനിന്ന് വാങ്ങി, ഭൃത്യനായല്ല. സ്വന്തം അച്ഛനായി!

കവിത

# ഒന്നെന്ന സത്യം

ബിനീഷ് പുതുപ്പണം

പുലരി ചൊരിയുന്ന തൊടിയിൽ
ഇളവെയിലിന്റെ പൊൻവെളിച്ചം
പുൽത്തുമ്പിലിറ്റു വീഴാനായി നിൽക്കുന്ന
തുടുമഞ്ഞിലുമുണ്ടതിൻ തെളിച്ചം

ഒരു പൂവു പുഞ്ചിരിക്കുന്നതിൻ ഭംഗിയിൽ
മധുരമായ് വിരിയുന്നു സൂര്യൻ
അനന്തമാം രശ്മികൾ പടരും മരങ്ങളിൽ
വെള്ളിലച്ചാർത്തിന്റെ മർമ്മരം
അതിൽ പാർക്കും ഉറുമ്പിന്റെ കണ്ണിലും
തെളിയും വെളിച്ചമാം സ്നേഹം
അതുതന്നെയതു തന്നെ
നാമൊന്നെന്ന സത്യവും നേരും.



വര: അരുൺ ഗോകുൽ

കവിത

# ചുണ്ടെലിചരിതം

അമൃത കേളകം

വന്നു, നിലാവിൻ മുറ്റത്ത്
പമ്മിപ്പമ്മിച്ചുണ്ടനെലി
ഒച്ചയനക്കമെടുക്കാതെ
ഇത്തിരിനേരം നിന്നേപോയ്
അത്തിമരത്തിൻ കൊമ്പത്ത്
കുത്തിയിരിക്കും നത്തമ്മ
പമ്മിനടക്കും ചുണ്ടെലിയെ
കണ്ടുചിരിച്ചു രസിച്ചല്ലോ
ചെത്തിപ്പൂവിൻ തുമ്പത്ത്
മിന്നാമിന്നിക്കൂട്ടത്തിൽ
കുഞ്ഞനൊരുത്തൻ ചുണ്ടെലിയെ
കൊഞ്ഞനമിട്ടു കളിച്ചല്ലോ!
കണ്ണുമിഴിച്ചു കരിമ്പൂച്ച
പല്ലുമിളിച്ചൊരു വവ്വാല്
ചുണ്ടലിയൊന്നു വിരണ്ടേപോയ്
രണ്ടടിയോടിയകന്നേ പോയ്
തിണ്ണയിലേറിയ നേരത്ത്
കണ്ടെലി വമ്പൻ കപ്പങ്ങ
ഒന്നു കരണ്ടു പിരണ്ടേ പോയ്
ചെങ്കദളിക്കുല കണ്ടേപോയ്
വലിയൊരു വല്ലക്കുട്ടയിലങ്ങനെ
തലയിലുമേറ്റി വരുന്നുണ്ടേ..
അമ്പിളിപൊങ്ങിയ മാനത്ത്
വന്നുനിരന്നൊരു താരങ്ങൾ
അന്തിവിളക്ക് തെളിച്ചിട്ട്
പുഞ്ചിരിതൂകി വിളിച്ചല്ലോ
നോക്കിയിരുന്നൊരു തള്ളയെലി
കാക്കിരി പീക്കിരി കുഞ്ഞുങ്ങൾ
ഓടിയടുത്തു വരുന്നുണ്ടേ
തേൻകദളിപ്പഴമുണ്ണാനായ്
ശർക്കരയൊന്നു ചിരണ്ടീട്ട്
തേങ്ങാപ്പാലുമൊഴിച്ചിട്ട്
ഏലയ്ക്കാത്തരി തൂവീട്ട്
പായസമങ്ങനെ വെച്ചല്ലോ
മേമ്പൊടി തൂവാൻ കർപ്പൂരം
നെയ്യില് മൂത്തോരു കാരെള്ള്
കദളിനിവേദ്യമതുണ്ണാനായ്
കലപിലമേളം കളിവീട്ടിൽ!





വര: അരുൺ ഗോകുൽ

# അസമത്വത്തിന്റെ സിദ്ധാന്തം

ഇ ഡി ഡേവിസ്

ഗാന്ധിജിയുടെ എന്റെ *സത്യാന്വേഷണ പരീക്ഷണങ്ങൾ* എന്ന ആത്മകഥ ചരിത്രപ്രസിദ്ധമാണ്. അദ്ദേഹം ദക്ഷിണാഫ്രിക്കയിൽ ജീവിച്ച ഇന്ത്യക്കാർ അനുഭവിച്ച അടിമത്തത്തെയും മർദനങ്ങളെയും അപമാനങ്ങളെയും പറ്റി അതിൽ പലയിടത്തും എഴുതിയിട്ടുണ്ട്.

ബാലസുന്ദരം എന്ന തമിഴനെ വെള്ളക്കാരൻ ക്രൂരമായി മർദിച്ച സംഭവം വിവരിക്കുന്നതിങ്ങനെയാണ്. കരാർ പണിക്കാരനാണ് അദ്ദേഹം. യജമാനന്റെ അടിയേറ്റ് ബാലസുന്ദരത്തിന്റെ പല്ലുകൾ കൊഴിഞ്ഞു. വായിൽനിന്ന് ചോരയൊഴുകി. അദ്ദേഹത്തെ ഗാന്ധി ആശുപത്രിയിൽ കൊണ്ടുപോയി. ഡോക്ടറെ കാണിച്ചു.

വെള്ളക്കാർ മാത്രമേ അക്കാലത്ത് ഡോക്ടർമാരായുള്ളൂ. കരാർതൊഴിലാളി മേലാളന്റെ സ്വകാര്യസ്വത്താണ്. യജമാനന്റെ അനുമതിയില്ലാതെ തൊഴിലാളി വിട്ടുപോയാൽ ക്രിമിനൽ കുറ്റമായിട്ടാണ് അന്നു പരിഗണിക്കുക. വെള്ളക്കാർ മാത്രമുള്ള കോടതിയിൽ ശിക്ഷയും ഉറപ്പാണ്. ഗാന്ധി ബാലസുന്ദരത്തെ രക്ഷിച്ചു. തലപ്പാവും ധരിപ്പിച്ചു. വേദന മറന്ന് ബാലസുന്ദരം സന്തോഷവാനായി. ഗാന്ധി അതേപ്പറ്റി ഇങ്ങനെ എഴുതിയിട്ടുണ്ട്:

"സഹജീവികളുടെ നിന്ദിതാവസ്ഥയിൽ സന്തോഷം കണ്ടെത്തുന്ന മനുഷ്യമനസ്സ്, എനിക്കൊരിക്കലും മനസ്സിലാകാതിരുന്ന സമസ്യയായിരുന്നു."

ഇതിലും ഞെട്ടിക്കുന്ന മറ്റൊരു സംഭവകഥ കൂടി അക്കാലത്തുണ്ടായി. *അസമത്വത്തിന്റെ സിദ്ധാന്തം* എന്ന പേരിൽ 1927 ഒക്ടോബർ 15 ന് പാലക്കാട്ടു നടത്തിയ പ്രസംഗത്തിലാണ് ഗാന്ധി ആ സംഭവം വെളിപ്പെടുത്തിയത്.

പ്രസംഗപര്യടനാർഥം അദ്ദേഹം തലേദിവസം അവിടെ വന്നു താമസിച്ചിരുന്നു. താമസിച്ച വീടിനടുത്തുനിന്ന് ചെവി തുളയ്ക്കുന്നൊരു ശബ്ദം ഗാന്ധി കേട്ടു. അതു പിന്നെയും ഉയരുന്നു. ശ്രദ്ധിച്ചു കേൾക്കാൻ ശ്രമിച്ചപ്പോൾ മനസ്സിലായി, അത് ഒരു മനുഷ്യശബ്ദമാണെന്ന്.

വീണ്ടും ശബ്ദമുയർന്നു. അസാധാരണമായ ഒരു തരം കൂക്കിവിളി. ഗാന്ധി പുറത്തേക്കു നോക്കി. റോഡിൽ ആദ്യം ആരെയും കണ്ടില്ല. ചുറ്റിലും പരതുന്ന സന്ദർഭത്തിൽ അദ്ദേഹത്തോട് ഒപ്പമുണ്ടായിരുന്ന നേതാവ് സി രാജഗോപാലാചാരി ചോദിച്ചു:

"വിചിത്രമായ ശബ്ദം കേട്ടുവല്ലേ?"

ഗാന്ധിജിക്ക് ആകാംക്ഷ കൂടി. രാജഗോപാലാചാരിയിൽനിന്ന് അതൊരു നായാടിയുടെ ശബ്ദമാണെന്നറിഞ്ഞു. അല്പം ദൂരെയുള്ള ഇലപ്പടർപ്പുകൾക്കുള്ളിൽനിന്നാണ് കൂക്കിവിളി. വിശപ്പിന്റെ വിളിയായിരുന്നു അത്. എന്നാലും ദയാവായ്പുള്ള മനുഷ്യരേ അവരെ സഹായിക്കൂ. പലരും വിശന്നുചാകുന്ന കാലം! പറമ്പിൽ ഒളിഞ്ഞുനിന്നുള്ള വിളിച്ചുകൂവൽ ഭിക്ഷ ചോദിക്കുന്നതിന്റെ പ്രകടനമാണ്.

അക്കാലത്ത് മനുഷ്യരുടെ അടുത്തുവരാൻ നായാടികൾക്ക് അവകാശമില്ല. എഴുപത്തിരണ്ട് അടി അകലെ ഒളിഞ്ഞുനില്ക്കണം. വെളിയിൽ കണ്ടാൽ തല്ലിക്കൊല്ലും. റോഡിലൂടെ നടക്കാൻ പാടില്ല. അവരെ മനുഷ്യരായി ആരും അംഗീകരിക്കാത്ത കാലം!

റോഡിലേക്കു നോക്കിയിട്ടും വീടിനു ചുറ്റും പരതിയിട്ടും ഗാന്ധിക്ക് ആദ്യമൊന്നും നായാടിയെ കാണാനായില്ല. അകലെ അലമുറയിടുന്നതു മാത്രം കേൾക്കാം. അവസാനം ഗാന്ധി ആ നായാടിയെ കണ്ടു. പച്ചിലക്കാടിന്റെ ഓരത്ത് മറഞ്ഞുനിൽക്കുകയായിരുന്നു അദ്ദേഹം. അദ്ദേഹത്തോട് അടുത്തുവരാൻ

ഗാന്ധി പറഞ്ഞു. ആ മനുഷ്യൻ കുറച്ചുകൂടി അടുത്തുവന്നു. എന്നാൽ റോഡിലേക്കു വരാൻ അദ്ദേഹത്തിന് ഒട്ടും ധൈര്യമുണ്ടായിരുന്നില്ല. തൊട്ടുകൂടായ്മ എന്ന ദുരാചാരത്തിന്റെ ഭീകരത ഗാന്ധി പാലക്കാട്ടുവെച്ച് ആഴത്തിൽ അനുഭവിച്ചറിയുകയായിരുന്നു.

ഏതാണ്ട് മുക്കാൽ നൂറ്റാണ്ടു മാത്രം മുമ്പത്തെ അവസ്ഥ. ഭൂരിപക്ഷവും അയിത്തത്താലും അനാചാരങ്ങളാലും വേട്ടയാടപ്പെട്ടിരുന്നു. നമ്മുടെ നാട് ഭീകരമായ അസമത്വത്തിൽ ആയിരുന്നു അക്കാലത്ത്. അതെല്ലാം ഏറെയൊക്കെ ഇല്ലാതായത് നവോത്ഥാനനായകരും ദേശീയനേതാക്കളും നടത്തിയ ത്യാഗപൂർണമായ സമരം കൊണ്ടായിരുന്നു. നാം നമ്മളായതിന്റെ ചരിത്രം കൂടുതൽ അറിയണം. അനാചാരങ്ങളിൽനിന്ന് ഇന്നത്തെ മെച്ചപ്പെട്ട മനുഷ്യരെ സൃഷ്ടിച്ച നവോത്ഥാനസമരങ്ങൾ! ആ ചരിത്രസ്രഷ്ടാക്കൾ നമ്മോടു പറയുന്നു:

*ചോര*
*തുടിക്കും ചെറു*
*കൈയുകളേ,*

*പേറുക*
*വന്നീ പന്തങ്ങൾ.*
(വൈലോപ്പിള്ളി)



# മൂന്ന് ചോദ്യങ്ങൾ

ലിയോ ടോൾസ്റ്റോയ്
പുനരാഖ്യാനം: അനഘ സുധാകരൻ





ഒരു പ്രവൃത്തി ആരംഭിക്കുവാനുള്ള ശരിയായ സമയം അറിഞ്ഞിരുന്നെങ്കിൽ എത്ര നന്നായിരുന്നു. അതുപോലെതന്നെ ആരുടെയൊക്കെ ഉപദേശങ്ങൾ സ്വീകരിക്കണം, അകറ്റിനിർത്തേണ്ടത് ആരെയൊക്കെയാണ്, താൻ ചെയ്യേണ്ട ഏറ്റവും പ്രധാനപ്പെട്ട കാര്യം എന്താണ് എന്നൊക്കെ അറിഞ്ഞാൽ എത്ര എളുപ്പമായിരുന്നു കാര്യങ്ങൾ.

ഈ ചിന്തകൾ കുറെ നാളായി രാജാവിന്റെ മനസ്സിനെ അലട്ടിക്കൊണ്ടിരുന്നു. എത്ര ചിന്തിച്ചിട്ടും രാജാവിന് ഒരു ഉത്തരം കണ്ടെത്താനായില്ല. അതുകൊണ്ട് രാജാവ് ഒരു വിളംബരം പുറപ്പെടുവിച്ചു ഈ മൂന്നു ചോദ്യങ്ങൾക്കും ശരിയായ ഉത്തരം നൽകുന്നവർക്ക് വിലയേറിയ സമ്മാനങ്ങൾ നൽകുന്നതായിരിക്കും.

ആ മൂന്നു ചോദ്യങ്ങൾ ഇവയായിരുന്നു-

ശരിയായ സമയമേത്?

ഏറ്റവും അത്യാവശ്യമുള്ള, അല്ലെങ്കിൽ ഉപകാരപ്പെടുന്ന ആളുകൾ ആര്?

ഏറ്റവും പ്രധാനപ്പെട്ട ജോലിയേത് ?

രാജ്യത്തെ പണ്ഡിതരെല്ലാം തന്നെ തങ്ങളുടെ ഉത്തരങ്ങളുമായി രാജസദസ്സിൽ എത്തി. പലതരം മറുപടികൾ പറഞ്ഞു.

ഏറ്റവും നല്ല സമയം ഏത്?

ഓരോ പ്രവൃത്തിയുടെയും ശരിയായ സമയം അറിയണമെങ്കിൽ അതിന് നമ്മൾ മുൻകൂട്ടി തയ്യാറാവണം. എങ്കിൽ മാത്രമേ എല്ലാ കാര്യങ്ങളും കൃത്യതയോടെ സമയത്ത് ചെയ്യുവാനാകൂ എന്നായിരുന്നു ഒരു കൂട്ടരുടെ മറുപടി.

പ്രവൃത്തിയുടെ ശരിയായ സമയം മുൻകൂട്ടി അറിയുവാൻ ബുദ്ധിമുട്ടാണ്. അതുകൊണ്ട് ഒരാൾ ഏതു സമ

യവും ശ്രദ്ധിച്ചിരിക്കണമെന്ന് മറ്റൊരു കൂട്ടർ.

ചുറ്റും നടക്കുന്ന കാര്യങ്ങൾ സൂക്ഷ്മമായി നിരീക്ഷിക്കുകയും അത്യാവശ്യമുള്ള കാര്യങ്ങൾ മുൻഗണനാക്രമത്തിൽ ചെയ്തുതീർക്കുകയുമാണെങ്കിൽ സമയം ശരിയായി ഉപയോഗിക്കാൻ കഴിയും എന്നായി മറ്റു ചിലർ.

ശരിയായ സമയം കണ്ടെത്തി സഹായിക്കുവാൻ പണ്ഡിതരുടെ കൂട്ടായ്മതന്നെ രൂപീകരിക്കണമെന്നും പറഞ്ഞു ചിലർ. നല്ല സമയം മുൻകൂട്ടി അറിയുവാൻ വല്ല മന്ത്രവാദികളുടെയും സഹായം തേടുകയാണ് വേണ്ടത് എന്നുവരെ പറഞ്ഞവരുമുണ്ട്.

ഏറ്റവും വേണ്ടപ്പെട്ട വ്യക്തികൾ ആരെന്ന രണ്ടാമത്തെ ചോദ്യത്തിന് മന്ത്രിമാർ, പുരോഹിതർ, സൈനികർ എന്നിങ്ങനെ നിരവധി ഉത്തരങ്ങൾ നിരന്നു.

ഏറ്റവും പ്രാധാന്യമുള്ള ജോലി ഏതെന്ന ചോദ്യത്തിന് ആതുര സേവനം, സൈനിക സേവനം, പ്രാർത്ഥന തുടങ്ങിയവയായിരുന്നു രാജാവിന്റെ മുന്നിൽവന്ന ഉത്തരങ്ങൾ.

പക്ഷേ ഈ ഉത്തരങ്ങളിലൊന്നും രാജാവ് തൃപ്തനായില്ല. ദൂരെ വനത്തിൽ താമസിച്ചിരുന്ന ഒരു സന്യാസിയെ കണ്ട് തന്റെ സംശയങ്ങൾക്ക് ഉത്തരം തേടാം എന്ന് അവസാനം അദ്ദേഹം കരുതി. പണ്ഡിതനായ ആ സന്യാസി ഒരിക്കലും തന്റെ ആശ്രമപരിസരം വിട്ട് യാത്രചെയ്തിരുന്നില്ല.

തികച്ചും സാധാരണക്കാരന്റെ വേഷത്തിലാണ് സന്യാസിയുടെ അടുത്ത് രാജാവ് എത്തിയത്. ആശ്രമമുറ്റത്തിനരികിൽ കൃഷി ചെയ്യുവാനായി മണ്ണിൽ കുഴികൾ ഉണ്ടാക്കുകയായിരുന്നു സന്യാസിയപ്പോൾ. രാജാവിനെ കണ്ട സന്യാസി അവനെ അഭിവാദനം ചെയ്തിട്ട് തന്റെ ജോലി തുടർന്നു.

"ബുദ്ധിമാനും സന്യാസിയും ആയ താങ്കളോട് മൂന്നു ചോദ്യങ്ങൾക്ക് ഉത്തരം ആരായാനാണ് ഞാൻ വന്നത്. ഒരു കാര്യം ചെയ്യുവാൻ ശരിയായ സമയം ഏതെന്ന് എനിക്ക് എങ്ങനെ അറിയുവാൻ കഴിയും? എനിക്ക് ഏറ്റവും പ്രധാനപ്പെട്ട അല്ലെങ്കിൽ ഞാൻ ഏറ്റവും ശ്രദ്ധ കൊടുക്കേണ്ട വ്യക്തികൾ ആരൊക്കെയാണ്? അതുപോലെ തന്നെ ഏതാണ് മറ്റുള്ളവയെക്കാൾ ഏറ്റവും ഉദാത്തമായ പ്രവൃത്തി?"

രാജാവിന്റെ ചോദ്യങ്ങൾ ശ്രദ്ധിച്ചു കേട്ടെങ്കിലും മറുപടിയൊന്നും പറയാതെ സന്യാസി ജോലി തുടർന്നു.

അദ്ദേഹം ഓരോ തവണയും കൈക്കോട്ട് ഉയർത്തി മണ്ണ് ഇളക്കിക്കൊണ്ടിരുന്നു. പക്ഷേ ജോലിഭാരം മൂലം ഇടയ്ക്കിടെ ശ്വാസംമുട്ടൽ ഉണ്ടാകുന്നുണ്ടായിരുന്നു. കുറച്ചു സമയത്തിനുശേഷം രാജാവ് സന്യാസിയോട് പറഞ്ഞു:

"താങ്കൾ ആകെ മടുത്തിരിക്കുന്നു, ആ കൈക്കോട്ട് എനിക്കു തരുമോ. ഞാൻ കുറച്ചു സമയം ജോലി ചെയ്യാം, താങ്കൾ അല്പം വിശ്രമിക്കൂ."

സന്യാസി രാജാവിന് നന്ദി പറഞ്ഞ് കൈക്കോട്ട് രാജാവിന്റെ കൈയിൽ കൊടുത്തു. രാജാവ് വേഗംതന്നെ രണ്ടു കുഴികൾ തീർത്തു. എന്നിട്ട് സന്യാസിയോട് ചോദ്യം വീണ്ടും ആവർത്തിച്ചു.

സന്യാസി മറുപടിയൊന്നും പറയാതെ രാജാവിൽനിന്ന് കൈക്കോട്ട് തിരികെ വാങ്ങിയിട്ട് പറഞ്ഞു:

"താങ്കൾ ക്ഷീണിച്ചിരിക്കുന്നു, ഇനി കുറെ സമയം ഞാൻ ജോലി ചെയ്യാം."

എന്നാൽ രാജാവ് അത് സമ്മതിച്ചുകൊടുക്കാതെ ജോലി തുടർന്നു. മണിക്കൂറുകൾ കടന്നുപോയി. വൈകുന്നേരമായി. രാജാവ് സന്യാസിയോട് പറഞ്ഞു:

"താങ്കളിൽനിന്ന് എന്റെ ചോദ്യങ്ങൾക്കു മറുപടി ലഭിക്കും എന്നു കരുതിയാണ് ഞാൻ വന്നിരിക്കുന്നത്. താങ്കൾക്ക് മറുപടി പറയുവാൻ ബുദ്ധിമുട്ടാണെങ്കിൽ തുറന്നുപറയൂ. ഞാൻ തിരികെ പോയ്ക്കോളാം."

"ഇതാ ആരോ ഇങ്ങോട്ട് ഓടിവരുന്നുണ്ടല്ലോ, അത് ആരാണെന്ന് നോക്കാം." സന്യാസി പറഞ്ഞു.

"എന്നെ രക്ഷിക്കണേ..." എന്ന് അലറിവിളിച്ചുകൊണ്ട്

**തികച്ചും സാധാരണക്കാരന്റെ വേഷത്തിലാണ് സന്യാസിയുടെ അടുത്ത് രാജാവ് എത്തിയത്. ആശ്രമമുറ്റത്തിനരികിൽ കൃഷി ചെയ്യുവാനായി മണ്ണിൽ കുഴികൾ ഉണ്ടാക്കുകയായിരുന്നു സന്യാസിയപ്പോൾ. രാജാവിനെ കണ്ട സന്യാസി അവനെ അഭിവാദനം ചെയ്തു. രാജാവിന്റെ ചോദ്യങ്ങൾ ശ്രദ്ധിച്ചു കേട്ടെങ്കിലും മറുപടിയൊന്നും പറയാതെ സന്യാസി ജോലി തുടർന്നു.**

താടിയും മുടിയും വളർത്തിയ ഒരാൾ ആശ്രമത്തിന്റെ അടുത്തേക്ക് ഓടിവന്നു.

അയാളുടെ കൈവിരലുകൾക്കിടയിലൂടെ രക്തം ഒഴുകുന്നുണ്ടായിരുന്നു. സന്യാസിയുടെയും രാജാവിന്റെയും മുന്നിൽ അയാൾ തളർന്നു വീണു.

രാജാവ് പെട്ടെന്നുതന്നെ അയാളുടെ മുറിവുകൾ കഴുകി വൃത്തിയാക്കി. സന്യാസിയുടെ പക്കൽനിന്ന് തുണികൾ വാങ്ങിച്ച് മുറിവുകൾ വെച്ചു കെട്ടി അയാളെ ആശ്രമത്തിൽ ഉണ്ടായിരുന്ന കട്ടിലിൽ കൊണ്ടുപോയി കിടത്തി.

അപ്പോഴേക്കും രാത്രിയായിക്കഴിഞ്ഞിരുന്നു. പകൽ മുഴുവൻ ജോലിചെയ്തു ക്ഷീണിതനായ രാജാവ് സന്യാസിയുടെ ആശ്രമവരാന്തയിൽ ഇരുന്ന് പെട്ടെന്നുതന്നെ ഉറങ്ങിപ്പോയി.


പിറ്റേന്ന് രാവിലെ രാജാവ് ഉറക്കമുണർന്നപ്പോഴേക്കും നേരം വെളുത്തു കഴിഞ്ഞിരുന്നു. അടുത്തുള്ള കട്ടിലിൽ ഇരുന്ന് തന്നെ സൂക്ഷിച്ചു നോക്കുന്ന താടിക്കാരൻ ആരെന്ന് അദ്ദേഹത്തിനു കുറെ നേരത്തേക്ക് മനസ്സിലായതേയില്ല. ഇന്നലെ ആശ്രമത്തിലേക്ക് ഓടിവന്ന താടിക്കാരനായിരുന്നു അത്.

ആ മനുഷ്യനാകട്ടെ ദയനീയമായ ശബ്ദത്തിൽ തന്നോട് ക്ഷമിക്കണമെന്ന് രാജാവിനോട് യാചിച്ചു.

“എനിക്ക് നിന്നെ അറിയില്ല. അതുകൊണ്ടുതന്നെ എനിക്കൊന്നുംതന്നെ ക്ഷമിക്കുവാനുമില്ല.” എന്നായി രാജാവ് .

ആ മനുഷ്യൻ പറഞ്ഞു,

“താങ്കൾക്ക് ചിലപ്പോൾ എന്നെ അറിയില്ലായിരിക്കും. പക്ഷേ എന്റെ സഹോദരനെ കൊലപ്പെടുത്തുകയും അവന്റെ സ്വത്തുക്കൾ ഖജാനവിലേക്ക് കണ്ടുകെട്ടുകയും ചെയ്ത അന്നുമുതൽ നിങ്ങൾ എന്റെ ശത്രുവാണ്. താങ്കൾ സന്യാസിയുടെ അടുത്തേക്കു പോകുന്നു എന്നറിഞ്ഞാണ് താങ്കളെ കൊലപ്പെടുത്തുക എന്ന ലക്ഷ്യവുമായി ഞാൻ പിറകേ വന്നത്. ഞാൻ ഒളി



വര: ജാസില ലല്ല

ഞ്ഞിരിക്കുമ്പോൾ രാജഭടന്മാർ എന്നെ കണ്ടെത്തുകയും എന്നെ മുറിവേൽപ്പിക്കുകയും ചെയ്തു.

ശരിക്കും ഞാൻ രക്തം വാർന്ന് മരിക്കേണ്ടതായിരുന്നു. പക്ഷേ താങ്കൾ എന്നെ മരണത്തിൽനിന്നു രക്ഷപ്പെടുത്തി. ഇനിയും ഞാൻ ജീവിക്കുവാനാണ് താങ്കൾ ഇഷ്ടപ്പെടുന്നതെങ്കിൽ എന്നെ താങ്കളുടെ സുഹൃത്തായി കഴിയാൻ അനുവദിക്കണം."

ശത്രുവായിരുന്ന ഒരാളെ നല്ലൊരു സുഹൃത്താക്കുവാൻ സാധിച്ചതിൽ രാജാവ് അതീവ സന്തുഷ്ടനായിരുന്നു.

അയാളോട് യാത്ര പറഞ്ഞ് രാജാവ് വീണ്ടും സന്യാസിയെ അന്വേഷിച്ചു. ഇവിടെനിന്നു പോകുന്നതിനു മുൻപായി തന്റെ ചോദ്യങ്ങൾക്ക് മറുപടി കിട്ടുവാൻ ഒരിക്കൽക്കൂടി യാചിച്ചുനോക്കാം എന്ന് രാജാവ് കരുതി.

അധികം അന്വേഷിക്കേണ്ടി വന്നില്ല, തലേന്നു കുഴിച്ച കുഴികൾക്കരികിൽ ജോലിയിൽ ആയിരുന്നു സന്യാസി.

രാജാവ് സന്യാസിയുടെ അടുത്ത് കൈകൾ കൂപ്പിക്കൊണ്ട് പറഞ്ഞു:

"ഞാൻ അവസാനമായി ഒരിക്കൽക്കൂടി യാചിക്കുകയാണ്. എന്റെ ചോദ്യങ്ങൾക്ക് അങ്ങ് ഉത്തരം നൽകുമോ?"

സന്യാസി രാജാവിനെ തിരിഞ്ഞുനോക്കിക്കൊണ്ട് പറഞ്ഞു:

"നിനക്ക് ഉത്തരങ്ങൾ എപ്പോഴേ ലഭിച്ചുകഴിഞ്ഞു."

"ഉത്തരങ്ങൾ കിട്ടിക്കഴിഞ്ഞു എന്നോ! താങ്കൾ എന്താണ് ഉദ്ദേശിക്കുന്നത്?" രാജാവ് ചോദിച്ചു.

സന്യാസി സാവകാശം മറുപടി പറഞ്ഞു:

"ഇന്നലെ നീ എന്റെ ബുദ്ധിമുട്ട് കണ്ട് സഹതാപം തോന്നി കൃഷിയിൽ സഹായിച്ചതുകൊണ്ടാണ് നിങ്ങൾ തിരിച്ചു പോകാൻ വൈകിയത്. അതുകൊണ്ടാണ് നീ ശത്രുവിന്റെ കൈയിൽനിന്ന് രക്ഷപ്പെട്ടത്. അതുകൊണ്ട് നിനക്ക് ഏറ്റവും പ്രധാനപ്പെട്ട സമയം നീ എനിക്കുവേണ്ടി ജോലി ചെയ്ത് എന്നെ സഹായിച്ച സമയമാണ്.

അതുപോലെ നിന്റെ സഹതാപത്തിന് അർഹനായ ഞാനായിരുന്നു നിനക്ക് ഏറ്റവും പ്രധാനപ്പെട്ട വ്യക്തി.

എനിക്ക് നന്മ ചെയ്യുക എന്നതായിരുന്നു നിങ്ങൾ ചെയ്യേണ്ടിയിരുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രവൃത്തി.

അതുകഴിഞ്ഞ് മുറിവേറ്റ മനുഷ്യൻ ഓടിവന്നപ്പോൾ അയാളെ ശുശ്രൂഷിച്ച സമയം ഏറ്റവും നല്ല സമയമായി. അയാൾ ഏറ്റവും പ്രധാനപ്പെട്ട വ്യക്തിയും.

അവനുവേണ്ടി ചെയ്ത സേവനം ഏറ്റവും പ്രധാനപ്പെട്ട ജോലിയായി.

ഒരു കാര്യം ഓർമ്മിക്കുക, പ്രധാനപ്പെട്ട സമയം ഒന്നേയുള്ളൂ. അത് ഇപ്പോഴാണ്, ഈ നിമിഷമാണ്. കാരണം കടന്നുപോയ സമയത്തെയും വരാനിരിക്കുന്ന സമയത്തെയും നിയന്ത്രിക്കാനുള്ള കഴിവ് നമുക്കില്ലല്ലോ.

ഏറ്റവും പ്രധാനപ്പെട്ട വ്യക്തി ആരെന്നാൽ ഇപ്പോൾ ഈ നിമിഷം നിന്റെയൊപ്പമുള്ള ആളാണ്. കാരണം വേറൊരാളെ കാണുവാൻ മാത്രം സമയം നാം ജീവിച്ചിരിക്കുന്നു എന്നതിന് എന്തുറപ്പാണ് ഉള്ളത്.

ചുരുക്കത്തിൽ ഏറ്റവും പ്രധാനപ്പെട്ട പ്രവൃത്തി എന്തെന്നാൽ മറ്റുള്ളവർക്ക് നന്മ ചെയ്യുക എന്നതാണ്."

**ശരിക്കും ഞാൻ രക്തം വാർന്ന് മരിക്കേണ്ടതായിരുന്നു. പക്ഷേ താങ്കൾ എന്നെ മരണത്തിൽനിന്നു രക്ഷപ്പെടുത്തി. ഇനിയും ഞാൻ ജീവിക്കുവാനാണ് താങ്കൾ ഇഷ്ടപ്പെടുന്നതെങ്കിൽ എന്നെ താങ്കളുടെ സുഹൃത്തായി കഴിയാൻ അനുവദിക്കണം."**
**ശത്രുവായിരുന്ന ഒരാളെ നല്ലൊരു സുഹൃത്താക്കുവാൻ സാധിച്ചതിൽ രാജാവ് അതീവസന്തുഷ്ടനായിരുന്നു.**

## സൃഷ്ടികൾ ക്ഷണിക്കുന്നു

തളിര് മാസികയിലേക്ക് സൃഷ്ടികൾ ക്ഷണിക്കുന്നു. കഥ, കവിത, ലേഖനം, ശാസ്ത്രലേഖനം, നാടകം, ചിത്രകഥ തുടങ്ങി വ്യത്യസ്തങ്ങളായ ആഖ്യാനരൂപങ്ങളിലുള്ള സൃഷ്ടികൾ അയക്കാം. പത്തു വയസ്സിനു മുകളിലുള്ള കുട്ടികൾക്ക് ഉതകുന്ന ആധുനികവും പുതുമയുള്ളതും വ്യത്യസ്തവുമായ സൃഷ്ടികളാണ് വേണ്ടത്. രചനകൾ thaliru@ksicl.org എന്ന ഇമെയിലിൽ യുണിക്കോഡിൽ ടൈപ്പു ചെയ്ത് അയക്കുന്നതാണ് അഭികാമ്യം.

# ഇളം തളിര്

ഇളംതളിരിലേക്ക് കൂട്ടുകാരുടെ സൃഷ്ടികൾ അയക്കൂ. രചനകൾ ചെറുതായിരിക്കണം. കുഞ്ഞുകഥയോ കവിതയോ ലേഖനമോ ആകാം. തളിരിനെക്കുറിച്ചുള്ള അഭിപ്രായങ്ങളും അയക്കാം.

## തളിരമ്മാവന്റെ കത്ത്

പ്രകൃതി നമ്മെ പുതിയ പാഠങ്ങൾ പഠിപ്പിക്കുന്നു. എന്നിട്ടും മനുഷ്യർ പ്രകൃതിയെ വേണ്ടത്ര മനസ്സിലാക്കിയോ എന്നു സംശയമാണ്.

*പ്രകൃതിയിൽനിന്നു പഠിക്കുക നമ്മൾ,*
*പരമാർഥങ്ങൾ സത്യങ്ങൾ*

തളിരമ്മാവൻ കൂട്ടുകാർക്കു പാടിക്കൊടുക്കാറുള്ള പാട്ടാണിത്.

വികസനത്തിന്റെ പേരിൽ മനുഷ്യർ പരിസ്ഥിതിസംരക്ഷണം മറന്നുപോകുന്നു എന്ന സത്യം മനസ്സിലാക്കണം. കമ്പോഡിയയിൽ അങ്കോർ വാട്ട് അമ്പലസമുച്ചയങ്ങളോട് പ്രകൃതി ചെയ്ത പ്രതികാരം ഇവിടെ ശ്രദ്ധേയമാണ്. അക്കാര്യങ്ങൾ കൂട്ടുകാർ വായിച്ചുപഠിക്കണം.



കൂട്ടുകാരുടെ വായനയും എഴുത്തും പുതിയ തലങ്ങളിലേക്കു വ്യാപിക്കട്ടേ.

*'പെയ്തുതോർന്ന മഴകളാണ് ഓരോ പുഴയും'* - ഖദീജത്ത് സനയുടെ കവിതാശലകം ആകർഷണീയം. ഐശ്വര്യലക്ഷ്മിയുടെ *സ്വപ്നദേവതകൾ* - *പ്രാവിന്റെ ഏകാന്തതകൾ* നന്നായി.

സൂര്യഗായത്രി എഴുതിയ *ചുവന്ന ചരടുകൾ* എന്ന ജീവിതാനുഭവങ്ങൾ അവതരണം നന്നായി. ഗായത്രി ഗോപകുമാർ എഴുതിയ *പരിസ്ഥിതിദിനം* രസമുള്ള കഥയാണ്. അക്കുവിന്റെയും നിരഞ്ജനയുടെയും വരകൾ മനോഹരം. ഗായത്രിയുടെ *ഇരുളിൻ വെളിച്ചം* എന്ന കവിതയും ഇഷ്ടപ്പെട്ടു.

കൂട്ടുകാർ ധാരാളം വായിച്ചുവായിച്ച് എഴുതുമ്പോൾ സൃഷ്ടികൾ ആകർഷകങ്ങളാകുന്നു.

സ്നേഹത്തോടെ,
**സി ആർ ദാസ്**
**തളിരമ്മാവൻ**



**നിരഞ്ജന വി**
ക്ലാസ്: 8
കാർത്തിക തിരുനാൾ ഗവ. വി & എച്ച് എസ് എസ് ഫോർ ഗേൾസ് മണക്കാട്, തിരുവനന്തപുരം

## വര

**അമൻ ഷസിയ അജയ്**
ക്ലാസ്: 4
സെയിന്റ് ആന്റണീസ് എ യു പി സ്കൂൾ
കോഴിക്കോട്



# ചുവന്ന ചരടുകൾ

**സൂര്യഗായത്രി എസ്**
ക്ലാസ്: 10
ജി എച്ച് എസ് എസ്
അഞ്ചൽ വെസ്റ്റ്, കൊല്ലം

തിരക്കില്ലാത്ത ബസ്സിന്റെ ജാലകവാതിൽക്കൽ അനന്തതയാർന്ന ദൃഷ്ടിയോടെ ഞാൻ ഇരിക്കുകയായിരുന്നു. വായാടികളായ തമിഴ് സ്ത്രീകളുടെ വിയർപ്പിൽനിന്ന് മുല്ലപ്പൂക്കളുടെ ഗന്ധം വമിച്ചു.

എന്റെ തലയിൽനിന്ന് ദുപ്പട്ടയുടെ തലപ്പ് തെന്നി വീണു. കിളിർത്തുവരുന്ന മുടിയിഴകളിലൂടെ കാറ്റ് ഇടതടവില്ലാതെ സഞ്ചരിച്ചു. അപൂർണ്ണമായ എന്റെ ശരീരത്തിലേക്ക് നോക്കി ഞാൻ നെടുവീർപ്പിട്ടു. ശൂന്യമായ ഇടനെഞ്ചിൽ വിങ്ങൽ കുരുങ്ങിനിന്നു.

വിയർപ്പിറ്റിയ ശരീരവുമായി ധൃതിയിൽ എന്റെയടുത്ത് വന്നിരുന്ന വൃദ്ധയെ ഞാൻ നിരീക്ഷിച്ചു. ചുക്കിച്ചുളിഞ്ഞ കൈവിരലുകളും ചിതലരിച്ച കപോലങ്ങളും വാർദ്ധക്യം വിഴുങ്ങിയ തലമുടിയിഴകളും അവരെ, വളരെ പെട്ടെന്ന് വൃദ്ധയാക്കിത്തീർത്തിരിക്കുന്നു.

ഉയർന്ന മൂക്കിൽ പതിച്ചുവച്ചിരുന്ന ചുവന്ന മൂക്കുത്തിയിലേക്കു നോക്കി ഞാനിരുന്നു. ആശങ്കകളും ആവലാതികളും നിറഞ്ഞ ആ മുഖം ഒരു കൊച്ചുകുഞ്ഞിന്റേതെന്നപോലെ നിർമ്മലമായിരുന്നു. അവർ എന്നെ നോക്കി ദയനീയമായി പുഞ്ചിരിച്ചു. അവർ തന്റെ യാത്രോദ്ദേശ്യം എന്നോട് വ്യക്തമാക്കി.

മകനു കത്തുകളയയ്ക്കുവാൻ വേണ്ടി മാത്രം ഗ്രാമത്തിൽ നിന്ന് ദൂരങ്ങൾ താണ്ടി നഗരത്തിലേക്കു വന്നതാണ്, പ്രിയപുത്രന്റെ കത്തുകളുടെ ഒഴുക്കു നിലച്ചിട്ടും അനുസ്യൂതമായി കത്തുകളെഴുതുന്ന വൃദ്ധമാതാവ്.

തുരുമ്പുപിടിച്ച ഇരുമ്പു പെട്ടിയിൽ കെട്ടുകളഴിക്കാതെ ഇട്ടിരുന്ന ഒരു കൂട്ടം കത്തുകളെപ്പറ്റി അവളോർത്തു. ആ കത്തുകൾ തന്നോട് ശാഠ്യം പിടിക്കുന്നതായി അവൾക്കു തോന്നി.

ശീതക്കാറ്റു വീശുന്ന ഓറഞ്ച് തോട്ടങ്ങൾക്കിടയിൽ അനാഥയെപ്പോലെ ജീവിതം നയിക്കുന്ന സ്വന്തം അമ്മയുടെ മങ്ങിയ രൂപം അവളുടെ കൺകോണുകളിൽ പോയ്മറഞ്ഞു. യൗവനവും കൗമാരവും അസ്തമിച്ച ചുവന്ന ചരടുകളണിഞ്ഞ ശോഷിച്ച കൈകൾ അവൾക്കു മുന്നിൽ വിറയാർന്നു. അനന്തമായ ആ ചുവന്ന ചരടുകളിൽ കുരുങ്ങി അവൾ ലോകത്തെ ദർശിച്ചു. അജയ്യമായ ആ സ്ത്രീയുടെ കാത്തിരിപ്പിനെപ്പറ്റി അവളോർത്തു.

വിസ്മൃതിയുടെ മറകൾ അവൾക്കു മുന്നിൽ അനാവൃതമാക്കപ്പെട്ടു. പക്ഷേ കണ്ണുകളുടെ സ്ഥാനത്ത് തിളങ്ങുന്ന രണ്ടു കല്ലുകൾ മാത്രമായിരുന്നു; വിലകൽപ്പിക്കാൻ കഴിയാത്തത്ര മൂല്യമേറിയ കല്ലുകൾ.



വര: സചീന്ദ്രൻ കാറഡ്ക്ക

# ഇരുളിൻ വെളിച്ചം

**ഗായത്രി എസ് എ**
ക്ലാസ്: 8
സെയിന്റ് മേരീസ് എച്ച് എസ്
അരയൻകാവ്, കൊല്ലം

ഒഴുകി വന്നൊരാ കാറ്റെൻ
മുടിയിഴകളെ തഴുകിത്തലോടി,
നിശതൻ അജ്ഞാതലോകത്തേക്കാനയിച്ചു
കണ്ടു ഞാൻ അനന്തവിഹായസ്സി-
ലായിരം പൂക്കൾ വിരിഞ്ഞതു
കണ്ടു ഞാൻ തൂമന്ദഹാസം
തൂകും നിലാവിനെ
കണ്ടു ഞാനാ രാത്രിതൻ സൗന്ദര്യത്തെ
പ്രകൃതിതൻ മാതൃസ്നേഹത്തെ
കേട്ടു ഞാനൊരു കിളിനാദവുമാകാറ്റിനീണത്തിൽ
അലയുന്നിതാ ഞാനുമാ മധുരസംഗീതത്തിൽ.

മൗനമായി ഒഴുകുമാ പുഴയോ
ഇന്നീ വാനത്തിൻ പുതുകണ്ണാടിയായി
അന്ധകാരത്തിൻ പിടിയിലമരുന്ന രാത്രിയിൽ
തൻ നിയോഗം നടപ്പിലാക്കുമാ മിന്നാമിനുങ്ങോ
ഇന്നെൻ ജീവിതപാഠമായി
തെങ്ങോലത്തുമ്പിലാടുമാ കുഞ്ഞുകൂടും
നിശതൻ മഞ്ഞിൻപുതപ്പും
എന്നോ മനസ്സിൽ പതിഞ്ഞിരുന്നു.



ദേവി കുടികൊള്ളുമീ താമരപ്പൂവും
നിലാവിൻ പുത്രിയായൊരാമ്പലും
വിടരുമീ രാത്രിയെൻ
ഹൃദയത്തെയനുഗ്രഹിച്ചീടുന്നു.



# പരിസ്ഥിതിദിനം

**ഗായത്രി ഗോപകുമാർ**
ക്ലാസ്: 8
ജെ എം ജെ ഇ എം എച്ച് എസ് എസ്,
അത്താണി, തൃശ്ശൂർ

ഹരിത ആവി പറക്കുന്ന കട്ടൻചായ കുടിച്ച് തുറന്നിട്ട ജനലിലൂടെ മഴ ആസ്വദിച്ച് സെറ്റിയിൽ അലസമായി ഇരുന്നു. പുറത്ത് മഴ തിമർത്തു പെയ്യുകയാണ്. മഴയത്ത് ആവി പറക്കുന്ന കട്ടൻചായ കുടിച്ച് ഇങ്ങനെ വെറുതെയിരിക്കാൻ അവൾക്ക് വലിയ ഇഷ്ടമാണ്.

പൊടുന്നനെ ശക്തമായ മിന്നലോടുകൂടി ഇടി വെട്ടി. ഹരിത ഒന്നു ഞെട്ടി. പണ്ടേ അവൾക്ക് ഇടിയോടും മിന്നലിനോടും എന്തെന്നില്ലാത്ത ഭയമാണ്. പണ്ട് ഇടിയുടെ മുഴക്കവും മിന്നലിന്റെ വെളിച്ചവുമെല്ലാം കണ്ട് പേടിച്ചു കരയുമ്പോൾ അമ്മ തട്ടിട്ട മുറിയിൽ കൊണ്ടിരുത്തി "ഒന്നൂല്ല്യാട്ടോ, അമ്മേടെ മോള് പേടിക്കണ്ട" എന്നു പറഞ്ഞ് സമാധാനിപ്പിച്ചിരുന്നത് ഹരിത ഓർത്തു. അന്ന് ഇടിയുടെയും മിന്നലിന്റെയും ശക്തി കുറയും വരെ തന്റെ കൂടെയിരുന്ന് മഴയൊന്നു തോരുമ്പോൾ "അമ്മ ഇപ്പൊ വരാട്ടോ..." എന്നു പറഞ്ഞ് അടുക്കളയിൽപോയി ശർക്കരയിട്ട് അമ്മയുണ്ടാക്കിത്തരുന്ന കട്ടൻചായയുടെ രുചി വേറെയൊരു കട്ടൻ ചായക്കുമില്ലെന്ന് ഹരിത ഓർത്തു.

മിന്നലോടു കൂടിയ ഇടി മുഴക്കം ഹരിതയെ ചിന്തയിൽ നിന്നുണർത്തി. അവൾ സോഫയിൽനിന്ന് എഴുന്നേറ്റ് ജനൽ അടച്ചു. ടിവിയുടെയും മറ്റ് ഉപകരണങ്ങളുടെയും പ്ലഗ്ഗുകൾ ഊരിയിട്ട് തിരിച്ചുനടക്കുമ്പോഴാണ് അവൾ ലിവിങ് റൂമിലെ ചുമരിൽ തൂക്കിയിട്ടിരിക്കുന്ന കലണ്ടറിലെ ഡേറ്റ് ശ്രദ്ധിച്ചത്, ജൂൺ 5.

ഇന്ന് പരിസ്ഥിതിദിനമാണെന്ന് അവൾ ഓർത്തു. പരിസ്ഥിതിദിനത്തോട്, കൃത്യമായി പറഞ്ഞാൽ പരിസ്ഥിതിദിനത്തിലെ കാര്യപരിപാടികളോട് അവൾക്ക് പുച്ഛമാണ്. വാട്ട്സ് ആപ്പിൽ സ്റ്റാറ്റസിടാനും ഫേസ്

ബുക്കിൽ പോസ്റ്റ് ചെയ്യാനും മാത്രം ഒരു തൈ നട്ട് അതിന്റെ ചിത്രമെടുക്കും. പിന്നീട് ആ ചെടിയെ ഒന്നു തിരിഞ്ഞു നോക്കുകപോലുമില്ല. പരിസ്ഥിതി ദിനത്തിൽ മാത്രം പരിസ്ഥിതിയെ ഓർക്കുന്ന ജനങ്ങൾ!

ഇവർ ഈ നട്ട ചെടികളെല്ലാം വളർന്നു വലുതായിരുന്നെങ്കിൽ ഇന്ന് കേരളം ഒരു കാടായി മാറുമായിരുന്നല്ലോ.

ഹരിതാഭമായ ചിത്രമായിരുന്നു തന്റെ ഗ്രാമത്തെക്കുറിച്ച് ഹരതിയുടെ മനസ്സിൽ ഉണ്ടായിരുന്നത്. എന്നാൽ രണ്ടു വർഷത്തെ ഇടവേളയ്ക്കുശേഷം കഴിഞ്ഞ അവധിക്ക് ഗ്രാമത്തിലേക്ക് പോയതോടു കൂടി ആ ചിത്രം അവളുടെ മനസ്സിൽ നിന്നു മായ്ക്കപ്പെട്ടു. കൃഷിയിടങ്ങളെല്ലാം ഇല്ലാതായി. പാടങ്ങൾ നികത്തി അവിടെ വീടുകളും ഫ്ളാറ്റുകളും പണിതുയർത്തിയിരിക്കുന്നു. പാടത്തിലെ ചെറുവെള്ളച്ചാലിൽ നീന്തിത്തുടിച്ചിരുന്ന മീനുകളെക്കുറിച്ചും ഉയരത്തിൽ ചാടിക്കളിച്ച് 'പേക്രോം' എന്ന്, മുത്തശ്ശിയുടെ ഭാഷയിൽ മഴ തന്നതിന് ഇന്ദ്രദേവന് നന്ദി പറഞ്ഞുകൊണ്ട് കരഞ്ഞിരുന്ന തവളകളെക്കുറിച്ചും ഓർത്ത് ഹരിതക്ക് സങ്കടം തോന്നി.

പാടശേഖരങ്ങൾ നികത്തി വീടുകളും ഫ്ളാറ്റുകളും പണിതവരോട് അവൾക്കു ദേഷ്യം തോന്നി. പക്ഷേ ഇങ്ങനെ പാടം നികത്തിയ ഫ്ളാറ്റിൽ തന്നെയാണല്ലോ താനും ജീവിക്കുന്നത് എന്നോർത്തപ്പോൾ വല്ലാത്തൊരു ആത്മസംഘർഷമായി അതു മാറി.

കൊച്ചി പോലെയൊരു മഹാനഗരത്തിൽ അങ്ങനെയൊരു ഫ്ളാറ്റ് താമസത്തിനായി കിട്ടിയത് തന്നെ വലിയ കാര്യമാണെന്ന് അവൾക്കറിയാം.

ഹരിതയെ ഏറ്റവും കൂടുതൽ വിഷമിപ്പിച്ചത് വീട്ടുവളപ്പിലെ ഔഷധച്ചെടികളുടെ നഷ്ടമാണ്. ബോട്ടണി പഠിക്കാൻ തന്നെ പ്രേരിപ്പിച്ച ചെടികൾപോലും നശിപ്പിച്ചു കളഞ്ഞല്ലോ എന്നോർത്ത് അവൾ വല്ലാതെ ദുഃഖിച്ചു.

പണ്ട് തന്റെ ഗ്രാമത്തിൽ നിന്ന് മഹാരാജാസ് കോളേജിൽ ബോട്ടണി പഠിക്കാനായി എറണാകുളത്തെത്തിയപ്പോൾ ആ മഹാനഗരം കണ്ട് അവൾ അദ്ഭുതംകൂറി നിന്നുപോയിട്ടുണ്ട്. അവിടുത്തെ വലിയ വലിയ കെട്ടിട സമുച്ചയങ്ങൾ, ഷോപ്പിങ് കോംപ്ലക്സുകൾ ഇവയെല്ലാം അവളിലെ ആശ്ചര്യത്തെ വർദ്ധിപ്പിച്ചു.

എന്നാൽ ഇന്ന് തന്റെ ഗ്രാമവും ഏതാണ്ട് ആ സാഹചര്യത്തിലേക്കാണ് നീങ്ങിക്കൊണ്ടിരിക്കുന്നതെന്ന് ഹരിത ഓർത്തു. അവൾ ഒന്നു ദീർഘമായി നിശ്വസിച്ചു. ഇടിയുടെയും മിന്നലിന്റെയും ശക്തി കുറഞ്ഞെങ്കിലും മഴ ശക്തമായി പെയ്യുന്നുണ്ടായിരുന്നു.

ഹരിത ടി.വി. യുടെ പ്ലഗ്ഗ് കുത്തി സ്വിച്ച് ഓൺ ചെയ്തു. സോഫയിലേക്ക് അലക്ഷ്യമായി വലിച്ചെറിഞ്ഞിരുന്ന റിമോട്ട് എടുത്ത് വാർത്താ ചാനൽ വെച്ചു. അതിൽ ന്യൂസ് റീഡർ പറയുന്നത് ഹരിത കേട്ടു:

"കേരളത്തിൽ കനത്ത മഴ, പ്രധാന നഗരങ്ങൾ വെള്ളത്തിൽ, പല പ്രദേശങ്ങളിലും ഉരുൾപൊട്ടലുണ്ടായതായി റിപ്പോർട്ട്. ഹരിത പിന്നെയും ദീർഘമായൊന്ന് നിശ്വസിച്ചു.

'ഇല്ല കലിയടങ്ങിയിട്ടില്ല'.



# ഏറ്റവും കൂടുതൽ ഉത്തരവാദിത്തത്തോടെ ചെയ്യേണ്ട കർമ്മമാണ് ബാലസാഹിത്യരചന – പെരുമ്പടവം ശ്രീധരൻ

ഡിസംബർ 27, 28 തീയതികളിൽ തിരുവനന്തപുരത്തായിരുന്നു ശില്പശാല



ഏറ്റവും കൂടുതൽ ഉത്തരവാദിത്തത്തോടെ ചെയ്യേണ്ട കർമ്മമാണ് ബാലസാഹിത്യരചനയെന്ന് പെരുമ്പടവം ശ്രീധരൻ. കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് തിരുവനന്തപുരം ഓർത്തഡോക്സ് സ്റ്റുഡന്റ്സ് സെൻററിൽ 2022 ഡിസംബർ 27, 28 തീയതികളിൽ നടത്തിയ രണ്ടുദിവസത്തെ ബാലസാഹിത്യശില്പശാല ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

ബാലസാഹിത്യത്തിൽ ഗൗരവപൂർണമായ ഒരു സമീപനമുണ്ടാകേണ്ടിയിരിക്കുന്നു. ബാലസാഹിത്യം ഉത്തരവാദിത്തമുള്ള ഒരു കാര്യമായിട്ടാണ് ഞാൻ കണക്കാക്കുന്നത്. നോവലോ കഥയോ എഴുത്തുകാർക്ക് അവരുടെ മനോഭാവമനുസരിച്ച് എഴുതാം. അവർക്ക് അതിനുള്ള സ്വാതന്ത്ര്യമുണ്ട്. കുട്ടികളുടെ കാര്യത്തിൽ ഈ ഉപേക്ഷ പാടില്ല. കുട്ടികളുടെ കാര്യത്തിൽ നാം കൂടുതൽ ശ്രദ്ധിക്കേണ്ടതുണ്ട്. അദ്ദേഹം പറഞ്ഞു.

ചടങ്ങിൽ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ പള്ളിയറ ശ്രീധരൻ അധ്യക്ഷനായിരുന്നു. അസിസ്റ്റന്റ് എഡിറ്റർ രാധികാദേവി റ്റി ആർ സ്വാഗതവും സെലിൻ ജെ എൻ നന്ദിയും പറഞ്ഞു.

ബാലസാഹിത്യരചനയിലെ ആധുനിക സങ്കേതകങ്ങൾ എന്ന വിഷയത്തിൽ ഡോ. അച്യുത്ശങ്കർ എസ് നായർ, കവിതയിലെ പുതുവഴികൾ എന്ന വിഷയത്തിൽ ഡോ. സാബു കോട്ടുക്കൽ, കുട്ടിക്കഥകളിലെ പുതിയ മാനവികതയും ഭാഷയും എന്ന വിഷയത്തിൽ ജി ആർ ഇന്ദുഗോപൻ, ബാലസാഹിത്യം – മാറേണ്ടുന്ന കാഴ്ചപ്പാടുകൾ എന്ന വിഷയത്തിൽ കെ ജയകുമാർ ഐ എ എസ്, ബാലസാഹിത്യം സൈബർയുഗത്തിൽ എന്ന വിഷയത്തിൽ ഡോ. പി സോമൻ എന്നിവർ ക്യാമ്പ് അംഗങ്ങളോടു സംവദിച്ചു.

അംഗങ്ങളുടെ രചനകളെ ആസ്പദമാക്കിയുള്ള ചർച്ചയും മെച്ചപ്പെടുത്തലും അവലോകനവും രണ്ടു ദിവസങ്ങളിലായി നടന്നു. 28നു വൈകിട്ടുനടന്ന സമാപനച്ചടങ്ങിൽ ക്യാമ്പ് അംഗങ്ങൾക്കുള്ള സർട്ടിഫിക്കറ്റുകൾ ഡയറക്ടർ പള്ളിയറ ശ്രീധരൻ സമ്മാനിച്ചു. ■



Printed and Published by **Palliyara Sreedharan** for the Kerala State Institute of Children's Literature, Thiruvananthapuram, Ph: 2333790.
Typset and Graphics: Thaliru Graphics, Printed at MATS PRINT PACK, Cheemsandra, Bangalore.

# തളിര് സ്കോളർഷിപ്പ് – ജില്ലാതല വിതരണം

ഇടുക്കി, കോട്ടയം ജില്ലകളിൽ നേരിട്ട് വിതരണം നടന്നു.

**കേരള** സർക്കാർ സാംസ്കാരിക വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് കുട്ടികൾക്കായി നടത്തിയ തളിര് സ്കോളർഷിപ്പ് മത്സരവിജയികൾക്കുള്ള സമ്മാനവിതരണം ആരംഭിച്ചു.

ഇടുക്കി ജില്ലയിലെ മത്സരവിജയികൾക്കുള്ള സർട്ടിഫിക്കറ്റ് വിതരണം തൊടുപുഴ, കരിമണ്ണൂർ സെന്റ് ജോസഫ്സ് സ്കൂളിൽ 11/01/2023 നടന്നു. ഇടുക്കി റവന്യൂ ഡി ഡി ഇ ബിന്ദു കെ അധ്യക്ഷയായ ചടങ്ങിൽ ഇളംദേശം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് മാത്യു കെ ജോൺ പരിപാടി ഉദ്ഘാടനം ചെയ്തു. മുഖ്യാതിഥിയായി തൊടുപുഴ ന്യൂമാൻ കോളേജ് പ്രിൻസിപ്പാൾ ഡോ. ബിജിമോൾ തോമസ് പങ്കെടുത്തു. തൊടുപുഴ ഡി ഇ ഒ




ശ്രീലത ഇ എസ്, ഫാ. സ്റ്റാൻലി പുൽപ്രയിൽ, ലിയോ കുന്നപ്പിള്ളിൽ, സുബിൻ കെ സുഭാഷ് എന്നിവർ ആശംസകളർപ്പിച്ചു. സോബിൻ കുമാർ കെ.എസ് നന്ദി രേഖപ്പെടുത്തി.

മറ്റു ജില്ലകളിലെ മത്സരവിജയികളായ കുട്ടികളുടെ അക്കൗണ്ടിലേക്ക് സ്കോളർഷിപ്പ് തുക കൈമാറും. സർട്ടിഫിക്കറ്റുകൾ തപാൽ വഴി അയച്ചുകൊടുക്കുകയും ചെയ്യും. ■

# നിയമസഭാ പുസ്തകോത്സവം

ജനുവരി 9 മുതൽ 15 വരെ

**കേരള** നിയമസഭാ ലൈബ്രറി ശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായി കേരള നിയമസഭാ സമുച്ചയത്തിൽ 2023 ജനുവരി 9 മുതൽ 15വരെ സംഘടിപ്പിച്ച അന്താരാഷ്ട്ര പുസ്തകോത്സവത്തിൽ കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടും പങ്കാളിയായി.

വായനയാണു ലഹരി എന്ന കാഴ്ചപ്പാടോടെ നടന്ന പുസ്തകമേളയിൽനിന്ന് ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച ഏഴുലക്ഷത്തോളം രൂപയുടെ പുസ്തകങ്ങളാണ് കുട്ടികളിലേക്കും കേരളത്തിലെ വിവിധ വായനശാലകളിലേക്കും എത്തിച്ചേർന്നത്.

ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച ഇരുന്നൂറ്റമ്പതോളം പുസ്തകങ്ങ




ളാണ് മേളയിൽ പ്രദർശിപ്പിച്ചിരുന്നത്. ഏറെ ആവേശത്തോടെയായിരുന്നു ഈ പുസ്തകങ്ങളെ കുട്ടികളും മുതിർന്നവരും അടക്കമുള്ള സന്ദർശകർ ഏറ്റെടുത്തത്. ■

**THALIRU** (monthly)
Children's Magazine
Licensed to post without prepayment under no. KL/TV (N)/ WPP/11/2021-2023

RNI No. 20076/70
Regd KL/TV (N)/399/2021-2023 | Published on 29-01-2023 | February 2023 Vol:30, Issue:2, ₹25

## തളിര് മാസിക തപാലിൽ ലഭിക്കാൻ

**വാർഷികവരിസംഖ്യയായ 250 രൂപ**
**ബാങ്ക് ട്രാൻസ്ഫർ/മണിയോർഡർ/ഡിഡി ആയി അയക്കുക.**

**ACCOUNT NUMBER : 30583524448 | IFS Code : SBIN0004360**
**BANK: SBI - SPL PBB, THIRUVANANTHAPURAM**

ഓൺലൈൻ ട്രാൻസ്ഫർ മുഖേന വരിസംഖ്യ അടയ്ക്കുമ്പോൾ താമസം കൂടാതെ മാസിക ലഭിക്കുന്നതിനായി ബാങ്ക് ട്രാൻസ്ഫർ വിവരങ്ങളും മാസിക ലഭിക്കേണ്ട പൂർണ്ണവിലാസം (പിൻകോഡും മൊബൈൽനമ്പറും ഉൾപ്പെടെ) കാണിച്ച് ഇൻസ്റ്റിറ്റ്യൂട്ടിലേക്ക് ഒരു കത്ത്/ ഇമെയിൽ (thaliru@ksicl.org) കൂടി അയക്കേണ്ടതാണ്. **8547971483** എന്ന നമ്പറിലേക്ക് വാട്സ്ആപ്പ് ആയും റസീപ്റ്റും വിലാസവും അയക്കാവുന്നതാണ്.


വര: വെങ്കി